# പഞ്ചായത്ത്‌രാജ്

പുസ്തകം 54 ◆ ലക്കം 10

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2015




## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

ജനുവരി 2015


# ഉള്ളടക്കം


5 **എഡിറ്ററുടെ പേജ്**

6 **സുരക്ഷിത ഭക്ഷണം ജനതയുടെ അവകാശം**
ഡോ. എം.കെ. മുനീർ



8 **കേരളം 2014–ൽ**
ഡോ. എം.വി. തോമസ്

11 **രാജ്യത്തിന് മാതൃകയായി കുടുംബശ്രീയുടെ പ്രൊഡ്യൂസർ കമ്പനി**
ടി. ഷാഹുൽ ഹമീദ്



14 **പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ പൊതുജന സമ്പർക്ക പരിപാടി**

17 **സ്ത്രീ പ്രകൃതി സമാനതകൾ ഒരു പാരിസ്ഥിതികദർശനം**
ശ്രീലാറാണി. എം.എസ്.

20 **ഗ്രാമപഞ്ചായത്തുകളിലൂടെ**


23 **പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും**
ഉദയഭാനു കണ്ടേത്ത്

25 **നാദാപുരം ഗ്രാമപഞ്ചായത്ത് വികസനപാതയിൽ**



29 **വയലോരത്തെ വലിയ വിശേഷങ്ങൾ**

31 **കാലഘട്ടത്തിന്റെ വിജയവും ചിന്തകളും**
രജനി ബാബു



34 **ആരോഗ്യമേഖലയിൽ ഓമല്ലൂർ മാതൃക**



36 **ദേശീയ ഗെയിംഗ് നടക്കുന്ന പ്രധാന വേദികൾ**



38 **പദ്ധതി അവലോകന യോഗം**

39 **പദ്ധതി വിനിയോഗം 100 ശതമാനമാക്കാൻ എല്ലാ ഗ്രാമപഞ്ചായത്തും ശ്രമിക്കണം : ഡോ. എം.കെ. മുനീർ**



# പ്രാദേശികഭരണത്തെക്കുറിച്ച് 50,000 പ്ലസ്ടു വിദ്യാർത്ഥികൾക്ക് കില പരിശീലനം നൽകുന്നു

പ്രാദേശികഭരണത്തെക്കുറിച്ച് 50,000 (അമ്പതിനായിരം) പ്ലസ് ടു സ്കൂൾ വിദ്യാർത്ഥികൾക്ക് കില പരിശീലനം നൽകുന്നു. അധികാരവികേന്ദ്രീകരണത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് കൂടുതൽ അവബോധമുണ്ടാക്കുകയും പ്രാദേശികഭരണസംവിധാനത്തിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയുമാണ് പരിപാടിയുടെ ലക്ഷ്യം. ജനപങ്കാളിത്തം ക്രിയാത്മകമാക്കുന്നതിനു കില സംഘടിപ്പിച്ചുവരുന്ന വിജ്ഞാനവ്യാപന പരിപാടിയുടെ ഭാഗമാണിത്. തെരഞ്ഞെടുക്കപ്പെട്ട ഇരുന്നൂറിൽ പരം ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കാണ് 25 മുതൽ പരിശീലനം നൽകുന്നത്. ഓരോ സ്കൂളിലും 45 മിനിറ്റ് ദൈർഘ്യമുള്ള അധികാരം ജനങ്ങളിലേക്കു എന്ന വീഡിയോ പ്രദർശനത്തിനുശേഷം നടത്തുന്ന എഴുത്തുപരീക്ഷയിൽ 1,2,3 സ്ഥാനങ്ങൾ നേടുന്നവരെ ജില്ലാതലത്തിൽ നടക്കുന്ന പ്രശ്നോത്തരിയിലേക്കു തെരഞ്ഞെടുക്കും. ജില്ലാതലത്തിൽ ഉന്നത വിജയം നേടുന്നവർ സംസ്ഥാനതല പ്രശ്നോത്തരിയിൽ പങ്കെടുക്കാൻ അർഹത നേടും. 14 ജില്ലകളിൽനിന്ന് ഓരോ സ്കൂൾ വീതമാണ് സംസ്ഥാനതലത്തിലെത്തുക. അവർക്കു വീണ്ടും എഴുത്തുപരീക്ഷ നടത്തി അതിൽനിന്ന് മികച്ച ആറു ടീമുകളെ ഫൈനൽ റൗണ്ടിലേക്കു തെരഞ്ഞെടുക്കും. വിജയികൾക്കു ട്രോഫിയും സർട്ടിഫിക്കറ്റും നൽകും.

പരിശീനത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്താൻ കിലയിൽ ചേർന്ന ജില്ലാകോർഡിനേറ്റർമാരുടേയും റിസോഴ്സ് ടീമംഗങ്ങളുടേയും സംസ്ഥാനതല യോഗം കില ഡയറക്ടർ ഉദ്ഘാടനം ചെയ്തു. പരിശീലനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം എസ്.എം.വി ഹയർ സെക്കണ്ടറി സ്കൂളിൽ വിദ്യാഭ്യാസവകുപ്പുമന്ത്രി പി.കെ. അബ്ദുറബ്ബ് നിർവഹിച്ചു. പ്രാദേശികഭരണസംവിധാനത്തിൽ ഹയർ സെക്കണ്ടറിസ്കൂൾ വിദ്യാർത്ഥികൾക്കുള്ള വിജ്ഞാനവ്യാപന പരിപാടി സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുമെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി പറഞ്ഞു. പരിശീലനത്തിനു തയ്യാറാക്കിയ ഡി.വി.ഡിയുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ മുരുകൻ കാട്ടാക്കട അദ്ധ്യക്ഷനായിരുന്നു.കില ഡയറക്ടർ ഡോ.പി.പി.ബാലൻ, കോഴ്സ് ഡയറക്ടർ ഡോ. ജെ.ബി.രാജൻ എന്നിവർ സംസാരിച്ചു. ഉദ്ഘാടനത്തിനുശേഷം സ്കൂളിൽ നടന്ന പരിശീലനപരിപാടിക്കു ജില്ലാ കോർഡിനേറ്റർ രമേശ്ബാബു, ഡോ.വിനോദ്, പ്രതാപ്സിംഗ് തുടങ്ങിയവർ നേതൃത്വം നൽകി.



]-cn-io-e-\-¯p-\p-th|n X-¿m-dm-¡n-b Un.-hn.-Un-bp-sS
{]-Im-i-\w a-{´n ]n-sI.-A-_v-Zp-d-ºv \nÀ-h-ln-¡p-¶p



{]m-tZ-in-I-`-c-W-s¯-¡p-dn-¨v I-bÀ sk-¡|-dn kv-IqÄ hn-ZymÀ-°n-IÄ-¡v \Â-Ip-¶ ]-cn-io-e-\-¯n-sâ H-cp-¡-§Ä
hn-e-bn-cp-¯m³ In-e-bnÂ tNÀ-¶ kw-Øm-\-X-e tbm-Kw In-e U-b-d-Iv-SÀ tUm.-]n.-]n.-_m-e³ D-Zv-Lm-S-\w sN-¿p-¶p.

# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2015 | പുസ്തകം 54 | ലക്കം 10 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in

# എഡിറ്റോറിയൽ

2014ന് വിട ചൊല്ലി, 2015 പുതുവത്സരത്തെ നാം ആഹ്ലാദത്തോടെ വരവേറ്റു കഴിഞ്ഞു. കേരള ചരിത്രത്തിലെ ഏറ്റവും വലിയ കായിക മത്സരത്തിന് തയ്യാറെടുക്കുന്ന തിരക്കിലാണ് കേരളം. 35-ാം ദേശീയ ഗെയിംസ് 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി കേരളത്തിൽ വിവിധ വേദികളിലായി നടത്തപ്പെടുകയാണ്. ദേശീയ ഗെയിംസിന് ആവേശമാകാൻ "റൺ കേരള റൺ" നമ്മുക്കും പങ്കാളിയാകാം.

2015 പുതുവർഷം എന്നതിലുപരി ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് പുതിയ ഭരണസമിതികളുടെ തെരഞ്ഞെടുപ്പ് വർഷം കൂടിയാണ്. നിലവിലുള്ള ഭരണസമിതികളുടെ കാലാവധി 2015 ഒക്ടോബർ 31 ന് അവസാനിക്കുകയാണ്. അതിന് മുമ്പായി ധാരാളം പ്രവൃത്തികൾ നിലവിലെ പഞ്ചായത്ത് ഭരണ സമിതികൾക്കു പൂർത്തീകരിക്കേണ്ടതുണ്ട്. പ്രധാനമായും വസ്തുനികുതി പരിഷ്കരണം, 2014-15 ലെ പദ്ധതി പൂർത്തീകരണം, 2015-16 ലെ പദ്ധതി ആസൂത്രണവും അംഗീകാരം വാങ്ങലും. ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുമ്പ് പുതിയ പദ്ധതികൾ പൂർത്തീകരിക്കൽ എന്നീ ഒട്ടേറെ കാര്യങ്ങൾ സമയബന്ധിതമായി ചെയ്തു തീർക്കേണ്ടതുണ്ട്. വസ്തുനികുതി പരിഷ്കരണം ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും ഭംഗിയായി പൂർത്തീകരിച്ച് അതുവഴി ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിൽ കാര്യമായ പുരോഗതി നേടിയപ്പോൾ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകൾ ഇക്കാര്യത്തിൽ വേണ്ടത്ര ഗൗരവം കാണിക്കാത്തതിനാൽ നികുതി പരിഷ്കരണ നടപടികൾ മന്ദഗതിയിൽ നടക്കുന്നതേയുള്ളു. ഇത് തികച്ചും കൃത്യവിലോപമായി കാണുന്നു. ദീർഘകാലമായി നടപ്പിലാകാതെ കിടന്ന വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തുകളിൽ പൊതുജനങ്ങൾ നൽകിയ സ്വീകാര്യത നാം കാണേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ വികസന പ്രവർത്തനങ്ങൾക്ക് എക്കാലവും ജനറൽ പർപ്പസ് ഫണ്ടും പ്ലാൻ ഫണ്ടും ലഭ്യമാക്കുമെന്നുള്ള ധാരണയും തിരുത്തേണ്ടതാണ്. തനതു വരുമാനം വർദ്ധിപ്പിച്ച് വികസന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ നമുക്ക് കഴിയണം. പല ഗ്രാമപഞ്ചായത്തുകളും 100 ശതമാനം നികുതിയും പിരിച്ചെടുത്തപ്പോൾ ചില സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നികുതി പിരിവ് പൂർത്തീകരിക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ നടപടികൾക്ക് ന്യായീകരണമില്ല.

തെരുവ് വിളക്കുകൾ പരിപാലനം സംബന്ധിച്ച് പല ഗ്രാമപഞ്ചായത്തുകളിലും വിവിധങ്ങളായ പ്രശ്നങ്ങൾ നിലനിൽക്കുന്നതായി മനസ്സിലാക്കുന്നു. ഇതു സംബന്ധിച്ച് കാലാകാലങ്ങളിൽ നൽകപ്പെട്ട നിർദ്ദേശങ്ങൾ പാലിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്. കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകൾ പരിപാലനം സംബന്ധിച്ച് തയ്യാറാക്കിയ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതു മാതൃകയായി മറ്റ് ഗ്രാമപഞ്ചായത്തുകൾക്കും സ്വീകരിക്കാവുന്നതാണ്. വാഹനം, രണ്ട് തൊഴിലാളികൾ എന്ന സംവിധാനം തെരുവ് വിളക്ക് പരിപാലനത്തിനായി കൂടുതൽ ഗ്രാമപഞ്ചായത്തുകൾക്ക് കൂട്ടായി ഉപയോഗിക്കാൻ കഴിയണം.

കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ 35 ശതമാനം പദ്ധതി വിനിയോഗം സാധ്യമായിരുന്നെങ്കിൽ ഈ വർഷം നാം 32 ശതമാനത്തിൽ എത്തി നിൽക്കുന്നതേയുള്ളു.

ഇനിയുള്ള മാസങ്ങളിൽ നാം കൂടുതൽ ശ്രദ്ധിച്ചാൽ കഴിഞ്ഞ വർഷത്തെക്കാളും കൂടുതൽ പദ്ധതി വിനിയോഗം സാധ്യമാകും. അതിനുവേണ്ടി കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്. അതോടൊപ്പം 01-04-2015ൽ തന്നെ 978 ഗ്രാമപഞ്ചായത്തുകളുടേയും 2015-16ലെ പദ്ധതികൾക്ക് അംഗീകാരം നേടി പ്രവർത്തനം ആരംഭിക്കാൻ നമുക്കു കഴിയണം. ആദ്യമായി ബഡ്ജറ്റിൽ പദ്ധതി അടങ്കൽ തുക ഉൾപ്പെടുത്താൻ കഴിയുന്ന തരത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്. നിരന്തരം ഇംപ്ലിമെന്റിംഗ് ആഫീസർമാരുടെ യോഗം കൂടി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി 2015-16ലെ പദ്ധതികൾ ഈ ഭരണസമിതിയുടെ കാലഘട്ടത്തിൽ തന്നെ പൂർത്തീകരിക്കാൻ വേണ്ട കൂട്ടായ ശ്രമം ഉണ്ടാകണം.

**എ. സെയിദ്**
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ
**ജയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**എ. സെയിദ്**
പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്)

എഡിറ്റർ
**എ. സെയിദ്**
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

# സുരക്ഷിത ഭക്ഷണം ജനതയുടെ അവകാശം

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി



ഇന്നത്തെ ജീവൽപ്രശ്നമാണ് സുരക്ഷിത ഭക്ഷണം. കേരളത്തിന്റെ ഏറ്റവും വലിയ ഈ സമകാലിക പ്രശ്നത്തെ നേരിടാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ പല കേന്ദ്രങ്ങളിൽ നിന്നും ഉയർന്നുവരുന്നുണ്ട്. കൃഷിവകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണവകുപ്പ് എന്നിവയുടെ സംയുക്തമായ ഒരു കർമ്മപരിപാടി സുരക്ഷിത ഭക്ഷണം സാധ്യമാക്കാൻ ആവശ്യമാണ്. കഴിക്കുന്ന ഭക്ഷണം സുരക്ഷിതമാണോ എന്ന് മിക്കപ്പോഴും മേശമേൽ പ്രത്യക്ഷപ്പെടുമ്പോൾ മാത്രമേ നാം ചിന്തിക്കാറുണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് സ്ഥിതി മാറി. മാംസഭക്ഷണത്തിന്റെ കാര്യത്തിലാണെങ്കിൽ മൃഗങ്ങളുടെയും പക്ഷികളുടെയും വളർത്തുകേന്ദ്രങ്ങൾ മുതൽ ജാഗ്രത വേണം. നല്ല തീറ്റ ഭക്ഷിച്ച് വൃത്തിയും വെടിപ്പുമുള്ള വളർത്ത് ഇടങ്ങളിൽ രോഗവിമുക്തമായി വളർത്തിയെടുക്കുന്ന പക്ഷികളുടെയും മൃഗങ്ങളുടെയും മാംസം മാത്രമേ ഉപയോഗിക്കാൻ നൽകുകയുള്ളൂ എന്ന സ്ഥിതി ഉറപ്പാക്കിയാൽത്തന്നെ പോഷകസമൃദ്ധവും ശുദ്ധവുമായ മാംസാഹാരത്തിന്റെ ലഭ്യതയിൽ തുടക്കം കുറിക്കാനാവും. അന്യസംസ്ഥാനങ്ങളിൽ നിന്നും മറ്റും വടികൊണ്ട് അടിച്ചടിച്ച് ഉപദ്രവിവിച്ച് ദീർഘനേരം നടത്തിച്ച് ഇവിടെയെത്തിക്കുന്ന മാടുകളുടെ മുറിവ് പലപ്പോഴും അണുബാധയുള്ളതായിരിക്കും. അതുപോലെ resodual limitന് അപ്പുറമുള്ള ആന്റിബയോട്ടിക്സും ഗ്രോത്ത് ഹോർമോണും കുത്തിവച്ച ജീവികളുടെ മാംസം ഉപയോഗിക്കുന്നത് കൊണ്ട് മനുഷ്യശരീരത്തിന്റെ ഇമ്മ്യൂൺ സിസ്റ്റത്തെത്തന്നെ അത് ഏറ്റവും ദോഷകരമായി ബാധിക്കും. ചിക്കൻ 65 ഒക്കെ ചിലപ്പോൾ ഹോർമോൺ കുത്തിവച്ച് 45ഉം 35ഉം ആവുന്നുണ്ട് എന്ന വാർത്തകൾ നാം അറിയുന്നു. കണ്ണൂർ ജില്ലയിലാണ് കേരളത്തിൽ ഏറ്റവും അധികം ക്യാൻസർ രോഗികൾ ഉള്ളത് എന്ന് ചില കണക്കുകൾ സൂചിപ്പിക്കുന്നു. എന്താണിതിന് കാരണം? ദഹനേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട ക്യാൻസർ വർദ്ധിക്കുന്നത് വലിയ ഒരു അളവോളം ആഹാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ച് മാംസാഹാരവുമായി. പച്ചക്കറി കഴിക്കാൻ ജനം ഭയക്കുന്ന അവസ്ഥ



യാണിന്നുള്ളത്. എന്നാൽ സ്വന്തം കൃഷിയിടങ്ങളിലോ മട്ടുപ്പാവിലോ ഒരു കുടുംബത്തിന് ആവശ്യമുള്ള പച്ചക്കറി മനസ്സ് വച്ചാൽ കൃഷി ചെയ്തെടുക്കാൻ കഴിയുമെന്നിരിക്കേ, അന്യസംസ്ഥാന പച്ചക്കറികളെ അമിതമായി ആശ്രയിക്കുന്നതിൽ നമ്മുടെ ഉദാസീനത കൂടി ഉണ്ടെന്ന് വ്യക്തമാണ്. ഇത് ഭൂഷണമല്ല. നമ്മൾ ഇച്ഛാശക്തി പ്രകടിപ്പിച്ചാൽ വിഷമുക്തമായ പച്ചക്കറികൾ നമുക്ക് തന്നെ ഉൽപ്പാദിപ്പിക്കാം. കൃഷി വകുപ്പും കുടുംബശ്രീയും മറ്റും ഇതിനാവശ്യമായ സഹായ സഹകരണങ്ങൾ നൽകുന്നുണ്ട്. അത് പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്. പച്ചക്കറി വിഷവിമുക്തമാക്കുന്ന ഓസോൺ വാഷ് മുതലായ സാങ്കേതികവിദ്യ കേരളത്തിൽ പ്രചാരത്തിലായിട്ടില്ല. ശുദ്ധമായ കുടിവെള്ളം, മാലിന്യവിമുക്തമായ പരിസരവും പരിസ്ഥിതിയും എന്നിവ ഭക്ഷണം സുരക്ഷിതമാക്കുന്നതിനുള്ള അടിസ്ഥാന ഘടകങ്ങളാണ്.

വീട്ടിന് പുറത്ത് നിന്ന് ഭക്ഷണം കഴിക്കുന്നവരാണ് ഭക്ഷണത്തിന്റെ ശുദ്ധിയിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടത്. പാക്ക്ഡ് ഫുഡ് ആണെങ്കിൽ അവ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾ നിലവാരമുള്ളതും ഭക്ഷണം നിർമ്മിക്കുന്നത് നിയമാനുസൃതമുള്ള മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുമാണോ എന്നുള്ളത് ഉറപ്പാക്കണം. കാനകളുടെ മുകളിൽ തട്ടിക്കൂട്ടിയ തട്ടുകടകളിൽ നിന്ന് വീണ്ടും വീണ്ടും ഉപയോഗിക്കുന്ന എണ്ണയിൽ പാകം ചെയ്യുന്ന ഭക്ഷണം ഉപയോഗിക്കാൻ നമുക്ക് മടിയില്ല. മറ്റ് ഭക്ഷണശാലകളാണെങ്കിലും പാചകം ചെയ്യുന്ന ഇടവും പരിസരവും വൃത്തിയും വെടിപ്പും ഉള്ളതായിരിക്കണമെന്ന് നിഷ്കർഷിക്കാൻ കഴിയുക തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. നിലവാരം പുലർത്താത്തവയ്ക്ക് ലൈസൻസ് നൽകാതിരിക്കുകയും നിലവാരമുള്ളവയ്ക്ക് നൽകുകയും ചെയ്യാം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന ചുമതലകളിൽ ഒന്നാണ് ഭക്ഷണത്തിന്റെ ശുചിത്വം. മിക്കപ്പോഴും തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ ഉത്തരവാദിത്തം പൂർണ്ണമായി നിറവേറ്റുന്നില്ല. നമ്മുടെ കാർഷിക കോളജുകൾ, വെറ്ററിനറി കോളജുകൾ, ഫുഡ് ടെക്നോളജി കോളജുകൾ എന്നിവിടങ്ങളിൽ നിന്ന് യോഗ്യത നേടി പുറത്തു വരുന്ന യുവാക്കളെ ഉപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭക്ഷണ ശാലകളിലെ മാത്രമല്ല ഉൽപ്പന്ന വിൽപ്പന കേന്ദ്രങ്ങളിൽപ്പോലും മാംസത്തിന്റെയും പച്ചക്കറിയുടെയും ഉപയോഗക്ഷമതയും മാലിന്യ മുക്തതയും ഉറപ്പാക്കാൻ കഴിയും. നിരോധിച്ച വളങ്ങളും കാലിത്തീറ്റകളും വിൽക്കുന്നുണ്ടോ എന്ന പരിശോധനയും ഇപ്പോൾ ആവശ്യമാണ്. ഹോട്ടലിൽ നിന്ന് പഴകിയ ഭക്ഷണം പിടിച്ചെടുക്കുന്നത് മാത്രമല്ല സുരക്ഷിത ഭക്ഷണം ഉറപ്പാക്കാൻ ചെയ്യേണ്ടത്. അതിന് മുമ്പുള്ള നടപടികൾക്ക് കൂടുതൽ പ്രാധാന്യം നൽകണം. ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കണം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആധുനിക അറവ്ശാലകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി നമുക്കുണ്ട്. ശുചിത്വ മിഷന്റെ ഉദാരമായ സാമ്പത്തിക-സാങ്കേതിക സഹകരണങ്ങൾ ഇതിനുണ്ട്. മുന്നോട്ടുവരുന്ന എല്ലാ പഞ്ചായത്തുകൾക്കും ഫണ്ടും നൽകും. എന്നാൽ സ്ഥല ലഭ്യത ഇല്ല എന്ന കാരണത്താൽ പല പഞ്ചായത്തുകൾക്കും ഈ പദ്ധതി ഏറ്റെടുക്കാൻ കഴിയുന്നില്ല. മൃഗങ്ങളുടെ ശുചിത്വത്തിലും രോഗാണുരഹിതമായ മാംസ ലഭ്യതയിലും ഈ പദ്ധതി സഹാകരമാണ്. 16 ആധുനിക മാതൃകാ അറവ് ശാലകൾ ഇപ്പോൾ കേരളത്തിൽ നിർമ്മാണത്തിലുണ്ട്.

ഭക്ഷ്യസുരക്ഷാ കമ്മിഷണറേറ്റിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കാർഷിക വെറ്ററിനറി സർവകലാശാലകളും ആവശ്യമായ പിന്തുണയും സഹകരണവും നൽകിയും ഒരു വ്യാപകമായ ബോധവൽക്കരണ പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കിയും സുരക്ഷിത ഭക്ഷണം ഒരു പ്രഹേളികയല്ല; അത് അനുഗ്രഹമാണ് എന്ന് തെളിയിക്കാൻ നമുക്ക് കഴിയും. ആരോഗ്യകരമായി ജീവിക്കാനുള്ള അവകാശം പൗരാവകാശമാണ്. അതിനുള്ള അടിസ്ഥാന പരമായ ഘടകങ്ങളിൽ പ്രധാനപ്പെട്ടത് കലർപ്പില്ലാത്ത ഭക്ഷണമാണ്. അത് ഉറപ്പാക്കുന്നതിലൂടെ പൗരാവകാശത്തിന്റെ കൂടി സംരക്ഷണം ഉറപ്പാക്കാൻ കഴിയുന്നു. 2015 നമുക്ക് അങ്ങനെയുള്ള വർഷമാകട്ടെ.

lr-Zy-am-b]p-Xp-h-Ö-cm-iw-IÄ! ◆



ഡോ. എം.വി. തോമസ്

# കേരളം 2014-ൽ



ഇന്ത്യയിൽ ഏറ്റവുമധികം മദ്യവിനിയോഗമുണ്ടായിരുന്ന കേരളത്തിൽ 10 വർഷത്തിനകം സമ്പൂർണ്ണ മദ്യനിരോധനം സർക്കാർ പ്രഖ്യാപിക്കുകയും അത് ഘട്ടം ഘട്ടമായി നടപ്പാക്കാൻ നടപടികൾ ആരംഭിയ്ക്കുകയും ചെയ്തു എന്നതാണ് കേരളത്തെ സംബന്ധിച്ചിടത്തോളം 2014-ലെ ഏറ്റവും ശ്രദ്ധേയമായ സംഭവം. തുടർന്ന് കേരള ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് ഒക്ടോബർ 30ന് സർക്കാരിന്റെ മദ്യനയം അംഗീകരിച്ച് വിധിയെഴുതി. ആദ്യഘട്ടമായി 418 ബാറുകളാണ് പൂട്ടിയത്. അടുത്ത ഘട്ടമായി പഞ്ചനക്ഷത്രം ഒഴികെയുള്ള 292 ബാറുകൾ കൂടി പൂട്ടാൻ സർക്കാർ നോട്ടീസ് നൽകി. കേരളബാർ ഹോട്ടൽസ് അസോസിയേഷനും വിവിധ ബാറുടമകളും അപ്പീൽ ഹർജികൾ നൽകി. പുതിയ മദ്യനയം മൂലം ഏകദേശം 25,000 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതായും ടൂറിസം മേഖലയ്ക്ക് ക്ഷീണം തട്ടിയതായും ആവലാതി ഉയർന്നു. ഈ പശ്ചാത്തലത്തിൽ പൂട്ടിയ ബാറുകൾക്ക് ബീയർ-വൈൻ പാർലറുകൾ അനുവദിക്കാൻ സർക്കാർ സന്നദ്ധമായി. എന്നാൽ പ്രഖ്യാപിത മദ്യനയത്തിൽ നിന്ന് സർക്കാർ വ്യതിചലിയ്ക്കുകയില്ലെന്നും ബിവറേജസ് കോർപ്പറേഷന്റെ മദ്യ വില്പനശാലകളിൽ 10ശതമാനം വീതം ഓരോ വർഷവും അടച്ചു പൂട്ടുമെന്നും സർക്കാർ വ്യക്തമാക്കി. മദ്യത്തിന്റെ ലഭ്യതകുറച്ചും മദ്യത്തിനെതിരായി ശക്തമായ പ്രചാരണം നടത്തി മദ്യവർജനം പ്രോത്സാഹിപ്പിച്ചും സമ്പൂർണ്ണമദ്യനിരോധനം നടപ്പാക്കാനുള്ള ഈ പദ്ധതി കേരളീയ ജനതയ്ക്ക് ആശ്വാസം പകരുന്ന ഒന്നാണ്.

പതിനാറാം ലോക്സഭയിലേയ്ക്കുള്ള തെരഞ്ഞെ

ടുപ്പിന്റെ ഭാഗമായി കേരളത്തിലെ സമ്മതിദായകർ ഏപ്രിൽ പത്തിന് വോട്ട് രേഖപ്പെടുത്തി. ഇത്തവണത്തെ പോളിംഗ് നിരക്ക് 74.04 ശതമാനം ആയിരുന്നു. 2009-ലെ മുൻലോക്സഭാ തെരഞ്ഞെടുപ്പിൽ 73.37 ശതമാനം പേരാണ് വോട്ടുചെയ്തത്. അഞ്ച് ആഴ്ചത്തെ കാത്തിരിപ്പിനുശേഷം മെയ് 16-നാണ് ഫലം പുറത്തുവന്നത്. യു.ഡി.എഫിന് 12 സീറ്റും എൽ.ഡി.എഫിന് 8 സീറ്റും കിട്ടി.

ഇടുക്കിസമരം, സോളാർ തട്ടിപ്പ്, ബാർകോഴവിവാദം, ചുംബനസമരം, നില്പുസമരം, മാവോയിസ്റ്റ് ആക്രമണം, പെയ്മെന്റ് സീറ്റിന്റെ പേരിലുള്ള അച്ചടക്ക നടപടികൾ, രാഷ്ട്രീയ കൊലപാതകങ്ങൾ, രാഷ്ട്രീയ പാർട്ടികളിലെ ഭിന്നിപ്പുകൾ, അഴിമതി ആരോപണങ്ങൾ, രാഷ്ട്രീയ പ്രത്യാഘാതങ്ങൾ ഉളവാക്കുന്ന കോടതിവിധികൾ തുടങ്ങിയ സംഭവ വികാസങ്ങൾ കേരള രാഷ്ട്രീയത്തെ ഇളക്കി മറിച്ച വർഷമായിരുന്നു 2014. സാമ്പത്തിക പ്രശ്നങ്ങളും സർക്കാരിന് അഭിമുഖീകരിക്കേണ്ടിവന്നു. എങ്കിലും വികസന രംഗത്ത് പുതിയ കാൽവയ്പുകൾ നടത്താൻ കേരളത്തിന് കഴിഞ്ഞു.

ജീവിതനിലവാരത്തിലും വികസന പ്രക്രിയയിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ കേരളം മുന്നിൽ എത്തിനില്ക്കുന്നതായി വിവിധ ഏജൻസികൾ കണ്ടെത്തി. ഐ.ടി. മേഖലയിൽ കേരളം കൈവരിച്ച നേട്ടം ശ്രദ്ധേയമാണ്. ടൂറിസം, മീഡിയ, സ്പോർട്സ് തുടങ്ങിയ മേഖലകളിലും 2014 കേരളത്തിന് അഭിമാനിക്കാവുന്ന നേട്ടങ്ങളുണ്ടാക്കി. പാവപ്പെട്ടവർക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതികളാണ് എടുത്തു പറയേണ്ടമറ്റൊരിനം. കർഷക ഇൻഷ്വറൻസ് പദ്ധതി, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, കാരുണ്യാ ചികിത്സാസഹായ പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നിവ ദൃഷ്ടാന്തങ്ങളാണ്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുന്ന 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതി ഫെബ്രുവരി 15-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. സംസ്ഥാനത്ത് 12,000 വോളന്റിയർമാർ ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നു. കൊച്ചിയിലെ പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനൽ ജനുവരി 4-ന് രാഷ്ട്രത്തിന് സമർപ്പിച്ചു. 4,600 കോടി രൂപയാണ് ഇതിന്റെ മുതൽ മുടക്ക്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയിൽ തൊഴിലാളികൾക്കുള്ള കൂലി 180 രൂപയിൽ നിന്ന് 212 രൂപയായി വർദ്ധിപ്പിച്ചു. 24 മണിക്കൂറും ഫോൺമുഖേന ഡോക്ടറുടെ സേവനം ലഭ്യമാക്കുന്ന 'ഡയൽ എ ഡോക്ടർ' എന്ന സൗജന്യ സേവനം മാർച്ച് മൂന്നിന് നിലവിൽ വന്നു. ഭരണ കാര്യങ്ങളിൽ മലയാളം നിർബന്ധമായും ഉപയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചു. സമഗ്രഭാഷാ നിയമം പാസ്സാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സംസ്ഥാനത്ത് വനമേഖലയോട് ചേർന്നതും പരിസ്ഥിതി പ്രാധാന്യമേറിയതുമായ 45,000 ഏക്കറോളം ഭൂമി ഏറ്റെടുക്കുന്നതിനായി പാസ്സാക്കിയ പരിസ്ഥിതി ദുർബല പ്രദേശ നിയമത്തിന് ഹൈക്കോടതിയുടെ അംഗീകാരം ലഭിച്ചു. സംസ്ഥാനത്തെ ദേശീയ പാതകൾ വികസിപ്പിക്കുമ്പോൾ വീതി 45 മീറ്റർ തന്നെ വേണമെന്ന് സംസ്ഥാനസർക്കാർ തീരുമാനിച്ചു. നൂറുശതമാനം കുടുംബങ്ങൾക്കും ബാങ്ക് അക്കൗണ്ട് തുറന്ന കേരളം ഇന്ത്യയിൽ ആദ്യത്തെ സമ്പൂർണ്ണ ബാങ്ക് സേവനസംസ്ഥാനമായി.

സ്പോർട്സ് മേഖലയിൽ-വിശേഷിച്ചും ഫുട്ബോൾ മേഖലയിൽ- നവജീവൻ ഉണ്ടാക്കാൻ 2014-നു കഴിഞ്ഞു. ആദ്യത്തെ ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ ടൂർണമെന്റിൽ കേരള ബ്ലാസ്റ്റേഴ്സ് പ്രശംസനീയമായ പ്രകടനം കാഴ്ചവച്ചു. കൊച്ചിയിൽ നടന്ന മത്സരത്തിൽ പതിനായിരക്കണക്കിന് ആളുകൾ കളികാണാനെത്തിയത് കേരളത്തിൽ ഫുട്ബോൾ ഭ്രമം പുനർജനിച്ചതിന് സാക്ഷ്യമായി. എങ്കിലും മുംബൈയിൽ നടന്ന ഫൈനൽ മത്സരത്തിൽ കേരള ബ്ലാസ്റ്റേഴ്സ് പരാജയപ്പെട്ടു. ഏറ്റവും കൂടുതൽ മലയാളികൾക്ക് അർജ്ജുനാ അവാർഡ് ലഭിച്ച വർഷം കൂടിയാണ് 2014. ഈ വർഷം ടോം ജോസഫ്(വോളിബോൾ), ഗീതു ആൻജോസ് (ബാസ്ക്കറ്റ് ബോൾ), സജിതോമസ്(തുഴച്ചിൽ), വലിയവീട്ടിൽ ഡിജു (ബാഡ്മിന്റൻ), ടിന്റു ലൂക്കാ (അത്‌ലറ്റിക്സ്) എന്നിങ്ങനെ അഞ്ചുപേർക്കാണ് പ്രസ്തുത പുരസ്കാരം ലഭിച്ചത്. അന്താരാഷ്ട്ര പ്രശസ്തി നേടിയ സ്ക്വാഷ് പന്തുകളി താരമായ ദീപിക പള്ളിക്കലിന് പത്മശ്രീ ബഹുമതി കിട്ടി. 2015 ജനുവരി- ഫെബ്രുവരി മാസങ്ങളിൽ സംസ്ഥാനത്ത് നടക്കുന്ന 35-ാമത് നാഷണൽ ഗെയിംസിനുള്ള ഒരുക്കങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

2014-ൽ 148 മലയാള ചലച്ചിത്രങ്ങൾ റിലീസ് ചെയ്തു. എങ്കിലും അവയിൽ സാമ്പത്തികമായോ കലാപരമായോ വൻവിജയം കൈവരിച്ച ചിത്രങ്ങൾ തീരെ ഇല്ലെന്നു തന്നെ പറയാം. മഞ്ജുവാര്യരുടെ തിരിച്ചുവരവാണ് മലയാള ചലച്ചിത്രരംഗത്ത് ഏറെ ആഘോഷിക്കപ്പെട്ട സംഭവം. അവർ അഭിനയിച്ച 'ഹൗ ഓൾഡ് ആർ യു' ജനശ്രദ്ധനേടി. ടി.വി. ചന്ദ്രന്റെ 'ഭൂമിയുടെ അവകാശികൾ', ഷാജി എൻ. കരുണിന്റെ 'സ്വപാനം' എന്നിവ ഈ പ്രശസ്ത സംവിധായകരുടെ മുൻ ചിത്രങ്ങൾ പുലർത്തിയ നിലവാരത്തിന് എത്തിയില്ല. 'ബാംഗ്ലൂർ ഡെയ്സ്', 'ഇയ്യോബിന്റെ പുസ്തകം', 'അപ്പോത്തിക്കിരി', 'ഓം ശാന്തി ഓശാനാ', 'വെള്ളിമൂങ്ങ' തുടങ്ങിയ ചില വ്യത്യസ്ത ചിത്രങ്ങളും 'വില്ലാളി വീരൻ', 'രാജാധി രാജാ'തുടങ്ങിയ ഏതാനും പരമ്പരാഗത ചിത്രങ്ങളും മാത്രമാണ് തിയേറ്ററുകളിൽ അല്പമെങ്കിലും ചലനമുണ്ടാക്കിയത്. താരസംഘടനയായ അമ്മ യുടെ പ്രസിഡന്റും ചലച്ചിത്ര നടനുമായ ഇന്നസെന്റ് പാർലമെന്റ് അംഗമായി. കേരളത്തിൽ നിന്ന് ചലച്ചിത്ര മേഖലയുമായി ബന്ധപ്പെട്ട ഒരാൾ ഇന്ത്യൻ പാർലമെന്റിൽ അംഗമാവുന്നത് ഇതാദ്യമാണ്. 'ന്യൂസ് പേപ്പർ ബോയ്' സംവിധാനം ചെയ്ത പി. രാമദാസ്, ഹിറ്റ്മേക്കർ എന്ന നിലയിൽ പ്രശസ്തിനേടിയ സംവിധായകൻ ശശികുമാർ, പിന്നണി ഗായകൻ കെ.പി. ഉദയഭാനു, മലയാള സിനിമയുമായി ബന്ധം പുലർത്തിയിരുന്ന ദേശീയ അവാർഡ് നേടിയ ഛായാഗ്രാഹകനും സംവിധായകനുമായ ബാലു മഹേന്ദ്ര, സ്റ്റിൽ ഫോട്ടോഗ്രാഫറും നടനുമായിരുന്ന എൻ.എൻ. ബാലകൃഷ്ണൻ എന്നിവർ 2014-ൽ അന്തരിച്ചു. സുരാജ് വെഞ്ഞാറമൂടിന് മികച്ച നടനുള്ള ദേശീയ അവാർഡ് ലഭിച്ചു. മികച്ച ചിത്രത്തിനുള്ള സംസ്ഥാന അവാർഡ് സുദേവൻ സംവിധാനം ചെയ്ത 'സി.ആർ. നമ്പർ 89' നേടി.

2014-ൽ പല പുതിയ ടി. വി. ചാനലുകളും പ്രവർത്തനമാരംഭിച്ചു. ടി.വി. ന്യൂ, സഖി ടി.വി., വിസ്മയ ടി.വി.,

പ്രഭാതം ടി.വി., ടുഡേ ടി.വി. എന്നിവയാണ് ഇവയിൽ പ്രധാനപ്പെട്ടവ. കേരള പ്രസ്സ് അക്കാദമിയുടെ പേര് കേരള മാധ്യമ അക്കാദമി എന്ന് മാറ്റി. 2014-ലെ സ്വദേശാഭിമാനി- കേസരി അവാർഡ് പ്രശസ്ത പത്രപ്രവർത്തകനായ ബി. ആർ.പി. ഭാസ്കറിന് ലഭിച്ചു. ചലച്ചിത്ര സംവിധായകൻ രാജീവ്നാഥ് ചലച്ചിത്ര അക്കാദമിയുടെ പുതിയ ചെയർമാനായി ചുമതലയേറ്റു. ഡോ. ജെ. ലതയെ കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയുടെയും ഡോ. ബാബു സെബാസ്റ്റ്യനെ എം.ജി. സർവകലാശാലയുടെയും ഡോ. റോബ് വർഗീസിനെ ദേശീയ നിയമ സർവകലാശാലയുടെയും വൈസ് ചാൻസലർമാരായി നിയമിച്ചു. ഡോ. എം. കെ. നായർ ആരോഗ്യ സർവകലാശാലയുടെയും ഡോ. പി. കെ. രാധാകൃഷ്ണൻ കേരള സർവകലാശാലയുടെയും പുതിയ വൈസ് ചാൻസലർമാരായി. ഡോ. ജി. ഗോപകുമാർ കേരളത്തിലെ കേന്ദ്ര സർവകലാശാലയുടെ പുതിയ വൈസ്ചാൻസലറായി ചുമതലയേറ്റു. കേരള ഗവർണറായിരുന്ന ശ്രീമതി ഷീലാ ദീക്ഷിത് രാജിവച്ച ഒഴിവിൽ സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റിസ്സായിരുന്ന ശ്രീ പി. സദാശിവത്തെ രാഷ്ട്രപതി നിയമിച്ചു. കെ.പി.സി.സി. പ്രസിഡന്റായി ശ്രീ വി.എം. സുധീരൻ നിയമിക്കപ്പെട്ടു. കണ്ണൂർ സ്വദേശിയായ എ. അജയകുമാറിന് ഇറാക്കിലെ അംബാസഡറായി നിയമനം ലഭിച്ചു.

പ്രശസ്തകവി വിഷ്ണു നാരായണൻ നമ്പൂതിരിക്കാണ് കേരള സർക്കാരിന്റെ 2014-ലെ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത്. സമഗ്രസംഭാവനയ്ക്കുള്ള ജെ.സി. ഡാനിയൽ പുരസ്കാരത്തിന് എം.ടി. വാസുദേവൻ നായർ അർഹനായി. വയലാർ അവാർഡ് ആർ മീരയ്ക്ക് ലഭിച്ചു. ഈ വർഷം ക്രിസ്തുമസിനോടനുബന്ധിച്ച് പതിനെണ്ണായിരത്തിൽപ്പരം സാന്താക്ലോസ്സുമാരെ സംഘടിപ്പിച്ച് തൃശ്ശൂർ രൂപത ലോക റെക്കാർഡ് സൃഷ്ടിക്കുകയും ഗിന്നസ് ബുക്കിൽ ഇടം നേടാൻ അർഹമാവുകയും ചെയ്തു.

സേവന മികവിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ച ആദ്യനഗരസഭ എന്ന ബഹുമതി മലപ്പുറം നഗരസഭ കരസ്ഥമാക്കി. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ പഞ്ചായത്ത് ഇന്ത്യയിൽ ആദ്യത്തെ ഇ-സാക്ഷരതാ പഞ്ചായത്തായി. രാജ്യത്ത് ഭൂരഹിതരില്ലാത്ത ആദ്യ ജില്ല എന്ന സ്ഥാനം കണ്ണൂരിന് ലഭിച്ചു.

നായർ സർവീസ് സൊസൈറ്റി ചങ്ങനാശ്ശേരിയിൽ സ്ഥാപിതമായിട്ട് 2014-ൽ 100 വർഷം തികഞ്ഞു. ശ്രീനാരായണഗുരു 'ദൈവദശകം' രചിച്ചതിന്റെ നൂറാം വാർഷികവും ഹെർമ്മൻ ഗുണ്ടർട്ടിന്റെ 200-ാം ജന്മ വാർഷികവും ആചരിക്കപ്പെട്ടു. പ്രശസ്ത സാഹിത്യകാരനായിരുന്ന വേങ്ങയിൽ കുഞ്ഞിരാമൻ നായരുടെ ജന്മശതാബ്ദി ഈ വർഷത്തിലായിരുന്നു. സി.പി.എം. പാർട്ടിയുടെയും കേരള കോൺഗ്രസ്സ് പാർട്ടിയുടെയും രൂപവത്ക്കരണത്തിന്റെ 50-ാം വാർഷികാഘോഷങ്ങൾ നടന്നു.

2014-ലെ വേർപാടുകളിൽ മലയാളികളെ ഏറേ ദുഃഖിപ്പിച്ചത് മുൻ സുപ്രീം കോടതി ജഡ്ജിയും കേരളത്തിലെ ആദ്യമന്ത്രിസഭയിൽ അംഗവുമായിരുന്ന ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നിര്യാണമാണ്. നവംബർ 22-ന് നൂറുവയസ്സ് പൂർത്തിയാക്കിയ അദ്ദേഹം ഡിസംബർ നാലിനാണ് അന്തരിച്ചത്. കമ്യൂണിസ്റ്റ് നേതാവും സി.എം.പി. സ്ഥാപകനും മന്ത്രിയുമായിരുന്ന എം. വി. രാഘവൻ, ജ്ഞാന പീഠപുരസ്കാര ജേതാവും കോട്ടയം എം. ജി. യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലറുമായ ഡോ. യു.ആർ. അനന്തമൂർത്തി, ചിത്രകാരനും എഴുത്തുകാരനുമായിരുന്ന എം. വി. ദേവൻ, തിരുവനന്തപുരം ഗവ. വിമൺസ് കോളേജ് പ്രിൻസിപ്പലും ഗ്രന്ഥകാരിയുമായിരുന്ന പ്രൊഫ. ഹൃദയകുമാരി, ലീല ഗ്രൂപ്പ് ഉടമയും പ്രമുഖ വ്യവസായിയുമായിരുന്ന ക്യാപ്റ്റൻ കൃഷ്ണൻ നായർ, മുതിർന്ന ഡാൻസ് മാസ്റ്ററും നടനുമായിരുന്ന നട്ടുവം പരമശിവൻ, പ്രമുഖ ചലച്ചിത്ര നിർമ്മാതാവായ ടി. ഇ. വാസുദേവൻ, പ്രശസ്ത പത്രപ്രവർത്തകനായ ബി.ജി. വർഗീസ്, എഴുത്തുകാരനും മുൻമുഖ്യമന്ത്രി ഇ.കെ. നായനാരുടെ പ്രസ്സ് സെക്രട്ടറിയും ആയിരുന്ന കാട്ടാക്കട ദിവാകരൻ എന്നിവർ ഈ വർഷം അന്തരിച്ചവരാണ്. ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചനെയും എവുപ്രാസി അമ്മയെയും കത്തോലിക്കാസഭ നവംബർ 23-ന് വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തി. അൽഫോൻസാമ്മ ഉൾപ്പെടെ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട മൂന്ന് ഭാരതീയരും മലയാളികളാണ് എന്നത് കേരളത്തിന് അഭിമാനമായി. ◆



ടി. ഷാഹുൽ ഹമീദ്

നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് വിജയിപ്പിച്ച കുടുംബശ്രീ രാജ്യത്തിന് മാതൃകയായ സ്ത്രീകളുടെ വരുമാന വർദ്ധനവിന് ഉതകുന്ന ഒരു പുതിയ പദ്ധതി കൂടി നടപ്പിലാക്കുന്നു. നേതൃത്വ ഗുണവും സമഭാവനയും സാമൂഹ്യ പ്രതിബ്ധതയും സഹോദര്യവും വരുമാന വർദ്ധനവും ഉണ്ടാക്കുന്ന വ്യത്യസ്ഥങ്ങളായ പദ്ധതികളും പരിപാടികളും നടപ്പിലാക്കി വിജയഗാഥ രചിച്ച് മുന്നോട്ട് പോകുന്ന കുടുംബശ്രീ അതിലെ അംഗങ്ങളായ അട് കർഷകരെ കണ്ണികളാക്കി ഇദം പ്രഥമമായി വനിതകളുടെ മാത്രം ഒരു പ്രൊഡ്യൂസർ കമ്പനി കുടുംബശ്രീ ഗോട്ട് ഫാർമേഴ്സ് പ്രോഡ്യൂസർ കമ്പനി എന്ന പേരിൽ കണ്ണൂരിൽ വെച്ച് സാമൂഹ്യ നിതി പഞ്ചായത്ത് വകുപ്പ് മന്ത്രി 04.01.2015ന് ഉൽഘാടനം ചെയ്തിരിക്കുകയാണ്.

മനുഷ്യരുമായി അടുത്ത് ഇട പഴകി ജീവിക്കുന്ന ആടുകളെ സംരക്ഷിച്ചും വളർത്തിയും എങ്ങിനെ വരുമാന വർദ്ധനവ് ഉണ്ടാക്കാം എന്ന് കണ്ണൂർ ജില്ലയിലെ കുടുംബശ്രീ പ്രവർത്തകർ ആട് ഗ്രാമ പദ്ധതിയിലൂടെ തെളിയിച്ചിരിക്കുകയാണ്. കുറഞ്ഞ മുതൽ മുടക്ക്, കുറഞ്ഞ പ്രവർത്തന സമയം, ഉപതൊഴിലായി ചെയ്യാനുള്ള സൗകര്യം, കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ വരുമാനം, പ്രകൃതി വിഭവങ്ങളെ ഫലപ്രദമായി ഉപയോഗിക്കുവാനും വലിയശ്രമകരമല്ലാതെ ചെയ്യുവാനും സാധിക്കുന്ന ആടുവളർത്തൽ പദ്ധതി കണ്ണൂരിൽ വിജയത്തിന്റെ ഗാഥ രചിച്ച് 60 പഞ്ചായത്തുകളിലും ഒരു മുൻസിപ്പാലിറ്റിയിലുമായി 951 ഗ്രൂപ്പുകളെ ഉണ്ടാക്കി ബാങ്കുമായി ലിങ്ക് ചെയ്ത് സബ്സിഡി നൽകി, ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തി, കർഷക സഹായികളായി വെറ്റ് സർവ്വീസ് പ്രൊവൈഡറെ ഉപയോഗിച്ച് വിപണന സൗകര്യം ഉണ്ടാക്കി 48 ചന്തകൾ നടത്തി. ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് യഥാർത്ഥ വില വാങ്ങി കൊടുത്ത് 1.60 കോടി രൂപ വിറ്റ് വരവ് നേടി ജൈത്രയാത്ര നടത്തിയിരിക്കുകയാണ്. കണ്ണൂരിലെ കുടുംബശ്രീ ആട് കർഷകർക്ക് സംസ്ഥാന സർക്കാർ നൽകുന്ന പുതുവത്സര സമ്മാനമാണ് ആട് കർഷക പ്രോഡ്യൂസർ കമ്പനി.

വിജയം നേടി മുന്നോട്ട് പോകുന്ന കണ്ണൂരിലെ ആട് ഗ്രാമം പദ്ധതി 2008ൽ സമഗ്ര പദ്ധതി പ്രകാരമാണ് ആരംഭിച്ചത്. ആട് ഗ്രാമം പദ്ധതി ഇന്ന് വ്യാപരിച്ച് കണ്ണൂർ ആട് ജില്ലായാകാൻ പോകുന്ന ഘട്ടത്തിൽ ആട് കർഷകർ പങ്കുവെച്ച ആശങ്കകളെ അവഗണിച്ച് പോകുവാൻ, അംഗങ്ങളുടെ ക്ഷേമസൗകര്യങ്ങളെ ഇട വെട്ടാതെ നോക്കി സംരക്ഷിക്കുന്ന കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിക്കുകയില്ല. മലബാർ ആടുകളുടെ ലഭ്യതകുറവ് ഇൻഷുറൻസ് പരിരക്ഷണം കൃത്യമായി ലഭിക്കാത്തത്, ആട്ടിൻ തീറ്റയുടെ വിലയിലുള്ള വർദ്ധനവ്, ബാങ്കിൽ നിന്ന് ലോൺ ലഭിക്കുന്നതിനുള്ള കാലതാമസം കാലികമായുള്ള പരിശീലനത്തിന്റെ

# രാജ്യത്തിന് മാതൃകയായി കുടുംബശ്രീയുടെ പ്രൊഡ്യൂസർ കമ്പനി





അപര്യാപ്തത ആടുചന്തകളിലെ ആശാസ്ത്രീയമായ ചില പ്രവർത്തനങ്ങൾ, വിവര സാങ്കേതിക സഹായം വഴി കർഷകർക്ക് സേവനം എളുപ്പം ലഭ്യമാക്കൽ, ആട്ടിൻ പാൽ വിപണനം, കാഷ്ട സംസ്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാൽ എന്നീ കാര്യങ്ങളിൽ കർഷകർ വിവിധ സന്ദർഭങ്ങളിൽ ആശങ്കകളായി കുടുംബശ്രീയുമായി പങ്കുവെച്ചിരുന്നു.

1956ലെ കമ്പനി നിയമത്തിൽ വൈ.കെ (Y.K Alag) അലാഗ് എന്ന സാമ്പത്തിക ശാസ്ത്രജ്ഞന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാത്തിൽ 2002ൽ IX A എന്ന പുതിയ അദ്ധ്യായം കൂട്ടിചേർക്കുകയും പൊതുമേഖലാ സ്വകാര്യ കമ്പനികളെ പോലെ വിവിധങ്ങളായ ഉൽപാദകർക്കും കമ്പനി ഉണ്ടാക്കാം എന്ന നിയമഭേദഗതിയെ തുടർന്നാണ്, കുടുംബശ്രീ ആട് കർഷകരെ സംഘടിപ്പിച്ച് നബാർഡിന്റെ സഹായത്തോടെ രാജ്യത്തിന് മാതൃകമായി ഉൽപാദക കൂട്ടായ്മക്ക് മുൻ കൈയെടുത്തത്. 4 ആടുകൾ ഉള്ള കർഷകരെ ആദ്യഘട്ടത്തിൽ കമ്പനിയിൽ അംഗങ്ങളാക്കി 42 ക്ലസ്റ്ററുകൾ ഉണ്ടാക്കി. മതിയായ അവബോധം കർഷകർക്ക് പകർന്ന് കൊടുത്ത് 5 ബ്ലോക്കുകളിലായി 35 പഞ്ചായത്തുകളിൽ 1537 കർഷകരെ ഉൾപ്പെടുത്തി ഉൽപ്പാദക കൂട്ടായ്മ ഉണ്ടായിരിക്കുന്നു. 500 രൂപ മെമ്പർഷിപ്പും കുടുംബശ്രീ ആട് ഗ്രാമ പദ്ധതിയിൽ അംഗങ്ങളായവരെയും ഈ ഉൽപ്പാദക കൂട്ടായ്മയിൽ പ്രവേശിക്കുവാൻ സാധിക്കും.

കുടുംബശ്രീയുടെ ചരിത്രത്തിൽ ആദ്യമായാണ് 5000 അംഗങ്ങൾക്ക് നേരിട്ട് ഗുണംലഭിക്കുന്ന ബൃഹത്ത് ഉദ്യമത്തിന് തുടക്കം കുറിക്കുന്നത്. ആട് കർഷകരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും കുടുംബശ്രീ സംഘടനാ സംവിധാനത്തേയും സംയോജിപ്പിച്ചാണ് ഈ കർഷക ഉത്പാദക കൂട്ടായ്മ പ്രവർത്തിക്കുവാൻ പോകുന്നത്. കമ്പനികളെ പോലെ പ്രവർത്തിക്കുവാൻ കഴിയുകയും സഹകരണ സ്ഥാപനങ്ങളെ പോലെ സഹായ സഹകരണങ്ങൾ അംഗങ്ങൾക്കും ലഭ്യമാക്കുവാൻ കഴിയുകയും ചെയ്യുന്ന ഒരു നവീന മാതൃകയാണ്, കർഷക ഉൽപാദക കൂട്ടായ്മ, ലാഭവിഹിതം നേരിട്ട് കർഷകർക്ക് ലഭിക്കുന്നതിനും ആട് കർഷകരെ മാത്രം ഉൾക്കൊള്ളിക്കുന്നതുമായ കമ്പനിയിൽ സംരക്ഷിക്കുന്നത് ആട് കർഷകരുടെ താൽപര്യം മാത്രമായിരിക്കും. കൂടുതൽ പ്രവർത്തന മികവ് ഉണ്ടാകുന്ന കർഷകർക്ക് കുടുതൽ സൗകര്യങ്ങളും ലാഭവിഹിതവും ലഭിക്കുന്നു.

നിയമപ്രകാരമുള്ള രജിസ്ട്രേഷൻ, മറ്റ് രേഖകളും എല്ലാം ഇതിനോടൊപ്പം തന്നെ കണ്ണൂർ ജില്ലാ കുടുംബശ്രീയുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച്, ഓഫീസ് സൗകര്യം ഏർപ്പെടുത്തി, പ്രവർത്തന സജ്ജമാക്കുവാൻ പൂർണ്ണത്തലത്തിൽ തയ്യാറെടുത്ത് നിൽക്കുകയാണ്, കണ്ണൂരിലെ കുടുംബശ്രീ ആട് കർഷകരുടെ നേതൃത്വത്തിലുള്ള പ്രൊഡ്യൂസർ കമ്പനി. എല്ലാ കർഷകർക്കും മെമ്പർഷിപ്പ് നൽകുവാനും എല്ലാം ഞൊടിയിടക്കുള്ളിൽ വിരൽത്തുമ്പിൽ ലഭ്യമാക്കുവാൻ ഉതകുന്ന ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ച്, ആട് ചന്തകളെ ശാസ്ത്രീയമായി സജ്ജീകരിച്ച് ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കി കർഷകരുടെ പക്കലുള്ള ആടുകൾക്ക് മികച്ച വില ലഭ്യമാക്കുന്നതിന് ഈ കമ്പനി നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ വശംനാശം സംഭവിക്കുന്ന മലബാറി ആടുകളെ സംരക്ഷിക്കുന്നിനും വളർത്തുന്നതിനും ആട് വളർത്തൽ പരിപാലനാ കേന്ദ്രങ്ങൾ കമ്പനിയുടെ നേതൃത്വത്തിൽ ഉണ്ടാക്കുന്നതാണ്, കേരളത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖല, സ്വകാര്യമേഖലയിലെ തീറ്റ വിതരണം കമ്പനികളുമായി ചേർന്ന് ഐക്യരൂപത്തിൽ മാർക്കറ്റ് വിലയെക്കാളും കുറഞ്ഞ നിരക്കിൽ ആടിൻ തീറ്റ, കമ്പനി ഓഹരി ഉടമകൾക്ക് എത്തിക്കുന്നതാണ്. ഇൻഷുറൻസ് എന്നും കർഷകർക്ക് പ്രയാസവും ദുരിതവുമാണ് സമ്മാനിക്കുന്നത്. ഇത് ഒഴിവാക്കി ലളിതമായ രീതിയിൽ എളുപ്പം സേവനം കിട്ടുന്ന രീതിയിൽ ഇൻഷുറൻസ് പദ്ധതിയെ മാറ്റി കമ്പനി എറ്റെടുത്ത് നടത്തുന്നതാണ്. കൂടാതെ ഇൻഷുറൻസ് സേവനം അടക്കം എല്ലാ സേവനങ്ങളും

ആട് കർഷർക്ക് ഞൊയിടിക്കുള്ളിൽ എത്തിക്കുന്നതിന് 21 അംഗ വെറ്ററിനറി സർവ്വീസ് പ്രൊവൈഡറെ കമ്പനിയിൽ പ്രവർത്തിപ്പിക്കും. കർഷകർക്ക് എളുപ്പം സേവനം ലഭ്യമാക്കുവാനും അവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ദൂരീകരിക്കുന്നതിനും പരിഹരിക്കുന്നതിനും ആട് കർഷക സഹായ കേന്ദ്രം കമ്പനിയുടെ മേൽനോട്ടത്തിൽ വെറ്റിനറി സർവ്വീസ് പ്രൊവൈഡറുടെ നേതൃത്വത്തിൽ പ്രവർത്തിപ്പിക്കും. മുഴുവൻ സമയ സേവനവുമായി ഒരു വെറ്റിനറി ഡോക്ടറുടെ സേവനം കമ്പനി ഏർപ്പെടുത്തുന്നതാണ്. കൂടാതെ കണ്ണൂർ ജില്ലാ പഞ്ചായത്ത് തില്ലങ്കേരിയിൽ ആരംഭിച്ച അജശ്രീ ആട്ടിൻകാഷ്ടവള നിർമ്മാണ്ശാലവുമായി സംയോജിപ്പിച്ച് കർഷകരിൽ നിന്നും ആട്ടിൻ കാഷ്ടം നിശ്ചിത വിലയിൽ ശേഖരിച്ച്, ഉൽപ്പന്നമായ അജശ്രീ വിപണനം നടത്തുവാനും കമ്പനിക്ക് പദ്ധതിയുണ്ട്. സേവനങ്ങൾ ഒരു മൊബൈൽ ഫോൺ അപ്ലിക്കേഷൻ വഴി കർഷകരിൽ നിന്നും കമ്പനി സ്വീകരിച്ച് നടപടി സ്വീകരിക്കുന്ന ഒരു മൊബൈൽ സേവന സംവിധാനവും കൂടി കമ്പനി ഒരുക്കുന്നതാണ്. ആട്ടിൻപാൽ വിപണനം, ആട്ടിറച്ചിയുടെ കയറ്റുമതി എന്നിവയും കമ്പനിയുടെ ലക്ഷ്യങ്ങളാണ്. ആട് കർഷകരിൽ നിന്ന് 10 താൽക്കാലിക ഡയറക്ടർ ബോർഡ് അംഗങ്ങളെ തിരഞ്ഞെടുക്കുകയും യാതൊരു ബാഹ്യ ഇടപെടലുകൾ ഇല്ലാത്ത രീതിയിൽ കമ്പനി സംവിധാനത്തെ കുടുംബശ്രീ കർഷകർക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ സംവിധാനിപ്പിച്ചാണ് കമ്പനി പ്രവർത്തിക്കാൻ പോകുന്നത്. എം.ബി.എ ബിരുദധാരികളായ കൺസൾട്ടന്റുമാരുടെ സേവനവും പ്രവർത്തന മികവ് തെളിയിച്ച 2 എം.ഇ.സി മാരുടെ സേവനവും കുടുംബശ്രീ പ്രൊഡ്യൂസർ കമ്പനി പ്രവർത്തിക്കുന്നതിന് ഏർപ്പാടാക്കിയിട്ടുണ്ട്. കണ്ണൂർ കേന്ദ്രമായി കമ്പനിക്ക് പ്രവർത്തിക്കുവാൻ ഒരു ഓഫീസ് സജ്ജീകരിച്ചിട്ടുണ്ട്. സി.ഇ.ഒ, മറ്റു ഉദ്യോഗസ്ഥൻമാർ എന്നിവരെ നിയമിക്കുന്ന പ്രവർത്തനങ്ങളിൽ കുടുംബശ്രീ ഏർപ്പെട്ടിരിക്കുകയാണ്.





ഏറ്റവും ലാഭകരവും ആദായകരവുമായ ആട് വളർത്തൽ മേഖലയിലേക്ക് കൂടുതൽ സ്ത്രീകളെ കൈപിടിച്ച് കൊണ്ട് വരുന്നതിനും ഈ മേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന കുടുംബശ്രീ പ്രവർത്തകർക്ക് വരുമാന വർദ്ധനവും ജോലി സ്ഥിരതയും സേവന ലഭ്യതയും ഉറപ്പ് വരുത്തുന്നതിനും വേണ്ടി മാതൃകകൾ ഉണ്ടാക്കുന്ന കേരളത്തിന്റെ സ്ത്രീ മുന്നേറ്റത്തിന്റെ പര്യായമായ, സ്ത്രീകൾക്ക് കൂടുതൽ ഉപജീവന സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്ന കുടുംബശ്രീ നേട്ടത്തിന്റെ ഒരു പുതിയ അദ്ധ്യായം തുന്നിച്ചേർത്തുകൊണ്ടാണ് തറികളുടെയും തിറകളുടെയും നാടായ കണ്ണൂരിൽ വ്യത്യസ്ഥ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുടെയും ജനപ്രതിനിധികളുടെയും ഹർഷാരവത്തിന്റെയും ഇടയിലും ആട് കർഷകരുടെ ആനന്ദാശ്രുസുകൾക്ക് ഇടയിലും കുടുംബശ്രീ പ്രവർത്തനത്തിന് ദിശാബോധം നൽകി പുതിയ വാതായനങ്ങളും സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കുന്നതിന് നേതൃത്വം നൽകുന്ന കുടുംബശ്രീ ചെയർമാൻ ഡോ.എം. കെ മുനീറിന്റെ കാർമ്മികത്വത്തിൽ കുടുംബശ്രീ കർഷക പ്രോഡ്യൂസർ കമ്പിനി ഉദ്ഘാടനം ചെയ്തിരിക്കുന്നു. പ്രതീക്ഷാനിർഭരമായ നല്ലനാളുകളെ മനസിൽ അയവിറക്കികൊണ്ട് പുതു സംരംഭത്തിന് നമുക്ക് ആശംസകൾ നേരാം. ◆

teJ-I³ Ip-Spw-_{io kwØm\
tImþHmÀ-Un-t\-ä-dmW

ശ്രീലാറാണി. എം.എസ്.

# സ്ത്രീ

# പ്രകൃതിസമാനതകൾ ഒരു പാരിസ്ഥിതികദർശനം



ഗ്രാമീണരായ സാധാരണജനങ്ങളുടെ മനസ്സിന്റെ ആവിഷ്കാരമാണ് നാടോടിവിജ്ഞാനീയം അഥവാ ഫോക്ലോർ. അത് പാരമ്പര്യമായി പകർന്നുകിട്ടിയതും വാമൊഴിവഴക്കമുള്ളവയുമാണ്. സാമാന്യജനങ്ങളുടെ നാട്ടറിവും സാഹിത്യാദികലകളും അഭ്യസ്തവിദ്യരായ ജനവിഭാഗങ്ങളുടേതിനേക്കാൾ വിപുലവും സമ്പുഷ്ടവുമാണ്. നിഷ്കളങ്കതയാണതിന്റെ കാതൽ. ഗ്രാമീണജനമനസ്സിന്റെ കണ്ണാടിയാണ് ഫോക്ലോർ. കൂട്ടായ്മയുടെ ജീവിതമാണതിൽ തെളിഞ്ഞുകാണുന്നത്. അതുകൊണ്ടുതന്നെ ആ കൂട്ടായ്മയാണ് ഫോക്ലോറിന്റെ ജീവൻ. സ്ത്രീയെ പ്രകൃതിയായി കാണുന്ന സംസ്കാരമണതിൽ പ്രതിഫലിക്കുന്നത്. എല്ലാവിധ പാരിസ്ഥിതികപ്രശ്നങ്ങൾക്കും ഉത്തരം നൽകാൻ ഫോക്ലോറിനു കഴിവുണ്ട്. അത്തരത്തിൽ ഗൗരവപൂർണ്ണമായി ചിന്തിക്കേണ്ട ഒരുവിഷയമാണ് സ്ത്രീയുടേയും പ്രകൃതിയുടേയും നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടം. ഇത്തരം കരുത്തുറ്റ പോരാട്ടങ്ങളുടെ ബഹിർസ്ഫുരണം നാടൻസാഹിത്യത്തിന്റെ ഓരോഅംശത്തിലും കാണാൻകഴിയും.

ഫോക്ലോറിന്റെ ഒരു സവിശേഷ ഇനമായ കടങ്കഥതന്നെയെടുക്കാം. 'കാട്ടിലൊരമ്മ പൊന്നണിഞ്ഞുനിൽക്കുന്നു', 'അമ്മ കല്ലിലും മുള്ളിലും മോള് കല്യാണപ്പന്തലിൽ',

'കാട്ടിലൊരുർവ്വശി കണ്ണെഴുതിപ്പൊട്ടുംതൊട്ട്' എന്നിങ്ങനെ ഏതൊരു കടങ്കഥനോക്കിയാലും അവയുടെയെല്ലാം പ്രത്യേകത സ്ത്രീ-പ്രകൃതി താരതമ്യമാണ്. ഇതുകൂടാതെ കഥയിലും കവിതയിലുമുള്ള വർണ്ണനകളിലും ഈ താരതമ്യം പ്രകടമാണ്. പാട്ടുകളിൽ, പ്രത്യേകിച്ചും വടക്കൻപാട്ടുകളിൽ ഇത്തരം വർണ്ണനകൾ കൂടുതലാണ്. 'കുന്നത്ത് കൊന്നയും പൂത്തപോലെ', 'പൂപോലഴകുള്ളവൾ', 'കുന്നിക്കുരുവിൻ വർണ്ണം പോലെ', 'വയനാടൻമഞ്ഞൾ മുറിച്ചപോലെ', ഇങ്ങനെ സ്ത്രീകളെ വർണ്ണിക്കുന്നിടത്തെല്ലാം പ്രകൃതിയുടെ സജീവസാന്നിധ്യം കാണാം. സ്ത്രീയുടെ അംഗലാവണ്യത്തെ പ്രകൃതിയിലെ ഓരോ വസ്തുക്കളോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നു. കാട്ടിലെ കൊന്നയും മണ്ണിലെ മഞ്ഞളും തെങ്ങിൻപൂക്കുലയുമെല്ലാം സ്ത്രീ-പ്രകൃതികളുടെ സമൃദ്ധിയുടേയും സമ്പുഷ്ടിയുടേയും പ്രതീകമായി അവതരിപ്പിക്കപ്പെടുന്നു. ഇവ സ്ത്രൈണതയുടെ സൗമ്യഭാവങ്ങളായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. എന്നാൽ അരിവേവിക്കുക എന്നതിനെ 'ചെമ്പിൽ ഭഗവതി തുള്ളിത്തുള്ളി' എന്നും അടുപ്പിൽ തീപടരുന്നതിനെ 'കരിങ്കാളിക്ക് മൂന്നുമുലയും തീനാവും' എന്നുംപറയുന്നിടത്ത് സ്ത്രീയുടെ രൗദ്രഭാവമാണ് പ്രകടമാകുന്നത്. ഇത് അടുക്കളയുമായി ബന്ധമുള്ള വർണ്ണനകളാണ്.

വീടിന്റെ അകവും പുറവും എന്ന വ്യത്യാസം പ്രകൃതി-സംസ്കൃതികളെ യാണ് കാണിക്കുന്നത്. അകവും പുറവും എന്ന വൈരുദ്ധ്യം സംസ്കാരത്തിന്റെ ഭാഗമായി സൃഷ്ടിച്ചെടുത്തതാണ്. എന്നാൽ ഒരു വ്യവസ്ഥയോ നിയന്ത്രണങ്ങളോ ഇല്ലാതിരുന്ന കാലത്ത് സ്ത്രീ കൂടുതൽ സ്വതന്ത്രയായിരുന്നു. പുരുഷകേന്ദ്രീകൃതസാമൂഹ്യാവസ്ഥയിൽ സ്ത്രീയുടെ അടിമത്തത്തിന്റേയും അവളുടെ നേർക്കുള്ള കടന്നാക്രമണങ്ങളുടേയും അളവ് കൂടിവരികയും അത് പ്രകൃതിയുടെതന്നെ സന്തുലിതാവസ്ഥയെ തകിടംമറിക്കുകയും ചെയ്തു എന്നതാണ് വാസ്തവം. ജീവിതത്തിന്റെ കേന്ദ്രം കുടുംബവും കുടുംബത്തിന്റെ കേന്ദ്രം സ്ത്രീയുമാണ്. അതുകൊണ്ടുതന്നെ കുടുംബത്തിന്റെ സാമ്പത്തികവും പാരിസ്ഥിതികവുമായ എല്ലാ പ്രശ്നങ്ങളും സ്ത്രീയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഉല്പാദനത്തിന്റേയും വളർച്ചയുടേയും പടവുകളിൽ പ്രധാനപങ്കുവഹിക്കുന്ന സ്ത്രീ-പ്രകൃതികൾ ഇന്നുനേരിടുന്ന ഏറ്റവുംവലിയ വെല്ലുവിളികൾ ചൂഷണവും മലിനീകരണവുമാണ്. സമൂഹത്തിന്റെ പുനർനിർമ്മിതിക്കും പുനരുദ്ധാരണത്തിനുംവേണ്ടി അദ്ധ്വാനിക്കുന്ന, നിലകൊള്ളുന്ന സ്ത്രീത്വം സമൂഹത്തിന്റെ പൊതുധാരയിൽനിന്ന് മാറ്റിനിർത്തപ്പെടുകയാണ് ചെയ്യുന്നത്. ഉല്പാദനവും പ്രത്യുല്പാദനവും സ്ത്രീയെസംബന്ധിച്ചിടത്തോളം കേവലമൊരു ശാരീരികപ്രവർത്തനംമാത്രമല്ല, മറിച്ച് അത് നിലനിൽപ്പിനുവേണ്ടിയുള്ള സാമൂഹികശ്രമവുംകൂടിയാണ്. സൃഷ്ടിയും സംരക്ഷണവും സ്ത്രീയ്ക്കും പ്രകൃതിയ്ക്കും ഒരുപോലെ പ്രധാനമാണ്. മനുഷ്യരാശിയുടെ പ്രശ്നങ്ങളെ തിരിച്ചറിയുക എന്നത് സ്ത്രീ-പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകതയിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. കാരണം ഭൂമിയിലെ ജീവന്റെ സംരക്ഷകരാണ് സ്ത്രീകൾ.

പ്രകൃതിയുടെ ഓരോ ഭാവത്തേയും സ്ത്രൈണ





**പ്രകൃതിയുടെ ഓരോ ഭാവത്തേയും സ്ത്രൈണതയോടെ അവതരിപ്പിക്കുന്നതിലൂടെ സ്ത്രീയെ ഉർവ്വരതയുടേയും സമൃദ്ധിയുടേയും പ്രതീകമായികാണുന്ന കാർഷികസംസ്കാരത്തിന്റെ മാഹാത്മ്യമാണ് വ്യക്തമാകുന്നത്. ഭൂമിയും പ്രകൃതിപ്രതിഭാസങ്ങളും ആരാധ്യമാകുന്നത് പുരാതനമായ മാതൃപൂജയിലാണ്. ഉർവ്വരതാപൂജയിലൂടെ വ്യക്തമാകുന്നതും ഇതേസംസ്കാരമാണ്.**

തയോടെ അവതരിപ്പിക്കുന്നതിലൂടെ സ്ത്രീയെ ഉർവ്വരതയുടേയും സമൃദ്ധിയുടേയും പ്രതീകമായികാണുന്ന കാർഷികസംസ്കാരത്തിന്റെ മാഹാത്മ്യമാണ് വ്യക്തമാകുന്നത്. ഭൂമിയും പ്രകൃതിപ്രതിഭാസങ്ങളും ആരാധ്യമാകുന്നത് പുരാതനമായ മാതൃപൂജയിലാണ്. ഉർവ്വരതാപൂജയിലൂടെ വ്യക്തമാകുന്നതും ഇതേ സംസ്കാരമാണ്. ഇവിടെ പ്രകൃതി ഉത്കൃഷ്ടമായ ഒരുലോകം സൃഷ്ടിച്ച് സ്ത്രീയെ സംരക്ഷിക്കുകയും അതേസമയം അലൗകികമായ വേറൊരുലോകം സൃഷ്ടിച്ച് സ്ത്രീയെ വാഴിക്കുകയും ചെയ്യുന്നു. ജീവന്റെ ഉല്പാദകയും സംരക്ഷകയുമായി നിലകൊള്ളുന്ന സ്ത്രീതന്നെ പ്രകൃതിയെ സംരക്ഷിക്കേണ്ടിവരുന്നു. ഇങ്ങനെ സ്ത്രീയും പ്രകൃതിയും പരസ്പരപൂരകങ്ങളായി വർത്തിക്കുന്നു. മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നവരോടുള്ള ചൂഷണം അവനവനെത്തന്നെ നശിപ്പിക്കുന്നതിനുതുല്യമാണ്. വാത്സല്യമുള്ള അമ്മയോട് സ്നേഹവും കർത്തവ്യബോധവുമുള്ള കുഞ്ഞുങ്ങൾ എങ്ങനെയാണോ അതുപോലെയാണ് മനുഷ്യൻ പ്രകൃതിയോട് പെരുമാറേണ്ടത്. അതിനുവിപരീതമായി സംഭവിക്കുമ്പോഴാണ് അവൾ സംഹാരരുദ്രയായിമാറുന്നത്. ഇത് പ്രകൃതിയുടെ പ്രതികരണമാണ്, ഗതികെടുമ്പോഴുള്ള പ്രതികരണം.

മനുഷ്യന്റെ അമിതമായ സുഖാസക്തിയാണ് പ്രകൃതിയേയും അതുവഴി അവനവനെ ത്തന്നെയും നശിപ്പിക്കുന്നതിനു കാരണമായിത്തീരുന്നത്. ഇവിടെ സ്ത്രീ-പ്രകൃതികൾ വിധേയത്വത്തിന്റേയും പുരുഷൻ അധീശത്വത്തിന്റേയും പ്രതീകങ്ങളാകുന്നു. സ്ത്രീ പലപ്പോഴും രണ്ടാംകിടസ്ഥാനത്തേയ്ക്ക് പിൻതള്ളപ്പെടുന്നു. സുഖസമൃദ്ധിയ്ക്കും ആധിവ്യാധികളിൽനിന്ന് രക്ഷനേടുന്നതിനും വേണ്ടി അമ്മദൈവങ്ങളേയും പ്രകൃതി ദേവതകളേയും ആരാധിച്ചിരുന്ന ജനത സ്ത്രീ-പ്രകൃതികളുടെ സംരക്ഷണത്തിനു വിഘ്നംവരുത്തുകയും അതുവഴി അനേകം പാരിസ്ഥിതികപ്രശ്നങ്ങൾക്കു വഴിയൊരുക്കുകയും ചെയ്തു. ഇവിടെ, കാലാതിവർത്തിയായി നിലനിന്നുപോന്നിരുന്ന ഒരുസംസ്കാരത്തിന്റെ മൂല്യച്യുതിയാണ് കാണുന്നത്. സ്ത്രീ-പ്രകൃതികളുടെമേൽ അധീശത്വം സ്ഥാപിക്കാൻ പുരുഷൻ കാട്ടുന്ന വ്യഗ്രത സൃഷ്ട്യുന്മുഖമായ നാശത്തിന് കാരണമാകുന്നു. സ്ത്രീയും പ്രകൃതിയും രണ്ടല്ലെന്നും അതുസംരക്ഷിക്കപ്പെടേണ്ടത് തങ്ങളുടെ ചുമതലയാണെന്നും പുരുഷന് തോന്നാത്തിട ത്തോളംകാലം ഭൂമിയുടെ സന്തുലിതാവസ്ഥ അനിശ്ചിതത്വത്തിൽത്തന്നെയായിരിക്കും. സ്ത്രീവിരുദ്ധമനോഭാവം നിലനിൽക്കുന്ന സമൂഹത്തിൽ പരിസ്ഥിതിസംരക്ഷണം ഒരിയ്ക്കലും സാധ്യമാകില്ല. സ്ത്രീയും പുരുഷനും പ്രകൃതിയും പ്രപഞ്ചസംരക്ഷകരാ ണെന്ന ബോധം ഉണ്ടാകുമ്പോൾ മാത്രമേ സന്തുലിതമനോഭാവം സംജാതമാകുകയുള്ളൂ. അങ്ങനെ സംഭവിക്കാത്തിടത്തോളംകാലം സ്ത്രീയേയും പ്രകൃതിയേയും ചൂഷണം ചെയ്യുന്ന പുരുഷാധിപത്യത്തെ, വെല്ലുവിളിക്കുന്ന രീതിയിൽ സ്ത്രീയും പ്രകൃതിയും മാറുന്നു എന്നത് ഗുരുതരമായ ഒരു പാരിസ്ഥിതികപ്രശ്നമായി ഉയർന്നുവരുന്നു. ◆



# മെച്ചപ്പെട്ട ശുചിത്വ സൗകര്യങ്ങൾക്കായി

വിനു എ.

അപര്യാപ്തമായ ശുചിത്വസൗകര്യങ്ങളും മതിയായ കക്കൂസുകളുടെ അപര്യാപ്തതയും ആരോഗ്യരംഗത്ത് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സാമ്പത്തികമായി മാത്രമുള്ള നഷ്ടമല്ല ഇത്തരത്തിലുള്ള രോഗങ്ങളിലൂടെയും മറ്റും സംഭവിക്കുന്നത്. മനുഷ്യന്റെ ജീവിതത്തിന്റെയും അധ്വാനത്തിന്റെയും തലത്തിലേക്ക് കൂടിയാണ് അത് കടന്നു ചെല്ലുന്നത്. ഇന്ത്യയിൽ ചിലയിടങ്ങളിൽ ഇപ്പോഴും മലമൂത്ര വിസർജ്ജ്യങ്ങൾ മനുഷ്യൻ തന്നെ നീക്കം ചെയ്യുന്ന സ്ഥിതിയുണ്ട്. തോട്ടികളെന്ന പേരിൽ മുൻകാലങ്ങളിൽ തൊഴിലെടുത്തവരെ പുരോഗതിയിലേക്കുള്ള കുതിപ്പിന്റെ ഭാഗമായി മറ്റ് തൊഴിലിടങ്ങളിലേക്ക് കൊണ്ടുപോകാൻ സാധിച്ചുവെങ്കിലും അത്തരം സാഹചര്യങ്ങളിൽ നിന്നും പുറത്താക്കപ്പെട്ട നിരവധി പേരുന്നെതാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതില്ലാതാക്കാനുള്ള ശ്രമം രാജ്യത്ത് ശക്തമായി നടക്കുന്നുണ്ട്. മാത്രമല്ല, വീടുകളിൽ അല്ലെങ്കിൽ വീടുകളോട് ചേർന്ന് മതിയായ കക്കൂസ് സൗകര്യങ്ങൾ ഉണ്ടാകണമെന്ന ശക്തമായ പ്രചരണം രാജ്യത്ത് നടക്കുന്നുണ്ട്. ശുചിത്വസൗകര്യങ്ങൾ ഇല്ലാത്ത വീടുകളിലേക്ക് വിവാഹിതയായി പോകുവാൻ യുവതികൾ തയ്യാറാകാത്ത വാർത്തകൾ വലിയ പ്രാധാന്യത്തോടെയാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. ഇത് നല്ല തുടക്കമായി തന്നെയാണ് കാണേണ്ടതുണ്ട്.

നമ്മുടെ വിശ്വാസത്തിലും മറ്റും സ്വയം ശുചിത്വം പാലിക്കുന്നതിനെക്കുറിച്ച് വളരെ ഗൗരവമായബോധമുണ്ടെങ്കിലും പരിസര ശുചീകരണത്തിൽ നാം പിന്നിലാണെന്നത് സത്യം. മനുഷ്യജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് ശുചിത്വം പാലിക്കുകയെന്നത്. ഇതിലൂടെ വലിയ മാറ്റം സാധ്യമാകുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഗ്രാമീണമേഖലയിലുള്ള വളരെയധികം പേർ ജീവിക്കാനാവശ്യമായ സാധ്യതകൾ ഇല്ലാത്തതിനാൽ തന്നെ ശുചിത്വത്തിന് പ്രാധാന്യം നൽകാത്തതായിട്ടുണ്ട്. അവർ ഗൗരവമായ ഒരു വിഷയമായി ഇതിനെ കാണാതിരിക്കുകയും ചെയ്യുന്നു. മതിയായ ശുചിത്വസൗകര്യങ്ങൾ ഇല്ലാതിരിക്കുന്നിതിലൂടെ വലിയ പ്രശ്നങ്ങളെ നാം കൂടെ കൊണ്ടുവരേണ്ടി വരുന്നുവെന്നതാണ് യാഥാർത്ഥ്യം.

രോഗങ്ങളിൽ ഏറെയും ഉണ്ടാകാനുള്ള പ്രധാനകാരണം പരിസര മലിനീകരണത്തിൽ നിന്നുമാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുള്ള കാര്യമാണ്. ഗ്രാമങ്ങളിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ ഏറെയാണെന്ന് കാണാം. കൃഷി മറ്റ് ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയോട് ചേർന്ന് മലിനീകരിക്കപ്പെട്ട സാഹചര്യങ്ങൾ കാണാൻ സാധിക്കും. ഇത്തരം സ്ഥിതിയെ അവരുടെ ഉപജീവനമാർഗ്ഗമെന്ന നിലയിൽ പരിഗണിക്കുമ്പോൾ തന്നെ ഇതിനെ കുറയ്ക്കുന്നതിനുള്ള നടപടികൾ എങ്ങനെ ചെയ്യുവാൻ സാധിക്കുമെന്ന ചർച്ചകൾ നടത്തേണ്ടതുമുണ്ട്. മാത്രമല്ല ഇതിനൊപ്പം മനുഷ്യ വിസർജ്ജ്യങ്ങൾ കൂടി എത്തിപ്പെടുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ഇതിന്റെ പരിണിതഫലം വളരെ ഭീകരമായിരിക്കുമെന്നതിൽ സംശയമില്ല. ഇവ കൂടി ചേരുന്നതിലൂടെ വലിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്ന കാര്യം പ്രത്യേകം ശ്രദ്ധിച്ചു കൊണ്ടാവണം ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത്.

2010 ൽ യു.എൻ നടത്തിയ ഒരു പഠനം സൂചിപ്പിക്കുന്നത് ഇന്ത്യയിലെ ജനസംഖ്യയുടെ അനുപാതത്തിൽ ആവശ്യമായ കക്കൂസുകളേക്കാൾ കൂടുതൽ മൊബൈൽ ഫോണുകൾ ഉണ്ടെന്നാണ്. യൂണിസെഫിന്റെ ഒരു പഠനം സൂചിപ്പിക്കുന്നത് ഇന്ത്യയിലെ 54 ശതമാനം പേരും തുറന്ന സ്ഥലത്താണ് മലമൂത്ര വിസർജ്ജനം ചെയ്യുന്നതെന്നാണ്. ഇത് ബംഗ്ലാദേശിലും ബ്രസീലിലും 7 ശതമാനമാണെന്നറിയുമ്പോഴാണ് നമ്മുടെ രാജ്യത്തിന്റെ അവസ്ഥ ബോധ്യപ്പെടുക. വിവിധ പഠനങ്ങൾ സൂചിപ്പിക്കുന്നത് പ്രകാരമാണെങ്കിൽ വലിയ പ്രശ്നങ്ങളാണ് രാജ്യത്ത് ശുചിത്വമില്ലായ്മയിലൂടെ ഉണ്ടാകുന്നതെന്ന് കാണാം. മതിയായ ശുചീകരണ സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഇതിനെല്ലാം അടിസ്ഥാനമായി



നിലകൊള്ളുന്ന കാരണം. എങ്കിലും ഓരോ വ്യക്തിയും ഈ കാര്യത്തിൽ എത്രമാത്രം ഉണർന്നു പ്രവർത്തിക്കുന്നുവെന്ന കാര്യം പരിശോധിക്കണം. ശുചീകരണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ ഉത്തരാവാദമെന്നതിനപ്പുറം ഓരോ പൗരന്റേയും കടമയെന്നതാണ് യാഥാർത്ഥ്യം.

സമ്പൂർണ്ണ ശുചീകരണ പ്രവർത്തനങ്ങൾ വിവിധ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന കാര്യമാണ്. സമൂഹത്തിലെ മൊത്തമായ കൂട്ടായ്മയെന്ന നിലയിലാണ് ഇത് ഉയർന്നുവരേണ്ടത്. ജനങ്ങളുടെ ആവശ്യമനുസരിച്ച് അവർക്കാവശ്യമായ രീതിയിൽ ഇതിനെ കൊണ്ടുപോകാൻ സാധിക്കേണ്ടതുണ്ട്. കേരളത്തിലെ പരിതസ്ഥിതിയിൽ ഗ്രാമപ്രദേശങ്ങളിൽ ഏറെക്കുറെയും നഗരങ്ങളുടെ രൂപം കൈക്കൊണ്ടവയായിരിക്കും. ചെറിയതും വലിയതുമായ മാർക്കറ്റുകൾ അവിടങ്ങളിലുണ്ടാകാം. ഇത്തരം സ്ഥാപനങ്ങൾ പുറത്തുവിടുന്ന മാലിന്യങ്ങൾ ശേഖരിച്ചു സംസ്കരിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സാധിക്കണം. പലപ്പോഴും തെരുവോരങ്ങളിൽ മാലിന്യം കുമിഞ്ഞുകൂടിക്കിടക്കുന്ന കാഴ്ച ഗ്രാമപ്രദേശങ്ങളിലടക്കം കാണാനാവും. ചെറുകിട കച്ചവടക്കാരും മത്സ്യ, മാംസ്യാദികൾ വിൽക്കുന്നവരും ചിലയിടത്ത് വീട്ടുകാരും മാലിന്യങ്ങളെ പ്ലാസ്റ്റിക് കവറുകളിലാക്കി ഒഴിഞ്ഞ പറമ്പിലോ റോഡിന്റെ വക്കത്തോ ജലാശയത്തിനടുത്തോ കൊണ്ടുചെന്ന് തള്ളുന്നു. വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഈ കൃത്യത്തെ പരസ്പരാശ്രിതമായ ഒരു തലത്തിൽ നിന്നുകൊണ്ട് പരിഹരിക്കാൻ സാധിക്കണം.

സമൂഹത്തിൽ കേന്ദ്രീകരിച്ചു കൊണ്ടുള്ള പ്രവർത്തനത്തിലൂടെ മാത്രമേ ഈ പ്രശ്നത്തെ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ശുചിത്വ സൗകര്യങ്ങളെ പരിപോഷിപ്പിച്ചു കൊണ്ട് അവയെക്കുറിച്ചുള്ള വ്യക്തമായ ധാരണ ജനങ്ങളിൽ ഉണ്ടാക്കിക്കൊണ്ടുവരാൻ സാധിക്കേണ്ടതുണ്ട്. ഗ്രാമങ്ങളിലെ എല്ലാവരേയും കൃത്യമായി പഠിപ്പിക്കുകയും ആവശ്യമായ വിധത്തിൽ അവർക്ക് സാങ്കേതിക വശങ്ങൾ ബോധ്യപ്പെടുത്തിക്കൊണ്ട് പ്രശ്നത്തിന്റെ ഗൗരവത്തെ എത്തിച്ചു കൊടുക്കാനും സാധിക്കണം. 6 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളിൽ വളരെയധികം പേർ കക്കൂസുകൾ ഉപയോഗിക്കുന്നില്ലെന്നും അവർ തുറന്ന സ്ഥലത്ത് മലമൂത്ര വിസർജ്ജനം നടത്തുകയും ചെയ്യുന്നു. ഇതിലൂടെ വളരെ ലാഘവത്തോടെ നാം വലിയ പ്രശ്നങ്ങളെ വിളിച്ചുകൊണ്ടുവരികയാണ് ചെയ്യുന്നതെന്ന് കാണാം. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയാണ് മറ്റൊരു കാരണമായി ചൂണ്ടിക്കാണിക്കുന്നത്. ഗ്രാമീണമേഖലയിൽ പഞ്ചായത്തുകൾ കക്കൂസുകളില്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായങ്ങൾ നൽകി വരുന്നുണ്ട്. ഇത് കൃത്യമായി ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിലുള്ള സന്നദ്ധപ്രവർത്തകരുടേയും ആരോഗ്യപ്രവർത്തകരുടേയും സേവനം ഉപയോഗിക്കാനാകും.

ഗ്രാമീണമേഖലയിൽ സീവേജ് സമ്പ്രദായം ആരംഭിയ്ക്കാൻ സാധിക്കുമോയെന്ന ചർച്ചകൾ ഉയർന്നുവരേണ്ടതുണ്ട്. ഇത്തരം സംവിധാനങ്ങളുണ്ടായാൽ ചില മാറ്റങ്ങൾ സാധ്യമാവുമെന്ന് കരുതാം. നിലവിൽ കുഴികൾ കുഴിച്ചുണ്ടാക്കുന്ന ശേഖരണശൃംഖലകൾ എത്രമാത്രം പര്യാപ്തമാവും ഭാവിയിലെന്നത് ചിന്തനീയമാണ്. എങ്കിലും ഇപ്പോഴുള്ള സാങ്കേതികത ഇത്തരം സ്ഥിതിവിശേഷത്തെയാണ് പ്രോത്സാഹിപ്പിക്കുന്നതെന്നതിനാൽ കൃത്യമായ സംവിധാനം ഈ രംഗത്ത് ഒരുക്കിയെടുക്കാൻ സാധിക്കേണ്ടതുണ്ട്. മാത്രമല്ല കച്ചവടസ്ഥാപനങ്ങളും മറ്റും പുറംതള്ളുന്ന മാലിന്യത്തെ സംസ്കരിക്കാനുള്ള സൗകര്യങ്ങളുമുണ്ടാകണം. കംമ്പോസ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്നതും അതിന്റെ സാധ്യത പരിശോധിച്ചു കൊണ്ട് നടപ്പിലാക്കാനായാൽ വലിയ മാറ്റം തന്നെ ഈ മേഖലയിൽ കൈവരിക്കാൻ സാധിക്കും.

സമൂഹത്തിന്റെ താഴേക്കിടയിലുള്ളവരെ ഉയർത്തിക്കൊണ്ടു വരികയും അവരുടെ ജീവിത ശൈലിയെ സമൂഹത്തിനാകെ ഗുണകരമാകുന്ന വിധത്തിൽ മാറ്റയെടുക്കുകയും ചെയ്താൽ മാത്രമേ ശുചിത്വരംഗത്ത് നമ്മുക്ക് കൃത്യമായ ഒരു പരിസരമുണ്ടാക്കിയെടുക്കാൻ സാധിക്കും. ഗ്രാമങ്ങളിൽ കൂട്ടായ്മകൾ രൂപീകരിച്ചു കൊണ്ട് നിരന്തരമായ പഠന പ്രവർത്തന പ്രചരണങ്ങൾ നടത്തുന്നതിന് പഞ്ചായത്തുതലത്തിൽ ശ്രദ്ധയുണ്ടാവണം. സ്കൂളുകൾ, ആശുപത്രികൾ, വായനശാലകൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളുടെ പങ്കാളിത്തവും അവരുടെ കൃത്യമായ ഇടപെടലുകൾ സമൂഹത്തിലുണ്ടാവുന്നുന്നെ് ഉറപ്പുവരുത്തുകയും വേണം. സമൂഹതലത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ വിവിധ ഏജൻസികൾ ശ്രമിക്കുന്നുണ്ട്. ഇവരുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനം സംഘടിപ്പിക്കുവാൻ ഗ്രാമതലത്തിലുള്ള സമിതികൾക്കാവും. അതിലൂടെ ഓരോ പ്രദേശവും സമൂഹത്തിന്റെ പൊതുവായ കാഴ്ചപ്പാടിലേക്ക് കൊണ്ടുവരുവാൻ കഴിയും.


നിർമൽ ഗ്രാമ പുരസ്കാർ വലിയ മാറ്റം തന്നെ ഗ്രാമങ്ങളിലെ ശുചിത്വത്തിൽ ഉണ്ടാക്കിയിട്ടുന്നെ കാര്യം നിരാകരിക്കാൻ സാധിക്കില്ല. ഗ്രാമപഞ്ചായത്തുകൾ തങ്ങളുടെ പദ്ധതിയിലുൾപ്പെടുത്തി ഈ രംഗത്ത് മതിയായ രീതിയിലുള്ള പ്രവർത്തനം നടത്തിയെന്നുള്ളതാണ് ഈ പദ്ധതിയുടെ നേട്ടമായി കാണാനാവുക. കക്കൂസുകളുടെ നിർമ്മാണ



വും ശുചിത്വപാലനത്തിൽ ശരിയായ നിലപാടും ഒരുക്കുന്നതിന് സാധിച്ചു. ആളുകളുടെ സ്വഭാവരീതികളിലും മാറ്റമുണ്ടാക്കാൻ സാധിച്ചു. എങ്കിലും ഗ്രാമീണമേഖലയുടെ വലിയ പ്രശ്നമായി നഗരവത്കരണത്തിന്റെ പ്രശ്നം കടന്നുവരുന്നുണ്ട്. ഗ്രാമങ്ങളിൽ ഉണ്ടാക്കിയ ശുചിത്വരീതികൾ മതിയാവില്ല. നഗരങ്ങളായി മാറുന്ന ഗ്രാമങ്ങൾക്കെന്നത് ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുന്ന വിധത്തിലുള്ള മാറ്റങ്ങൾ ക്രിയാത്മകമായി ചെയ്യുകയെന്ന തലത്തിലാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതികളെ തിരിച്ചറിയേണ്ടത്. 2011 ലെ കേരളത്തിലെ സെൻസസ് പ്രകാര കേരളത്തിൽ 94.40 ശതമാനം പേർക്കും കക്കൂസ് സൗകര്യങ്ങൾ ഉണ്ടെന്നതാണ് സൂചിപ്പിക്കുന്നത്. ഇത് ദേശീയ ശരാശരിയായ 32.7 നേക്കാൾ കൂടുതലാണെന്നത് നമ്മുക്ക് അഭിമാനിക്കാവുന്നതാണെങ്കിലും കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങളെ പരിഗണിക്കുമ്പോൾ നിർബന്ധിതമായ മാറ്റം നാം ഉണ്ടാക്കിയെടുക്കേണ്ടിവരും.

വിവിധ പ്രശ്നങ്ങൾ ശുചിത്വത്തിന്റെ രീതികളിൽ പ്രശ്നം ഉണ്ടാക്കുന്നുവെന്ന് കരുതണം. സാംസ്കാരികപരമായും പാരമ്പര്യത്തിലധിഷ്ഠിതമായ വിശ്വാസ രീതികളാണ് അതിലൊന്ന്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നല്ല രീതിയിൽ വിദ്യാഭ്യാസവും പ്രചരണവും ആവശ്യമാണ്. സമൂഹത്തിൻ താഴേക്കിടയിൽ കഴിയുന്നവർ അവരുടെ ജീവിതശൈലിക്ക് എത്തിപ്പെടാൻ സാധിക്കാത്ത വിധത്തിൽ ആധുനിക ശുചീകരണ സൗകര്യങ്ങളെ കാണുന്നു. അതിനാൽ അവർക്ക് പ്രാപ്തമായ വിധത്തിൽ ഇതിനെ എത്തിച്ചു നൽകുന്നതിനുള്ള സേവന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കണം. എല്ലാവർക്കും സൗകര്യപ്രദമാവുന്ന വിധത്തിൽ പൊതുവായ ശുചീകരണ സൗകര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. സാങ്കേതികമായ സൗകര്യങ്ങളെക്കൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് ഇതിനെ കൃത്യതയുള്ളതാക്കുവാൻ സാധിക്കണം. പ്രദേശങ്ങൾ തിരിച്ചുള്ള ശുചീകരണ പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നത്. സുരക്ഷിതമായ ശുചിത്വസൗകര്യവും ശുദ്ധജലവിതരണവും ജനങ്ങൾക്ക് വലിയ ആരോഗ്യസേവനങ്ങളാണ് നൽകുകയെന്നത് പ്രധാനമാണ്. വെള്ളത്തിലൂടെ പകരുന്ന രോഗങ്ങൾ വലിയ രോഗങ്ങളായി മാറുകയും അത് നമ്മുടെ സമൂഹത്തിൽ വലിയ അപകടമായി തീരുകയും ചെയ്യുന്നുവെന്നാണ് സമീപകാല സാഹചര്യങ്ങൾ സൂചിപ്പിക്കുന്നത്. വലിയ കെട്ടിടങ്ങളിലെ വിവിധ വീടുകൾക്ക് ആവശ്യമായ കക്കൂസ് സൗകര്യങ്ങൾ ഉണ്ടോയെന്നത് പരിശോധിക്കണം. മാത്രമല്ല, കൂടുതൽ ആളുകൾ കൂട്ടംകൂടി താമസിക്കുന്ന ഇടങ്ങളിലും മതിയായ ശുചിത്വസൗകര്യങ്ങൾ ഉണ്ടോയെന്നത് പരിശോധിക്കണം. മാത്രമല്ല കൂടുതൽ ആളുകൾ കൂട്ടംകൂടി താമസിക്കുന്ന ഇടങ്ങളിലും മതിയായ ശുചിത്വസൗകര്യങ്ങൾ ലഭ്യമാണെന്നത് ഉറപ്പുവരുത്തണം.

ഈ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പ്രധാനമാണ്. മനുഷ്യാവകാശങ്ങളുടെ വലിയ വികസന സമീപനമായി ഇതിനെ മാറ്റിയെടുക്കാൻ സാധിക്കേണ്ടതുണ്ട്. അത്തരത്തിൽ പാർശ്വവത്കരിക്കപ്പെട്ട ജനങ്ങളിലേക്ക് ഈ ആശയത്തെ എത്തിക്കുവാൻ സാധിച്ചാൽ മാത്രമേ നമ്മുക്ക് വികസിതമായ ഒരു രാഷ്ട്ര സംവിധാനത്തെ രൂപപ്പെടുത്തിയെടുക്കാൻ സാധിക്കുകയുള്ളൂ. ◆



## സേവാഗ്രാം: ആര്യങ്കോട് പഞ്ചായത്തിന് 25 ലക്ഷം

ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ 'സേവാഗ്രാം' പദ്ധതി നടപ്പിലാക്കിയ തിരുവനന്തപുരം ജില്ലയിലെ ആര്യങ്കോട് ഗ്രാമപഞ്ചായത്തിന് പഞ്ചായത്ത്-സാമൂഹ്യ നീതിവകുപ്പ് മന്ത്രി 25 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചു. ഗ്രാമപഞ്ചായത്ത് പുതുതായി പണികഴിപ്പിച്ച ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി. സേവാഗ്രാമിന്റെ പ്രവർത്തനം എല്ലാ പഞ്ചായത്തുകളും നടപ്പിലാക്കി ആര്യങ്കോടിന്റെ മാതൃക പിന്തുടരണമെന്നും ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ പഞ്ചായത്ത് സേവനങ്ങൾ അതിവേഗം ജനങ്ങളിലേക്കെത്തിക്കുന്നതിന് നടപ്പിലാക്കുന്ന 'ലെസ്പേപ്പർ പഞ്ചായത്ത്' പോലുള്ള പദ്ധതികളേയും അവശ ജനവിഭാഗങ്ങൾക്ക് സാന്ത്വനമേകുന്ന പാലിയേറ്റീവ് യൂണീറ്റ്, ബഡ്സ്കൂൾ, പകൽവീട് തുടങ്ങിയ ക്ഷേമപദ്ധതികളേയും മന്ത്രി അഭിനന്ദിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.എസ്. ഗീതാരാജശേഖരന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെക്രട്ടറി എസ്.ഒ ഷാജികുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. സുജാതകുമാരി, ജില്ലാ പഞ്ചായത്തംഗം ഷൈൻകുമാർ, ജെ.പിസി വി. പ്രേമാനന്ദ്, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.എസ്.ജീവൽകുമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എ. ഓമന അമ്മ, കെ.ശിവൻകുട്ടി എന്നിവർ സംസാരിച്ചു.




## മങ്കര ഗ്രാമപഞ്ചായത്ത് സാക്ഷരതയിലേക്ക്

സമഗ്ര എച്ച്.ഐ.വി സാക്ഷരതയിലേക്ക് എത്തുന്നതിനുള്ള യജ്ഞത്തിന് തുടക്കം കുറിക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ ഗ്രാമപഞ്ചായത്തായി പാലക്കാട് ജില്ലയിലെ മങ്കര. മങ്കര ഗ്രാമപഞ്ചായത്തും കേരളസംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുമായി സമഗ്ര എച്ച്.ഐ.വി സാക്ഷരതയിലേക്ക് എത്തുന്നതിന് വേണ്ടിയുള്ള ധാരണാപത്രം 01.12.2014 ന് ഒപ്പുവെച്ചു. ധാരണാപത്രത്തിലെ ഉടമ്പടികൾ ഇപ്രകാരം.

1. മങ്കര ഗ്രാമപഞ്ചായത്ത് സമഗ്ര എച്ച്.ഐ.വി സാക്ഷരതയിലേക്ക് എത്തുന്നതിനുള്ള തീവ്രയജ്ഞ പരിപാടി തുടങ്ങുന്നതിന് ഡിസംബർ 1 മുതൽ കേ



രള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് സമ്മതിക്കുന്നു.

2. സമഗ്ര എച്ച്.ഐ.വി സാക്ഷരത നേടുന്നതിന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ ആവശ്യമാണെന്ന് മങ്കര ഗ്രാമപഞ്ചായത്ത് ഭരണസമിതി മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുമെന്ന് ഉറപ്പുതരുകയും ചെയ്യുന്നു.
3. സമഗ്ര എച്ച്.ഐ.വി സാക്ഷരത നേടുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും വാർഡ്തല പ്രവർത്തനങ്ങൾക്ക് വാർഡ് മെമ്പർമാരും നേതൃത്വം നൽകുന്നതാണ്. രണ്ടാഴ്ചയിലൊരിക്കൽ പഞ്ചായത്ത് പ്രസിഡന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വിലയിരുത്തുന്നതിന് അവലോകനയോഗം നടത്തുന്നതാണ്.
4. സംയുക്തമായി നടപ്പാക്കാൻ തീരുമാനിക്കുന്ന പ്രവർത്തനങ്ങളുടെ സാങ്കേതിക സഹായം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, മങ്കര പ്രാഥമികാരോഗ്യ കേന്ദ്രം, ജില്ലാ മെഡിക്കൽ ഓഫീസ് എന്നിവയുടെ സഹായത്തോടെ നടപ്പിലാക്കുന്നതാണ്.
5. 2015 ഫെബ്രുവരി-മാർച്ച് മാസം നിശ്ചിത സൂചകങ്ങളെ അടിസ്ഥാനമാക്കി വീണ്ടും ഒരു വിലയിരുത്തൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നടത്തുന്നതായിരിക്കും. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സമഗ്ര സമ്പൂർണ്ണ സാക്ഷരത നേടിയോയെന്ന് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി തീരുമാനിക്കുകയും അനുയോജ്യമായ സംസ്ഥാനതല യോഗത്തിൽ വെച്ച് പ്രസ്തുത വിവരത്തിന്റെ ഔദ്യോഗികമായ പ്രഖ്യാപനം നടത്തുകയും ചെയ്യും.
6. തീവ്രയജ്ഞ പരിപാടിയുടെ കാലഘട്ടത്തിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും, മങ്കര ഗ്രാമപഞ്ചായത്തും പ്രവർത്തനത്തിന്റെ ഏകോപനത്തിനായി നോഡൽ ഓഫീസർമാരെ നിയമിക്കുന്നതായിരിക്കും.

തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഉഷാകുമാരിയും മങ്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എൻ.ഗോകുൽദാസും ആരോഗ്യവകുപ്പ് മന്ത്രി വി.എസ്. ശിവകുമാറിന്റെ സാന്നിധ്യത്തിൽ ധാരാണാപത്രം കൈമാറി.

## ആനക്കയം ഗ്രാമപഞ്ചായത്ത് ദേശചരിത്ര പുസ്തകം

ഏതൊരു ദേശത്തിനും അതിന്റേതായ ഒരു ഭൂതകാലചരിത്രമുണ്ടാവും. കാലത്തിന്റെ പ്രവാഹത്തിൽ ഇരുളിലാണ്ടുപോയതോ അധിനിവേശങ്ങളുടെ മർക്കടമുഷ്ടിയാൽ തമസ്കരിക്കപ്പെട്ടതോ ആയ അത്തരം സ്വത്വ പാരമ്പര്യങ്ങളെ വെളിച്ചത്തുകൊണ്ടുവരലാണ് പ്രാദേശികചരിത്രരചനകൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെ തുറന്നു പ്രദർശിപ്പിക്കുമ്പോഴാണ് സ്വന്തം നാടിന് ഇത്രമാത്രം വിപുലമായ പാരമ്പര്യമുണ്ടോ എന്ന് ഓരോ ദേശവാസിയും കൗതുകപ്പെട്ടുപോവുക.

മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച ദേശ ചരിത്രവും വർത്തമാനവും എന്ന പ്രാദേശിക ചരിത്ര ഗ്രന്ഥവും നമ്മെ അങ്ങനെയൊരു കൗതുകത്തിലേക്കു കൈപിടിച്ചു നടത്തിയേക്കും. 23 വാർഡുകളുൾക്കൊള്ളുന്ന പഞ്ചായത്തിന്റെ പൂർവ്വചരിത്രത്തിലേക്ക് അന്വേഷണാത്മകമായ ഒരു തീർത്ഥ സഞ്ചാരമാണ് ഈ പുസ്തകം. ശിലായുഗ കാലഘട്ടത്തിന്റെ അവശേഷിപ്പുകളിൽ നിന്നു തുടങ്ങി, ആധുനിക കാലത്തിന്റെ പ്രൗഢിയിലെത്തിനിൽക്കുന്ന പഞ്ചായത്തിന്റെ വൈവിധ്യമാർന്ന അനുഭവസ്ഥലികളെ ഈ പുസ്തകം പഠനവിധേയമാക്കുന്നുണ്ട്. കാർഷിക വിപ്ളവങ്ങൾ, സ്വാതന്ത്ര്യസമരം എന്നിവയിൽ ഈ പ്രദേശം വഹിച്ച പങ്ക് തൊട്ട് വിദ്യാഭ്യാസത്തിന്റെ വളർച്ച, സംസ്കാരത്തിന്റെ വളർച്ച, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളടക്കമുള്ള വിവിധ മേഖലകളുടെ സ്ഥാപനവും വളർച്ചയും കാർഷിക ചരിത്രം, സ്ഥലനാമ ചരിത്രം, മഹത് വ്യക്തികളുടെ ജീവിതവും സംഭാവനകളും, കലാരൂപങ്ങൾ, ക്ഷേത്രങ്ങളോടും മറ്റും ബന്ധപ്പെട്ടു കിടക്കുന്ന ഐതീഹ്യങ്ങൾ, ജീവജാലങ്ങൾ, മണ്ണിനങ്ങൾവരെയുള്ള അനേകം വസ്തുതകളെ ഈ പുസ്തകം ചർച്ചയ്ക്കു വിധേയമാക്കുന്നു.

ദേശചരിത്രം പഠിക്കുന്ന ഗവേഷകർക്കും വിദ്യാർത്ഥികൾക്കും മാത്രമല്ല, പഴയ കാലത്തെ അയവിറക്കാനിഷ്ടപ്പെടുന്ന മുതിർന്ന തലമുറയ്ക്കുംകൂടി ഒരുപോലെ ആസ്വാദ്യകരവും വിജ്ഞാനപ്രദവുമായ രീതിയിലാണ് പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. റഫറൻസ് ഗ്രന്ഥമെന്ന നിലയ്ക്ക് പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വായനശാലകൾ, പകൽവീടുകൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ ഈ ചരിത്രപുസ്തകത്തിന്റെ കോപ്പികൾ ലഭ്യമാവുന്ന രീതിയിലുള്ള സംവിധാനമാണ് കെ. വി. മുഹമ്മദാലി നേതൃത്വം വഹിക്കുന്ന പഞ്ചായത്ത് ഭരണ സമിതി ഒരുക്കിയിരിക്കുന്നത്. ആനക്കയം ഗ്രാമപഞ്ചായത്ത് നിവാസിയും കഥാകൃത്തുമായ റഹുമാൻ കിടങ്ങയമാണ് പുസ്തകത്തിന്റെ എഡിറ്റർ. ആനക്കയം ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചരിത്രപുസ്തകം തയ്യാറാക്കിയത്.



ഉദയഭാനു കണ്ടേത്ത്

# പഞ്ചായത്ത് അക്കൗണ്ട് സംശയങ്ങളും മറുപടികളും

സെൽഫ് ചെക്ക് എഴുതിയാൽ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടത് എപ്പോൾ? കാര്യങ്ങൾ അറിയാവുന്ന ഒരു കേന്ദ്രത്തിൽ നിന്ന് ഈയിടെ ലഭിച്ച ഉപദേശം, ബാങ്കിൽ നിന്ന് പണം പിൻവലിച്ച്, തുക പഞ്ചായത്തിൽ എത്തിക്കഴിഞ്ഞതിനു ശേഷം മാത്രം സാംഖ്യയിൽ കോൺട്ര എൻട്രി രേഖപ്പെടുത്തിയാൽ മതിയെന്നാണ്. ഇതു ശരി തന്നെയല്ലേ?

ഒട്ടും ശരിയല്ല, ഏത് ഇടപാടും നടക്കുന്നയുടൻ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണ്. സെൽഫ് ചെക്ക് എഴുതിക്കഴിഞ്ഞ ഉടൻതന്നെ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണ്. സെൽഫ് ചെക്ക് ബാങ്കിലേക്ക് കൊണ്ടുപോയിട്ടില്ലെങ്കിൽ പോലും ഇതേ നടപടിയാണ് സ്വീകരിക്കേണ്ടത്.

പഞ്ചായത്ത് ഓഫീസിലെ തിരക്ക് എല്ലാപേർക്കും അറിയാവുന്നതാണ്. ഇക്കാരണം കൊണ്ടു തന്നെ ധാരാളം തെറ്റുകൾ സംഭവിച്ചു പോകുന്നു. വർഷാവസാനം ഇത്രയേറെ തെറ്റുകൾ ഒറ്റയടിക്ക് തിരുത്താനാവാത്തതിനാൽ, തെറ്റുകൾ ഉൾക്കൊള്ളുന്ന വാർഷിക ധനകാര്യപത്രിക സമർപ്പിക്കേണ്ടി വരുന്നു. അൺക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കാതെ വരുകയും ചെയ്യുന്നു. ഏതിടപാട് രേഖപ്പെടുത്തിയാലും യാതൊരു തെറ്റും വരാത്ത വിധത്തിൽ സാംഖ്യ സോഫ്റ്റ്വെയർ ആപ്ലിക്കേഷനിൽ വ്യവസ്ഥ ഉൾപ്പെടുത്താൻ സാധ്യമല്ലേ? അക്കൗണ്ടിംഗിൽ പ്രാഗത്ഭ്യം കുറഞ്ഞ ജീവനക്കാർ വരുത്താവുന്ന തെറ്റുകളെല്ലാം മുൻകൂട്ടി മനസ്സിലാക്കി, അവയൊക്കെ പ്രതിരോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെന്നത് സാംഖ്യ സോഫ്റ്റ് വെയർ ആപ്ലിക്കേഷന്റെ മേന്മയുടെ മാറ്റു കുറയ്ക്കുന്നില്ലേ? അക്കൗണ്ടിംഗ് ഒട്ടുമറിയാത്ത ഒരാളിനു പോലും അക്കൗണ്ടിംഗ് നിർവ്വഹിക്കാൻ കഴിയുന്ന തരത്തിലുള്ള അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ അല്ലേ അഭികാമ്യം?

ദിനംപ്രതിയുള്ള പത്രങ്ങൾ പരിശോധിച്ചാൽ മാരുതി മുതൽ ഔഡി. ബി.എം.ഡബ്ല്യു വരെയുള്ള കാറുകൾ റോഡ് ഡിവൈഡറിൽ ഇടിച്ചെന്നും, എതിരെവന്ന വാഹനവുമായി കൂട്ടിയിടിച്ചെന്നും, നിയന്ത്രണം വിട്ട് കൊക്കയിലേക്ക് മറിഞ്ഞെന്നുമുള്ള വാഹനാപകടങ്ങളുടെ വാർത്തകൾ കേൾക്കാം. ഇത്തരം അപകടങ്ങളിൽ ഈ വാഹനങ്ങൾ പെടാത്തവിധം എന്തുകൊണ്ട് വാഹന നിർമ്മാതാക്കൾ കാറുകൾ നിർമ്മിക്കുന്നില്ലെന്ന് ആരും ചോദിച്ചു കണ്ടില്ല. അതുപോലെ ഡ്രൈവിംഗ് ഒട്ടും പഠിക്കാത്ത ഒരാളിനു പോലും സുമഗമമായി ഡ്രൈവ് ചെയ്യത്തക്ക വിധത്തിൽ കാറുകൾ നിർമ്മിച്ചു കൂടേയെന്ന് ആരും ചോദിച്ചതായി ഓർക്കുന്നില്ല.

ഏതൊരു തൊഴിൽ ചെയ്യുന്നതിനും ആ തൊഴിലിനെപ്പറ്റിയുള്ള അറിവ് അത്യാവശ്യമാണ്. വൈദ്യശാസ്ത്രം പഠിക്കാതെ ചികിത്സിക്കാനോ, അക്കൗണ്ടിംഗ് ഒട്ടും മനസ്സിലാക്കാതെ അക്കൗണ്ടിംഗ് നിർവ്വിഹിക്കാനോ തുനിയുന്നത് സാഹസമാണ്.

ഓരോ ഇടപാട് രേഖപ്പെടുത്താൻ തുടങ്ങുമ്പോഴും ട്രാൻസാക്ഷൻ ടൈപ്പുമായി ബന്ധപ്പെട്ട കോംപ്ബോക്സിൽ ആവശ്യമായ ഹെഡ്ഡുകൾ മാത്രമേ ഉണ്ടായിരിക്കൂ. ഏതെങ്കിലും കാരണവശാൽ വല്ല ഹെഡ്ഡുകളും വിട്ടുപോയിട്ടുങ്കിൽ അക്കാര്യത്തിൽ മാത്രമായിട്ടാണ് List All കൊടുത്തിരിക്കുന്നത്. എന്നാൽ List All എടുത്ത് ഒരപകട ശങ്കയും കൂടാതെ എൻട്രി വരുത്തുന്നതിന്റെ ഫലമായി അക്കൗണ്ടിംഗിൽ തെറ്റുവന്നു പോകുന്നു. ചിലർ ചോദിക്കുന്നത് List All ഉപയോഗിക്കുമ്പോൾ തെറ്റ് സംഭവിച്ചേക്കാമെന്നതിനാൽ List All തന്നെ എടുത്തുകളഞ്ഞുകൂടേയെന്നാണ്. ഏത് നല്ല കാര്യവും ദുരുപയോഗം ചെയ്യാൻ കഴിയും. പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് കോംബയിൽ കാണുന്നില്ലെങ്കിൽ List All ഉപയോഗിക്കാം. അക്കൗണ്ടിംഗ് സുഗമമായി മുന്നോടു പോകും. ചിലതൊക്കെ ദുരുപയോഗം ചെയ്യുന്നതിനാൽ List All എടുത്തുകളയുകയല്ലേ വേണ്ടത്. ഇപ്രകാരം തെറ്റായി പ്രവർത്തിക്കുന്ന വ്യക്തികൾക്ക് ആവശ്യമായ വിവരം ഗ്രൂപ്പ് ചർച്ചകളിലൂടെയോ പരിശീലന പരിപാടികളിലൂടെയോ നൽകുകയാണ് അഭികാമ്യമാ മാർഗ്ഗം.

റെസീപ്റ്റ് വൗച്ചർ, പെയ്മെന്റ് വൗച്ചർ, ജേണൽ വൗച്ചർ, കോൺട്രാ വൗച്ചർ എന്നീനാല് അക്കൗണ്ടിംഗ് രേഖകൾ വഴി വിവരങ്ങൾ രേഖപ്പെടുത്തുക മാത്രമേ സാംഖ്യയിൽ ചെയ്യേണ്ടതുള്ളൂ. ഗഹനമായ യാതൊ

രു അക്കൗണ്ടിംഗ് പ്രക്രിയയും പ റിക്കേണ്ടതില്ല. ഒരു രജിസ്റ്ററിലും ഈ വിവരങ്ങളൊന്നും പകർത്തി എഴു തേണ്ടതില്ല. ക്യാഷ് ബുക്കും ബാങ്ക് ബുക്കും എഴുതേണ്ട. ലെഡ്ജറിൽ ഒന്നും പോസ്റ്റ് ചെയ്യേണ്ട. ട്രയൽ ബാലൻസ്, ബാലൻസ് ഷീറ്റ്, ഇൻ കം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേ റ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഒന്നും തയ്യാറാക്കേണ്ട.

ക്യാഷ്ബുക്ക് മുതൽ ബാലൻസ് ഷീറ്റ് വരെയുള്ള ഓരോ ബുക്കും സ്റ്റേറ്റ്മെന്റും സാംഖ്യയിൽ ഓരോ റിപ്പോർട്ടാണ്. ഓരോ മൗസ് ക്ലിക്കിൽ ഇവ ലഭ്യമാണ്. ആവശ്യമായ പ്രിന്റൗ ട്ട് എടുത്ത് സൂക്ഷിക്കാൻ കഴിയും.

ക്യാഷ് ബുക്ക് എഴുതിയില്ല, വാർ ഷിക ധനകാര്യ പത്രിക തയ്യാറാ ക്കാൻ ഇനിയും സമയം വേണം. ഇതെല്ലാം പഴങ്കഥയാണിപ്പോൾ. ഓരോ വൗച്ചറും രേഖപ്പെടുത്തിക്കഴി ഞ്ഞയുടനെ എല്ലാ ബുക്കുകളും സ്റ്റേ റ്റ്മെന്റുകളും തയ്യാറായിക്കഴിഞ്ഞു.

പഞ്ചായത്തുകളുടെ വാർഷിക ധനകാര്യ പത്രികകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിക്കുന്നതി ലെ കുടിശ്ശിക ഒരു വർഷം മുതൽ പത്തിലേറെ വർഷങ്ങളായിരുന്നു. ഒരു ദശാബ്ദത്തിന് മുമ്പുള്ള കഥയാ ണിത്. എന്നാൽ 2013-14 ലെ വാർ ഷിക ധനകാര്യപത്രിക നിശ്ചിത തീയതിയായ 2014 മെയ് 15 ന് മുമ്പോ ഒരല്പം മാത്രം താമസിച്ചോ മു ഴുവൻ പഞ്ചായത്തുകളും ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിച്ചതാണ് പുതിയ കഥ. പഞ്ചായത്തുകളുടെ കണക്കുകൾ കൃത്യവും, സമയബ ന്ധിതവും സുതാര്യവുമായി തയ്യാ റാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ജീവനക്കാർ ക്കും സാംഖ്യ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ സ്തുത്യർഹമായ സേവനമാണ് നൽകുന്നത്.

സാംഖ്യയുമായി നല്ലവണ്ണം പരിച യിച്ചിട്ടുള്ള അക്കൗണ്ടന്റുമാരുടേ യും അസിസ്റ്റന്റ് സെക്രട്ടറിമാരു ടേയും ജൂനിയർ സൂപ്രണ്ടുമാരുടേ യും അക്കൗണ്ടന്റ് - കം- ഐ.ടി എക്സ്പർട്ടുമാരുടേയും, ഐ.കെ. എം സാങ്കേതിക വിദഗ്ദ്ധരുടേയും പരിജ്ഞാനം പ്രയോജനപ്പെടുത്തി പഞ്ചായത്ത് വകുപ്പും ഗ്രാമവികസന വകുപ്പും പ്രത്യേകം ശ്രദ്ധ നൽകു ന്നുണ്ട്. പ്രതിമാസം ബ്ലോക്ക് തല ത്തിലും ജില്ലാതലത്തിലും നടത്തു ന്ന ഗ്രൂപ്പ് ചർച്ചകൾ, ഇടയ്ക്കിടെ കി ലയിലും സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിലും നടത്തുന്ന റിഫ്രെ ഷർ പരിപാടി തുടങ്ങിയവ ഇക്കാര്യ ത്തിൽ ഒട്ടേറെ പ്രധാനം ചെയ്യുന്നു.

ഓരോ മാസത്തിന്റേയും ആദ്യ വാരത്തിൽ കഴിഞ്ഞ മാസത്തെ അക്കൗണ്ട് സമഗ്രമായി പരിശോധി ച്ച് തെറ്റു തിരുത്തുക, ബാങ്ക്/ ട്രഷ റി റീക്കൺസിലേഷൻ നടത്തുക, വന്നുപോയ തെറ്റുകൾ ആവർത്തി ക്കാതിരിക്കാൻ ജാഗ്രത പുലർത്തു ക-ഇത്രയും ചെയ്തു കഴിഞ്ഞാൽ കുറ്റമറ്റ വാർഷിക ധനകാര്യ പത്രിക 2015 എപ്രിലിൽ തന്നെ സമർപ്പിക്കാ നാകും.

പഞ്ചായത്തിന്റെ ഒരു വർ ഷത്തെ വരുമാനവും ചെ ലവും എത്രയെന്ന് ചോ ദിച്ചാൽ "ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാര മുള്ള തുകകളാണോ അതോ "റസീ റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണോ മറുപ ടിയായി അയക്കേണ്ടത്? യഥാർത്ഥ ത്തിൽ കൈയിൽ വന്നു ചേർന്നതും കൈയ്യിൽ നിന്നു പോന്നതുമായ തുകകളുടെ കണക്ക് "റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലായിരിക്കും ലഭ്യമെന്നതിനാൽ "റസീറ്റ് ആന്റ് പേ യ്മെന്റ് സ്റ്റേറ്റ്മെന്റ്" അല്ലേ യഥാർ ത്ഥത്തിൽ പഞ്ചായത്തിന്റെ കണക്ക്? മാത്രവുമല്ല യഥാർത്ഥത്തിൽ കൈ യ്യിൽ വന്നുചേർന്ന കുടിശ്ശിക തുകക ളുടെ കണക്കൊന്നും "ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ അത് യഥാർ ത്ഥ്യവുമായി ഒരു ബന്ധവുമില്ലാത്ത കണക്കല്ലേ?

അക്രൂവൽ അടിസ്ഥാനമാ ക്കിയ അക്കൗണ്ടിംഗിനെപ്പ റ്റി ശരിയായ ധാരണകൾ സ്വരൂപിക്കാത്തതും ക്യാഷ് അടി സ്ഥാനമാക്കിയ അക്കൗണ്ടിംഗ് രീതിയുമായി വേർപ്പെടുത്താനാ കാത്ത വിധത്തിൽ മനസ്സിഴകിപ്പോ യതുമാണ് ഈ ചോദ്യത്തിന്റെ അടിസ്ഥാനം.

കേരളത്തിലെ ത്രിതല പഞ്ചായത്തു കളുടെ അക്കൗണ്ടിംഗ് സംവിധാനം അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലായിരിക്കണമെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് (ആക്കൗണ്ടിംഗ്) ചട്ടങ്ങൾ നിർദ്ദേശി ക്കുന്നു. നഗരസഭകൾക്കായി 2007 ൽ പുറപ്പെടുവിച്ച കേരള മുൻസിപ്പാ ലിറ്റി (അക്കൗണ്ടിംഗ്) ചട്ടങ്ങളിലും ഇതേ രീതി നിർദ്ദേശിച്ചിരിക്കുന്നു. മാത്രവുമല്ല ഭാരതത്തിലെ കേന്ദ്ര -സംസ്ഥാന സർക്കാരുകളുടെ മു ഴുവൻ അക്കൗണ്ടിംഗും അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലേക്ക് സമയബന്ധിതമായി മാറണമെന്ന് 2007 ൽ കേന്ദ്ര-സംസ്ഥാന സർക്കാ രുകൾക്കും സർക്കാർ വകുപ്പുകൾ ക്കും ബാധകമായി പുറപ്പെടുവിച്ച റഗുലേഷൻ ഓൺ ഓഡിറ്റ് ആന്റ് അക്കൗണ്ട്സ് എന്ന പേരിലുള്ള ചട്ട ങ്ങളിൽ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ നിർദ്ദേശിക്കു ന്നുമുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളു ടേയും തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങളുടേയും കണക്കുകൾ നില വിലുണ്ടായിരുന്ന (അഥവാ നില വിലുള്ള) ക്യാഷ് അടിസ്ഥാനത്തി ലുള്ള സമ്പ്രദായത്തിൽ നിന്ന് മാറി, അക്രൂവൽ അടിസ്ഥാനത്തിലുള്ള സമ്പ്രദായത്തിലേക്ക് മാറണമെന്ന് തീരുമാനിക്കണമെങ്കിൽ പുതിയ സമ്പ്രദായത്തിന് എന്തെങ്കിലും മേന്മ കൾ ഉണ്ടായിരിക്കണമല്ലോ.

എന്താണ് ക്യാഷ് അടിസ്ഥാനത്തി ലുള്ള സമ്പ്രദായത്തേക്കാൾ അക്രൂ വൽ അടിസ്ഥാനത്തിലുള്ള സമ്പ്ര ദായം മെച്ചമാണെന്ന് പറയാൻ കാരണം?

താഴെനോക്കുക

| ചോദ്യം | അക്രൂവൽ അടിസ്ഥാന മാക്കിയ അക്കൗണ്ടിംഗ് സമ്പ്രദായം | ക്യാഷ് അടിസ്ഥാനത്തി ലുള്ള അക്കൗണ്ടിംഗ് സമ്പ്ര ദായം |
|---|---|---|
| 1. ലഭിയ്ക്കാനുള്ളതും നൽകാനുള്ളതുമായ തുക കളുടെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗ മായി ലഭ്യമാണോ? | ലഭ്യമാണ് (ബാലൻസ് ഷീറ്റ്) | ലഭ്യമല്ല |
| 2. വർഷാന്ത്യം സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി യെന്തായിരുന്നുവെന്ന വിവരം (അതായത് ആസ്തി ബാധ്യതകളുടെ വിവരം ലഭ്യമാണോ ? | ലഭ്യമാണ് (ബാലൻസ് ഷീറ്റ്) | ലഭ്യമല്ല |
| 3. കഴിഞ്ഞ വർഷത്തെ പ്രവർത്തനഫലം എന്തായിരുന്നു വെന്ന് (അതായത്, മിച്ചമായിരുന്നോ, സ്റ്റേറ്റ്മെന്റ്) കമ്മിയായിരുന്നോ എന്ന്) വാർഷിക ധനകാര്യ പത്രി കയിൽ നിന്ന് മനസ്സിലാക്കുമോ? | മനസ്സിലാകും (ഇൻകം & എക്സ്പെൻ ന്റിച്ചർ | മനസ്സിലാവില്ല |
| 4. കഴിഞ്ഞവർഷം ആരംഭത്തിൽ കൈയ്യിലും ബാങ്കിലുമാ യി ഉണ്ടായിരുന്നതും കഴിഞ്ഞ വർഷത്തിൽ കയ്യിലേ ക്കും ബാങ്കിലേക്കുമായി വന്നു ചേർന്നതും, വർഷാ ന്ത്യം കൈയ്യിലും ബാങ്കിലും നീക്കിയിരുപ്പായി ഉണ്ടാ യിരുന്ന തുമായ തുകകകളുടെ വിവരം ലഭ്യമാണോ? | ലഭ്യമാണ് (റെസിപ്റ്റ് & ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ്) | ലഭ്യമാണ് (വാർഷിക ധനകാര്യ പത്രിക തന്നെ ഒരു റെസിപീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് ആണ്. |

അക്കൗണ്ടിംഗ് സംബന്ധിച്ച് സുപ്ര ധാനമായ നാല് വിവരങ്ങളുടെ കാ ര്യമാണ് മുകളിൽ ചോദ്യങ്ങളായി ഉന്നയിച്ചത്. ആ നാല് വിവരങ്ങളും അക്രൂവൽ അടിസ്ഥാനമാക്കിയ അക്കൗണ്ടിൽ നിന്ന് ലഭിയ്ക്കും. എന്നാൽ നാലാമത്തെ വിവരം മാ ത്രമേ ക്യാഷ് അടിസ്ഥാനമാക്കി അക്കൗണ്ടിൽ നിന്ന് ലഭിക്കുകയു ള്ളൂ. അക്രൂവൽ അടിസ്ഥാനമാക്കിയ സമ്പ്രദായത്തിന്റെ മെച്ചത്തിന് കൂടു തൽ തെളിവ് ആവശ്യമില്ലല്ലോ.

ഒരു വർഷത്തെ ഇടപെടലുകളുടെ ഫലമായി വർഷ്യാന്ത്യത്തിൽ ചില തുകകൾ ലഭിക്കാനുള്ളതായും നൽകാനുള്ളതായും അവശേഷി ക്കുന്നത് സ്വാഭാവികമാണ്. ഇവ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ ഒരു വർഷത്തെ കണക്ക് പൂർണ്ണമാ വുകയുള്ളൂ. ഇപ്രകാരം പൂർണ്ണമായ കണക്കായിരിക്കണം അടുത്ത വർഷത്തെ പ്രവർത്തനങ്ങൾ സംബ ന്ധിച്ച തയ്യാറെടുപ്പിന്റെ അടിത്തറ. ക്യാഷ് അടിസ്ഥാനത്തിലുള്ള വാർ ഷിക ധനകാര്യ പത്രിക ഒരു റെസി പ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് മാത്രമാണ്. അതിനാൽ മേൽപ്പറഞ്ഞ വിവരം ലഭിക്കാൻ അത് സഹായ കമല്ല.

സ്ഥാപനത്തിന്റെ ആസ്ഥി-ബാധ്യ തകളാണ് സ്ഥാപനത്തിന്റെ സാ മ്പത്തിക സ്ഥിതി എന്താണെന്ന വിവരം നൽകുന്നത്. ബാലൻസ് ഷീറ്റ് ഇല്ലാത്തതിനാൽ ക്യാഷ് അടി സ്ഥാനത്തിലുള്ള വാർഷിക ധനകാ ര്യ പത്രികയുടെ അടിസ്ഥാനത്തിൽ ആസ്ഥി ബാധ്യത സംബന്ധിച്ച ഒരു തീരുമാനവും എടുക്കാനാകില്ല.

ചെലവ് നിർവ്വഹിക്കാനാവശ്യമായ പ്രതിവർഷ വരുമാനമുണ്ടോ, അഥ വാ പ്രതിവർഷ വരുമാനത്തിന് വിധേയമായതാണോ പ്രതിവർഷ ചെലവെന്ന വിവരത്തിന്റെ അടിസ്ഥാ നത്തിൽ മാത്രമേ അടുത്ത വർഷ ത്തേയ്ക്കുള്ള സുപ്രധാന നയങ്ങൾ രൂപീകരിക്കാനും തീരുമാനമെടുക്കാ നും സാധിക്കുകയുള്ളു. അക്രൂവൽ അടിസ്ഥാനമാക്കിയ അക്കൗണ്ടിൽ നിന്നു മാത്രമേ ഈ വിവരം അട ങ്ങിയ ഇൻകം ആന്റ് എക്സ്പെൻ ന്റിച്ചർ സ്റ്റേറ്റ്മെന്റ് ലഭിക്കുകയുള്ളൂ.

സ്വരൂപിച്ച തുകകൾ എത്രയെന്നും ചെലവായി നൽകിയ തുക കഴി ച്ചുള്ള നീക്കിയിരിപ്പ് എത്രയാണെ ന്നുമുള്ള വിവരം രണ്ട് സമ്പ്രദായ ത്തിലുമുള്ള അക്കൗണ്ടിംഗ് സമ്പ്ര ദായത്തിലും തയ്യാറാക്കുന്നുണ്ട്. റെസ്പീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ് മെന്റ് എന്ന പത്രിക സുപ്രധാനമായ വിവരംതന്നെയാണ് നൽകുന്നത്. എന്നാൽ അതിൽ ലഭിച്ചതായി കാ ണിക്കുന്ന തുകയല്ല ഒരു ആണ്ടത്തെ വരുമാനം. (കാരണം ഇതിൽ കു ടിശ്ശികയും ഉൾപ്പെടുന്നു. ലഭിക്കാ നുള്ള തുകകൾ ഉൾപ്പെടുന്നുമില്ല). നൽകിയ തുകയല്ല ഒരാണ്ടത്തെ ചെലവ്. (കാരണം, നൽകാനുള്ള തുകകൾ ഇതിൽ ഉൾപ്പെടുന്നില്ല, മുൻവർഷം നൽകാനുണ്ടായിരുന്ന കുടിശ്ശിക ഉൾപ്പെടുന്നുമുണ്ട്.)

ഒരാണ്ടത്തെ വരുമാനവും ചെലവും എത്രയെന്ന യാഥാർത്ഥ വിവരം ഇൻ കം ആന്റ് എക്സപെൻന്റിച്ചർ സ്റ്റേ റ്റ്മെന്റിൽ നിന്നു മാത്രമേ ലഭിക്കൂ. ◆

# നാദാപുരം ഗ്രാമപഞ്ചായത്ത് വികസനപാതയിൽ

കോഴിക്കോട് ജില്ലയുടെ വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന കൃഷിയ്ക്കും വ്യാപാരത്തിനും ഒരു പോലെ പ്രാധാന്യമുള്ള ഒരു ഗ്രാമപഞ്ചായത്താണ് നാദാപുരം ഗ്രാമപഞ്ചായത്ത്. ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 2011 ലെ സെൻസസ് അനുസരിച്ച് 42411 ആണ്. കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലം കൂട്ടായ്മയിലൂടെ നാദാപുരം ഗ്രാമപഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾ അനവധിയാണ്. 2013-14 ലെ കേരള സംസ്ഥാനത്തിലെ ഏറ്റവും മികച്ച മൂന്നാമത്തെ പഞ്ചായത്തായി നാദാപുരം പഞ്ചായത്ത് തലയുയർത്തി നിന്നു. അതിന് മുമ്പ് ആറ് വർഷ കാലം തുടർച്ചയായി കോഴിക്കോട് ജില്ലയിലെ ഏറ്റവും മികച്ച ഗ്രാമപഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നാദാപുരം ഗ്രാമപഞ്ചായത്തിന് സ്വന്തമായിരുന്നു. ഇച്ഛാശക്തിയുള്ള ഭരണസമിതിയും കർമ്മ നിരതരായ ഉദ്യോഗസ്ഥരും സഹകരണ മനോഭാവമുള്ള ജനതയ്ക്കൊപ്പം മുന്നിൽ നയിക്കാൻ ഊർജ്ജസ്വലനായ പ്രസിഡന്റും ഉള്ളതാണ് നേടിയെടുത്ത വിജയത്തിന്റെ അടിസ്ഥാനം.

ജനസേവനമാണ് ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും വലിയ ലക്ഷ്യം. ജനനം മുതൽ മരണം വരെ ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ആവശ്യങ്ങൾക്ക് ജനങ്ങൾ ഗ്രാമപഞ്ചായത്തിനെ ആശ്രയിക്കുന്നു. രാഷ്ട്രപിതാവായ മഹാത്മജി പറഞ്ഞിട്ടുള്ളത്, സേവിക്കാനുള്ള അവസരം തന്നതിന് ജനത്തിനോട് നാം കടപ്പെട്ടിരിക്കുന്നുവെന്നാണ്. മികച്ച സേവനം നൽകുക എന്നത് ഏറെ ശ്രമകരമാണ് എന്നിരിക്കെ സേവനത്തിനുള്ള അന്താരാഷ്ട്ര നിലവാരമായ ISO:9001:2008 അവാർഡ് നേടിയ കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഒന്നായി നാദാപുരം ഗ്രാമപഞ്ചായത്ത് മാറിയപ്പോൾ അത് അഭിമാനവും ആഹ്ലാദവും ഒപ്പം അംഗീകാരവുമായി മാറി.

ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് മറ്റെല്ലാത്തിനേയും പോലെ തന്നെ പ്രാധാന്യമുള്ളതാണ് ഭൗതിക പശ്ചാത്തല സൗകര്യവികസനം എന്നുള്ളത്. നാദാപുരം ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പഞ്ചായത്തിന്റെ ഹൃദയഭാഗത്തായി കല്ലാച്ചി ടൗണിനോട് ചേർന്ന് നാല് നിലകളിലായി 4000 ഓളം ചതുരശ്രയടി വിസ്തൃതിയിലുള്ള വിശാലമായ ഓഫീസ് സൗകര്യ




\m-Zm-]p-cw {Km-a-]-©m-b-¯v Im-cym-e-bw




\m-Zm-]p-cw {Km-a-]-©m-b-¯v am-en-\y kw-kv-I-c-W ¹mâv

മുള്ള ഗ്രാമപഞ്ചായത്ത് കാര്യാലയം കേരളത്തിൽ തന്നെ ചുരുക്കമാണ്. കൂടാതെ കേരളത്തിൽ ആദ്യമായി 10 ലക്ഷം രൂപ ഉപയോഗിച്ച് തൊഴിലുറപ്പ് പദ്ധതിയ്ക്കായി രാജീവ് ഗാന്ധി സേവാകേന്ദ്ര പൂർത്തിയാക്കി. മൂന്ന് കോടി രൂപ ചെലവിൽ നിർമ്മിച്ച് ഈയിടെ ഉദ്ഘാടനം ചെയ്യപ്പെട്ട നാദാപുരം ഗ്രാമപഞ്ചായത്ത്- ഇൻഡോർ സ്റ്റേഡിയം കേരളത്തിലെ മറ്റൊരു പഞ്ചായത്തിനും അവകാശപ്പെടാനാവാത്തതാണ്. ചേലക്കാട് മിനി സ്റ്റേഡിയം, ഗ്രാമപഞ്ചായത്ത് കാര്യാലയത്തോട് ചേർന്ന് രണ്ടേമുക്കാൽ കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന നാദാപുരം ഗ്രാമപഞ്ചായത്ത്-കല്ല്യാണമണ്ഡപത്തിന്റെ പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞു. ഗ്രാമപഞ്ചായത്തുകളിലെ 2 യു.പി സ്കൂളുകൾക്ക് 2 കോടി രൂപയുടെ കെട്ടിടനിർമ്മാണ പ്രവൃത്തി പൂർത്തിയായി വരുന്നു. ഇതിനൊക്കെ പുറമെ വർഷാവർഷം പദ്ധതിവിഹിതം ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളാൽ ഉൾനാടൻ പ്രദേശത്തുപോലും മികച്ച ഗതാഗത സൗകര്യമൊരുക്കാൻ കഴിഞ്ഞു. ഭൗതിക പശ്ചാത്തല സൗകര്യവികസനത്തിന്റെ കാര്യത്തിൽ നാദാപുരം ഗ്രാമപഞ്ചായത്ത് മറ്റ് ഏതൊരു ഗ്രാമപഞ്ചായത്തിനെക്കാളും ഒരു പണത്തൂക്കം മുന്നിലാണ്. ഈ വിജയത്തിന്റെ പ്രധാന പങ്ക് വികസനത്തിനായി അക്ഷീണം പ്രയത്നിക്കുന്ന പ്രസിഡന്റിന് അവകാശപ്പെട്ടതാണ്.

നാദാപുരം ഗ്രാമപഞ്ചായത്തിന് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഉണ്ട്. വിവിധ ആവശ്യങ്ങൾക്കായി വരുന്നവർക്ക് ഇരിക്കാനുള്ള സൗകര്യം, കുടിവെള്ളം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ടോയ്ലെറ്റ് സൗകര്യം, വികലാംഗർക്കുള്ള റാംപ്, ടെലിവിഷൻ, ക്രമത്തിന് വിളിക്കാനായുള്ള ടോക്കൺ സംവിധാനം മുതലായ എല്ലാ സൗകര്യങ്ങളും ശരിയാവണ്ണം ചെയ്തിട്ടുണ്ട്. സേവന സന്നദ്ധരായ ജീവനക്കാരുടെ കൂട്ടായ്മയും അർപ്പണബോധവും പഞ്ചായത്തിന്റെ വികസനത്തിന് നല്ല പങ്കു വഹിക്കുന്നു. മുഴുവൻ ജീവനക്കാർക്കും കമ്പ്യൂട്ടർ സൗകര്യവും ഗ്രാമപഞ്ചായത്തിനായി തയ്യാറാക്കിയ എല്ലാ സോഫ്റ്റ്‌വെയറുകളും പഞ്ചായത്തിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ജനന-മരണ-വിവാഹ രജിസ്ട്രേഷൻ പൂർണ്ണമായും കമ്പ്യൂട്ടറൈസ്ഡ് ചെയ്തിട്ടുണ്ട്.

മികച്ച റെക്കോർഡ് റൂം എന്നത് ഏതൊരു ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റേയും സ്വപ്നമാണ്. മുൻകാല ഫയലുകളും രജിസ്റ്ററുകളും നോക്കിയെടുക്കുന്നതിനു വേണ്ടി നാം പാഴാക്കുന്ന സമയമെത്രയാണ്? നാദാപുരം ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് നേടുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ പൂർണ്ണസഹകരണത്തോടെ കാലാകാലങ്ങളായുള്ള ഫയലുകളും രജിസ്റ്ററുകളും കൃത്യമായും വൃത്തിയായും സൂക്ഷിച്ചിട്ടുണ്ട്. ഏത് വർഷത്തെ ഫയലും രജിസ്റ്ററും എളുപ്പം തെരഞ്ഞെടുക്കാൻ കഴിയുന്നത് ജീവനക്കാർക്ക് മാത്രമല്ല ഗുണഭോക്താക്കൾക്കും ഒരുപോലെ ആശ്വാസകരമാണ്.

കഴിഞ്ഞവർഷം നാദാപുരം ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തായി പ്രഖ്യാപിക്കപ്പെ






\m-Zm-]p-cw C$^3$-tUmÀ tÌ-Un-bw

ട്ടു. അർഹരായ മുഴുവൻ പേർക്കും പെൻഷൻ ആനുകൂല്യങ്ങൾ എത്തിച്ചതിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പാർശ്വവത്കരിക്കപ്പെട്ട ഒരു ജനവിഭാഗത്തോട് ചെയ്യേണ്ടിയിരുന്ന വലിയ കടമയും ഉത്തരവാദിത്തവും നാം നിർവ്വഹിച്ചു. ഏകദേശം മൂവായിരത്തിലധികം പേർക്ക് വിവിധ ക്ഷേമപെൻഷനുകൾ ഇന്ന് ലഭിച്ചു വരുന്നു.

ദാരിദ്ര്യലഘൂകരണം ലക്ഷ്യമിട്ടുകൊണ്ട് നാദാപുരം ഗ്രാമപഞ്ചായത്തിൽ ശക്തവും വിപുലവുമായ കുടുംബശ്രീ സംവിധാനം പ്രവർത്തിക്കുന്നു. സ്ത്രീ ശാക്തീകരണത്തോടൊപ്പം സാമൂഹിക-സാമ്പത്തിക വികസനത്തിൽ സ്ത്രീകൾ പങ്കാളികളാവുകയെന്ന മഹത്തായ ലക്ഷ്യം കൂടി ഇതിനാൽ സാധൂകരിക്കപ്പെടുന്നു. ഇന്ന് നാന്നൂറിലധികം കുടുംബശ്രീ അയൽക്കൂട്ടങ്ങളിലായി 6000 ൽ അധികം സ്ത്രീകൾ ഒരുമിക്കുന്ന ചെറുതും വലുതുമായ ഒട്ടനവധി പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്ന ഒരു മഹാ പ്രസ്ഥാനമായി നാദാപുരം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ മാറിയിരിക്കുന്നു.

വൃത്തിയും ശുചിത്വവുമുള്ള ഒരു ചുറ്റുപാടിനു മാത്രമേ ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ കഴിയുകയുള്ളു. മിക്ക പ്രാദേശിക ഭരണകൂടങ്ങളും ഇന്ന് അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമാണ് ഖരമാലിന്യ സംസ്കരണം. ഇവിടെയാണ് മാലിന്യ സംസ്കരണത്തിലെ നാദാപുരം മോഡൽ പ്രസക്തമാകുന്നത്. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള ടൗണുകളിൽ നിന്നുമുള്ള ഖരമാലിന്യങ്ങൾ ശേഖരിച്ച് മാലിന്യ സംസ്കരണ പ്ലാന്റിൽ എത്തിച്ച് ജൈവ-അജൈവ മാലിന്യങ്ങളായി വേർതിരിക്കുന്നു. മാലിന്യം ശേഖരിക്കുന്നതിനും വേർതിരിക്കുന്നതിനുമായി ഏതാണ്ട് 20 ഓളം തൊഴിലാളികൾ ദിവസവും ജോലി ചെയ്യുന്നു. ജൈവമാലിന്യങ്ങൾ വളമായി മാറ്റുകയും അജൈവമാലിന്യങ്ങൾ പുനഃസംക്രമണത്തിനായി നൽകുകയുമാണ് ചെയ്യുന്നത്.

പഞ്ചായത്തിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമുള്ള ആരോഗ്യ-ശുചിത്വ സമിതിയ്ക്കാണ് ഇതിന്റെ പൂർണ്ണ ചുമതല. ജൈവവളം, കൃഷി വകുപ്പ് മുഖേന കർഷകർക്ക് സബ്സിഡി നിരക്കിൽ നൽകുന്നു. പദ്ധതി വിഹിതത്തിന് പുറമെ വ്യാപാരി വ്യവസായികളുടെ പങ്കാളിത്തമെന്ന നിലയിൽ പ്രതിമാസം ഏകദേശം 50000 രൂപ ശുചിത്വ സമിതി ശേഖരിക്കുന്നു. എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കുന്നു. പ്രതിമാസം ശരാശരി ഈ പദ്ധതിയ്ക്കായി ഒന്നരലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. മികച്ച ഭരണകൂടങ്ങൾ പോലും പരാജയപ്പെട്ട ഈ മേഖലയിലാണ് ഒട്ടേറെ പുരസ്കാര




ങ്ങളും വിവിധ തുറകളിൽ നിന്നുള്ള പ്രശംസകളും നേടിയ നാദാപുരം ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ പദ്ധതി മറ്റുള്ളവർക്ക് പോലും മാതൃകയാവുന്നത്.

ഒരു ഗ്രാമപഞ്ചായത്തിന്റെ നേട്ടകോട്ടങ്ങൾ നമ്മുക്ക് പഞ്ചായത്തിന്റെ ഓഡിറ്റ് പരാമർശങ്ങളിലൂടെ വീക്ഷിക്കാൻ കഴിയും. 1992-93 മുതൽ 2011-12 വർഷം വരെയുള്ള കഴിഞ്ഞ 20 വർഷത്തെ ഏകദേശം 300 ഓളം ഓഡിറ്റ് പരാമർശങ്ങളിൽ 80 ശതമാനവും കഴിഞ്ഞ വർഷം നടന്ന ഓഡിറ്റ് അദാലത്തിലൂടെ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഒരു ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ജനങ്ങളുടേയും സമൂഹത്തിന്റേയും ക്ഷേമത്തിന് വേണ്ടി തുക ചെലവഴിക്കുന്നതു പോലെ പ്രധാനപ്പെട്ടതാണ് ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട നികുതികളും ഫീസുകളും പിരിച്ചെടുക്കുകയെന്നുള്ളതും. ഗ്രാമപഞ്ചായത്തിൽ കെട്ടിട നികുതിയിനത്തിൽ ഏകദേശം 60 ലക്ഷം രൂപയും തൊഴിൽ നികുതിയിനത്തിൽ ഏകദേശം 50 ലക്ഷം രൂപയും വാടകയിനത്തിൽ 20 ലക്ഷം രൂപയും ലൈസൻസ് ഫീസായി 10 ലക്ഷം രൂപയും മാർക്കറ്റ് ഫീസിനത്തിൽ 8 ലക്ഷം രൂപയും അടക്കം ഏകദേശം കഴിഞ്ഞ വർഷം 2 കോടി രൂപ തനത് ഫീസിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. നികുതി, ഫീസ് എന്നീ ഇനങ്ങളിൽ ഇത്രയും വലിയ തുക പിരിച്ചെടുക്കുവാനുണ്ടായിട്ടും കഴിഞ്ഞ 3 വർഷവും നികുതി പിരിവ് 100 ശതമാനം കൈവരിച്ചുവെന്നത് ഏറെ ശ്ലാഘനീയമാണ്. ഇവിടെയാണ് പഞ്ചായത്തിനോടൊപ്പം നിൽക്കുന്ന ഇവിടുത്തെ ജനങ്ങളുടെ സഹകരണ മനോഭാവം പ്രസക്തമാകുന്നത്.

നാദാപുരം ഗ്രാമപഞ്ചായത്തിലെ കഴിഞ്ഞകാല വർഷങ്ങളിലെ വികസന പദ്ധതികളിലൂടെ സമൂഹത്തിന്റെ എല്ലാ തുറകളിലും എല്ലാ വിഭാഗം ജനങ്ങളിലും വികസനത്തിന്റേയും മാറ്റത്തിന്റേയും സന്ദേശം എത്തിക്കുകയും കൈവരിക്കുകയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ വർഷം മാത്രം പദ്ധതി വിഹിതമായി ലഭിച്ച ഒന്നേകാൽകോടി രൂപയും, മെയിന്റനൻസ് ഗ്രാന്റായി ലഭിച്ച ഒരു കോടിയും ഫൈനാൻസ് കമ്മീഷൻ ഗ്രാന്റായി ലഭിച്ച 60 ലക്ഷം രൂപ എന്നിവയെല്ലാം കൂടി ഏകദേശം 4 കോടിരൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ഇതിൽ 100 ശതമാനവും ചെലവ് ചെയ്യാൻ കഴിഞ്ഞത് നിശ്ചയദാർഢ്യത്തിന്റെയും കഠിന പ്രയത്നത്തിന്റെയും ഒത്തൊരുമയുടെയും ഫലമായിട്ടാണ്.

സമൂഹത്തിന്റെ എല്ലാ തുറകളിലും വികസനത്തിന്റെ മാറ്റൊലി കേൾപ്പിച്ച നാദാപുരം ഗ്രാമപഞ്ചായത്ത് ശക്തമായ ഭരണ നേതൃത്വത്തിന്റേയും കർമ്മ നിരതരായ ജീവനക്കാരുടെയും കൂട്ടായ്മയിൽ കൂടുതൽ ഉയരങ്ങളിലേക്കും വിജയങ്ങളിലേക്കുമുള്ള മഹാ പ്രയാണത്തിലാണ്. അതെ ഞങ്ങൾ മത്സരിക്കുന്നത് മറ്റാരോടുമല്ല ഞങ്ങളോട് തന്നെയാണ്.

(dn-t¸mÀ-«v þ sk-{I«dn)

◆

തിരുവനന്തപുരം ജില്ലയിൽ വർണ്ണമത്സ്യ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന പ്രസാദിനെ പരിചയപ്പെടുത്താം. വിളവൂർക്കൽ വയലോരം അക്വേറിയത്തിന്റെ ഉടമ പ്രസാദ് എന്തുകാര്യം സംസാരിച്ചു തുടങ്ങിയാലും അവസാനിപ്പിക്കുന്നത് തന്റെ വർണ്ണമത്സ്യങ്ങളെപ്പറ്റിയാണ്. പോസ്റ്റ്മാസ്റ്ററായി വിരമിച്ച ശേഷം വെറുതെ സമയം പാഴാക്കാണ്ടായെന്ന് കരുതി 2003 ൽ ഒരു ചെറിയ ഫിഷ് ടാങ്കും വിരലിലെണ്ണാവുന്ന മത്സ്യ കുഞ്ഞുങ്ങളുമായി തുടങ്ങിയ വയലോരം അക്വേറിയം ഇന്ന് 10 സെന്റ് സ്ഥലത്ത് വ്യാപിച്ചിരിക്കുന്നു. 150 രൂപയിൽ തുടങ്ങിയ അലങ്കാരമത്സ്യ യൂണീറ്റ് 20 ലക്ഷം രൂപയിൽ കൂടുതൽ ആസ്തിയും വർഷം 10 ലക്ഷത്തിലധികം വിറ്റുവരവുള്ള സ്ഥാപനമായി മാറിയിരിക്കുന്നു.

പ്രസാദിന്റെ വീട്ടുവളപ്പിലെ സ്ഥലപരിമിതി കാരണം അനുജൻ രാജന്റെ പുരയിടത്തിൽ കെട്ടിടം നിർമ്മിച്ചാണ് വയലോരം അക്വേറിയം പ്രവർത്തിക്കുന്നത്. കേന്ദ്രസർക്കാരിന്റെ മിനിസ്ട്രീ ഓഫ് കൊമേഴ്സിന്റെ കീഴിലെ എം.പി.ഇ.ഡി.എ ഏഴരലക്ഷം രൂപ നിക്ഷേപ സബ്സിഡിയായി ലഭിച്ചു കഴിഞ്ഞു. എം.പി.ഇ.ഡി.എ സെന്ററിലെ ഡോ.ബിനു വർഗ്ഗീസും അലങ്കാര മത്സ്യഫാം തുടങ്ങുന്നതിന് സാങ്കേതിക സഹായങ്ങൾ ചെയ്തിരുന്നതായി പറഞ്ഞു. കൂടാതെ പാലക്കാട്ടുള്ള ഇൻഡസ്ട്രീയൽ റിസർച്ച് ട്രെയിനിംഗ് സെന്ററിൽ നിന്നും ശാസ്ത്രീയ മത്സ്യം വളർത്തൽ പരിശീലനം ലഭിച്ചിട്ടുണ്ട്.

ഗപ്പി, മോളി, എയ്ഞ്ചൽ, ഫ്ളവർഫോൺ, ഓസ്ക്കാർ, അരോണ, പാരറ്റ് മത്സ്യം, ഗോൾഡ് ഫിഷ് തുടങ്ങി മുപ്പതിലധികം വർണ്ണമത്സ്യങ്ങൾ വയലോരം അക്വേറിയത്തിൽ നീന്തിത്തുടിക്കുന്നു. അലങ്കാര മത്സ്യം കൂടാതെ ക്ട്ല, രോഹു, മൃഗാൽ, റെഡ് ചില്ലി, മലേഷ്യൻ വാള തുടങ്ങിയ വളർത്തു മത്സ്യങ്ങളേയും പരിപാലിക്കുന്നു. ഇതിന്റെ മത്സ്യ കുഞ്ഞുങ്ങളേയും ഇവിടെ ലഭ്യമാണ്.

ആഗോളതലത്തിൽ കോടിക്കണക്കിന് രൂപയുടെ അലങ്കാരമത്സ്യ കയറ്റുമതി നടക്കുമ്പോൾ കേരളത്തിന്റെ സംഭാവന വളരെ കുറവാണെന്ന് പ്രസാദ് ദുഃഖത്തോടെ പറയുകയുണ്ടായി. പരിശ്രമിക്കാനുള്ള മനസ്സും, സ്ഥിരോത്സാഹവും അല്പം ക്ഷമയും ഉണ്ടെങ്കിൽ തൊഴിൽ തേടി അന്യദേശങ്ങളിലേക്ക് പോകാതെ കേരളത്തിന്റെ പരിതസ്ഥിതിയിൽ മത്സ്യക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ചും കയറ്റുമതി ചെയ്തും സമ്പന്നരാകാ

# വയലോരത്തെ വലിയ വിശേഷങ്ങൾ



മെന്ന് പ്രസാദിന്റെ അനുഭവം.

വയലോരം വർണ്ണമത്സ്യ കേന്ദ്രം വെറും ഒരു പ്രദർശന വ്യാപാര കേന്ദ്രമാകാതെ വന്നും കണ്ടും പ്രവർത്തിച്ചും പഠിക്കാൻ കൂടി അവസരമുണ്ട്. ഗ്ലാസ് ടാങ്ക്, സ്റ്റാന്റ് മൂടി എന്നിവ നിർമ്മിച്ചു കൊടുക്കുന്നു. എയ്റേറ്റർ, ബയോഫിൽറ്റർ സിസ്റ്റം, മത്സ്യതീറ്റ, മരുന്നുകൾ, വിവിധ ജല സസ്യങ്ങൾ, ബ്ബൗൾസ് തുടങ്ങിയവ ഇവിടെ നിന്നും ലഭിയ്ക്കും. ഇവിടെ നിന്നും മത്സ്യം വാങ്ങി അവയിൽ നിന്നുമുണ്ടാകുന്ന കുഞ്ഞുമത്സ്യങ്ങളെ പ്രസാദ് തിരിച്ചെടുത്ത് വിൽപ്പന നടത്തിക്കൊടുക്കും.

രണ്ടു വർഷം വരെ വർണ്ണമത്സ്യ ടാങ്കിലെ മലിനജലം വറ്റാതെ നിലനിർത്തുന്ന ബയോഫിൽറ്റർ സംവിധാനം ഏറെ ശ്രദ്ധേയമാണ്. ഇതിനായി ടാങ്കിൽ അണ്ടർഗ്രൗണ്ട് ഫിൽറ്റർ ഉറപ്പിച്ച ശേഷം ബാക്ടീരിയ കൾച്ചർ ചെയ്യും. ഈ ബാക്ടീരിയകൾ ടാങ്കിലെ 70 ശതമാനം മാലിന്യവും നശിപ്പിക്കുന്നു. നൂറുകണക്കിന് ഗ്ലാസ്സ് ടാങ്കുകളിലെ മലിനജലം നിലത്തെ സിമന്റ് ടാങ്കിൽ എത്തിയശേഷം ബയോബാൾ, കാർബൺ, മണൽ, സ്പോഞ്ച് എന്നിവയിലൂടെ ഒഴുക്കിവിടും. ഇത് രണ്ടാമത് ഒരു തവണ കൂടി ആവർത്തിക്കും. അതിനാൽ രൂക്ഷമായ വേനലിൽ ശുദ്ധജല ദൗർലഭ്യം ഒരു കീറാമുട്ടിയല്ലെന്ന് പ്രസാദ് പറഞ്ഞു.

പ്രസാദിനെ സഹായിക്കാൻ അനുജൻ രാജനും ഭാര്യ നിഷിയും മക്കളായ ജിഷയും ജീനയും ഒഴിവുവേളകളിൽ ഒത്തുകൂടാറുണ്ട്. കൂടുതൽ അറിയുന്നതിന് 0471-2283433, 9496283433. ◆

(]:\yq:kÀ-Æokv)








രജനി ബാബു

# കാലഘട്ടത്തിന്റെ വിജയവും ചിന്തകളും

പാരമ്പര്യത്തിന്റെയും പുരാണ തത്വചിന്തയുടേയും ആവിഷ്കാരമാണ് നാം ആസ്വദിക്കുന്നത്. കാലങ്ങൾക്കു മുമ്പ് നാട്ടിലെ പ്രധാന മരത്തിന്റെ ചുവട്ടിൽ നാട്ടുകൂട്ടം ഒത്തുചേരുകയും നാട്ടുരാജാവ് നിയമം നടപ്പാക്കുകയും അനുസരിക്കാൻ പ്രജകൾ ബാധ്യസ്ഥരാവുകയും ചെയ്തിരുന്നു. ഇതിനെതിരെ ശബ്ദമുയർത്തുന്നവരെ നാടുകടത്തുകയും. കേരള ചരിത്രം തുടർന്നുവന്നു.

നാട്ടുരാജാക്കന്മാരുടെ ഭരണകാലം നല്ലതു പറഞ്ഞാൽ കിഴികെട്ടി പൊൻപണം. ജനാധിപത്യത്തിലേക്ക് കൈ ചൂണ്ടിയ കാലം. തിരുവിതാംകൂർ ഭരണസമ്പ്രദായത്തെ നിശിതമായി വിമർശിച്ച മഹത് വ്യക്തികൾ. ഇതിനിടയിൽ ഇന്ത്യയിൽ കുടിയേറിയ ബ്രിട്ടീഷ് സാമ്രാജ്യം. അവരുടെ ഭരണപാടവം തലങ്ങും വിലങ്ങും വിതറിയപ്പോൾ ശ്വാസം മുട്ടിയ പൊതുജനം. അവർ ഉഴുതുമറിച്ച മണ്ണിനെ വളമാക്കി നമ്മുടെ നിയമവും ചരിത്രവും.




ജനാധിപത്യത്തിന്റെ മാധുര്യം നുണയാൻ കൊതിച്ചു ഓരോ ഭാരതീയനും. ഗാന്ധിജിയുടെ സമരമുറകളിലെത്തി ഇന്ത്യതൻ മഹിമയും സ്വാതന്ത്ര്യവും. കിട്ടിയ സ്വാതന്ത്ര്യത്തിന്റെ ശക്തി പകർന്ന് അന്ന് ചെങ്കോട്ടയിൽ പാറിപറന്ന ത്രിവർണ്ണ പതാക.

ആ മഹത് വ്യക്തിയുടെ ചിന്തകളിൽ സമത്വ ചിന്തകൾ ഉടലെടുത്തു. ജനാധിപത്യത്തിന്റെ വളർച്ച പൂർണ്ണതയിൽ എത്തണമെങ്കിൽ അധികാരം ജനങ്ങളിൽ എത്തിച്ചേരണം. അതിന്റെ ഭാഗമായി സ്ഥിതി സമത്വവും സന്തോഷവും യാഥാർത്ഥ്യമാകുന്നതിന് പഞ്ചായത്ത് രാജ് നിലവിൽ വരണം.

ഭരണഘടന ഭേദഗതി വഴി വികസന അധികാരങ്ങൾ വികേന്ദ്രീകരിച്ചപ്പോൾ ഗ്രാമോദ്ധാരണം നടപ്പാക്കി. അതിന്റെ പൂർണ്ണരൂപമായി ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നു. തദ്ദേശ സ്ഥാപനത്തിന്റെ ഈ അധികാര മാറ്റം ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധി ഭരണകർത്താവുകയും ഓരോ പ്രദേശത്തിനും ജനപ്രതിനിധി ഉണ്ടായതിനാൽ ഓരോ കുടുംബത്തിന്റെ പ്രതീക്ഷ തൊട്ടറിഞ്ഞ് ഓടിനടക്കുവാൻ സാധിക്കുന്നു.

നാട്ടിൻകൂട്ടം ഒത്തുചേരുന്ന പോലെ നിശ്ചിത സമയത്ത് ഗ്രാമസഭകൾ നടത്തുകയും പൊതുജനത്തിന്റെ യഥാർത്ഥ ചിന്തകളെ വിശദമാക്കുന്നതിനും അറിവും അറിവില്ലായ്മയും ഒത്തുചേർന്ന് പുതിയ തലത്തിലേക്ക് പ്രദേശവാസികൾ സംഘടിച്ച് ഗ്രാമവികസനം നേടിയെടുക്കുന്നതിന് സാധിക്കുന്നു.

വിവരാവകാശ സേവനത്തിന്റെ സുതാര്യമായ നേട്ടം ജനങ്ങളിൽ എത്തിക്കുവാൻ സാധിക്കുന്നു. ഇതിലൂടെ ഗാന്ധിജിയുടെ ചിന്തകളിൽ യാഥാർത്ഥ്യത്തിന്റെ ജനാധിപത്യം ഉണരുകയാണ്. ജനങ്ങളുടെ സംശയങ്ങൾക്ക് കൃത്യമായി മറുപടി പറയാൻ ഏതൊരു ഉദ്യോഗസ്ഥനും



ബാധ്യസ്ഥനായി.

തൊഴിലുറപ്പ് പദ്ധതി പ്രകാരം കൂലിയോടൊപ്പം നാടും നഗരവും വൃത്തിയാക്കുന്ന സാധാരണ ജനത്തിന് നിത്യവൃത്തിയും കാർഷികാഭിവൃദ്ധിയും നടപ്പാക്കാൻ സാധിച്ചു. പ്രകൃതിയുമായി ഇടപഴകി താൻ ജീവിക്കുന്ന മണ്ണിനെ സംരക്ഷിക്കാൻ ഓരോരുത്തരും ചിന്തിക്കാൻ സാധിക്കുന്നു തന്റെ സമ്പാദ്യത്തോടൊപ്പം.

പ്രായത്തിന്റെ ഭാരം മുതുകിൽ തൂക്കുമ്പോൾ കുടുംബാംഗങ്ങളിൽ നിന്നും വിസ്മൃതിയിലേക്ക് തെന്നിമാറുന്ന വാർദ്ധക്യത്തെ സംരക്ഷിക്കാൻ സഹായഹസ്തവുമായി എത്തുന്നു പാലിയേറ്റീവ് നേഴ്സുമാർ. ഇത് ജനങ്ങളിൽ കാരുണ്യത്തിന്റെ സ്പർശനമായ് ഓരോ പഞ്ചായത്തിലും നടന്നുവരുന്നു.

കലയും സംസ്കാരവും ഭരണവും ഒന്നിച്ചു കൈകോർത്തു പിടിച്ച് കേരളോത്സവങ്ങൾ എത്തുന്നു. കൊച്ചു മത്സരാർത്ഥി മുതൽ ഏവർക്കും അനുയോജ്യമായ കേരളകല തന്നെ സംരക്ഷിക്കാൻ പഞ്ചായത്തിന് സാധിക്കുന്നു.

ഓരോ സ്ത്രീയേയും പരിരക്ഷിക്കേണ്ടത് ജനാധിപത്യത്തിന്റെ നിലനിൽപ്പിന് അത്യാവശ്യമാണ്. സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്നു പറയുന്നതിനും സമൂഹത്തിന്റെ തിന്മകൾക്കെതിരെ പ്രതികരിക്കുന്നതിനും വേണ്ടി ജാഗ്രതാ സമിതികൾ കണ്ണുംകാതും തുറന്ന് പിടിച്ചിരിക്കുന്നു. ഇതുവഴി ഏവർക്കും നല്ല സ്വപനങ്ങൾ മാത്രം നൽകി പഞ്ചായത്ത് ഭരണത്തിന് സഹായിക്കുന്നു.

ഇതിലെല്ലാം ജനം തൃപ്തരാണ്. പക്ഷെ, ഓരോ മഴക്കാലം കഴിയുമ്പോഴും ഓരോ കർഷകനും നല്ലെ നാളേയുടെ



സ്വപ്നം വെള്ളം കയറി ഒലിച്ചു പോകുന്നു. മാനത്ത് കർഷകൻ കാർമേഘം കണ്ടാൽ മനസ്സിൽ തീയാണ്. അവന്റെ കഷ്ടപ്പാടും ജീവിതഭാരവും പാടത്തും പറമ്പിലുമാണ്. അത് നശിച്ചുപോകുമ്പോൾ കേവലം കൃഷി വകുപ്പിൽ നിന്നും നിശ്ചിത സഹായം അവനെ യഥാർത്ഥ്യത്തിൽ നിന്നും മടുപ്പിക്കുന്നു.

അതുപോലെ ഗ്രാമീണാന്തരീക്ഷം കേരള പാരമ്പര്യമാണെങ്കിലും ഏന്തോ എവിടെയോ ചീഞ്ഞമണം ജനങ്ങളെ മരവിപ്പിക്കുന്നു. ജനം പെരുകുമ്പോൾ വേസ്റ്റുകൾ നിക്ഷേപിക്കാൻ പുഴയോ തോടുകളോ സ്വീകരിക്കാൻ ബാധ്യസ്ഥരാകുന്നു. അധികാരികൾക്ക് നോക്കിനിൽക്കാനേ സാധിക്കുന്നുള്ളൂ. വരുംതലമുറ അവരെ നോക്കി പല്ലിറുമ്പുന്നു.

ഗ്രാമന്തരീക്ഷം നുണയാനും ക്യാമറയിലാക്കാനും വേണ്ടി നാടും നഗരവും താണ്ടിവരുന്ന ടൂറിസ്റ്റുകൾക്ക് നല്ലതേ പറയാനുള്ളൂ. അവരുടെ ക്യാമറ കണ്ണിൽ പതിയുന്ന വന്യമൃഗങ്ങളുടെ ചാരുത ഇടയ്ക്കിടെ തെളിയുമ്പോൾ ഹായ് മനോഹരം! പക്ഷെ, യഥാർത്ഥത്തിൽ ഇവിടെ ജീവിക്കുന്ന മനുഷ്യർ മൃഗങ്ങളോട് പൊരുതി ബുദ്ധിമുട്ടി ജീവിക്കുന്ന

**ഗ്രാമന്തരീക്ഷം നുണയാനും ക്യാമറയിലാക്കാനും വേണ്ടി നാടും നഗരവും താണ്ടിവരുന്ന ടൂറിസ്റ്റുകൾക്ക് നല്ലതേ പറയാനുള്ളൂ. അവരുടെ ക്യാമറ കണ്ണിൽ പതിയുന്ന വന്യമൃഗങ്ങളുടെ ചാരുത ഇടയ്ക്കിടെ തെളിയുമ്പോൾ ഹായ് മനോഹരം! പക്ഷെ, യഥാർത്ഥത്തിൽ ഇവിടെ ജീവിക്കുന്ന മനുഷ്യർ മൃഗങ്ങളോട് പൊരുതി ബുദ്ധിമുട്ടി ജീവിക്കുന്ന അവസ്ഥ ആരറിയാൻ.**

അവസ്ഥ ആരറിയാൻ. ഒരു ഉറക്കം കഴിയുമ്പോൾ വീടിനു ചുറ്റും വന്യമൃഗത്തിന്റെ അലർച്ച കേൾക്കാം. നേരം വെളുക്കുമ്പോൾ അവർ ഓമനിച്ചു വളർത്തിയ ആടും പശുവും എരുമയും ഒന്നുമില്ലാതെ ചാകുന്നു. പിറ്റേന്നത്തെ പത്രവാർത്തയിൽ എല്ലാ അവസാനിക്കുന്നു. കിട്ടിയ നഷ്ടപരിഹാരത്തിന്റെ ഭാരം എങ്ങുമെത്താതെ മുരടിപ്പിക്കുന്നു അവന്റെ ചിന്തയും സ്വപ്നങ്ങളും.

ഇതിനെല്ലാം ഉപരിയായി തെരുവിൽ വിലസി നടക്കുന്ന തെരുവ് നായ്ക്കൾ. നിയമം അവർക്ക് കാവൽ ഭടനായിത്തീരുന്നു. എത്രയെത്ര പേരാണ് തെരുവ് നായുടെ കടിയേറ്റ് ചികിത്സ തേടുന്നത്. അവിടേയും നിയമം പല്ലിറുക്കുന്നു.

എന്നും പഞ്ചായത്ത് ജനങ്ങൾക്ക് വേണ്ടി നിലനിൽക്കുന്നുവെന്ന സ്വാർത്ഥമായ ബോധവും ചിന്തയും സാധാരണക്കാരിൽ എത്തിക്കുന്നതിന് നൂറ് ശതമാനവും ജനപ്രതിനിധികൾ ശ്രദ്ധിക്കുന്നുണ്ട്. ആ ചിന്തയാണ് തുടരെ തുടരെ അവരെ വിജയത്തിലേക്ക് കൊത്തിക്കുന്നത്. “നല്ല ജനങ്ങളുണ്ടെങ്കിലേ നല്ല ജനപ്രതിനിധിയുണ്ടാകൂ, എങ്കിലേ ജനാധിപത്യ സംരക്ഷകരായി നല്ല പഞ്ചായത്തും ഉണ്ടാകൂ. നല്ല നാളേയ്ക്കു വേണ്ടി നെഞ്ചോട് ചേർത്ത് ചൊല്ലാം ജനാധിപത്യം വിജയിക്കട്ടെ.” ◆

teJnl tam-Xn-c¡-®n {Km-a-]-©m-b-¯n-se P-\-{]-Xn-\n-[n-bmWv



# ആരോഗ്യമേഖലയിൽ ഓമല്ലൂർ മാതൃക

ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ സാധാരണ ജനങ്ങൾ സർക്കാർ മേഖലയിലുള്ള ആരോഗ്യസ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു നാടിന്റെ സമ്പത്ത്. എന്നതിനാൽ നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങളുടെ സേവനം സ്തുത്യർഹമായ രീതിയിൽ ജനങ്ങളിലെത്തിക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ കർമ്മപരിപാടിയുടെ ഭാഗമാണ്. നൂതനമായ സംരംഭങ്ങളും പദ്ധതികളും ആവിഷ്കരിച്ചുകൊണ്ട് ഓമല്ലൂരിന്റെ പൊതുജന ആരോഗ്യ രംഗങ്ങളിൽ പുത്തൻ ഉണർവ്വും കുതിപ്പും സംജാതമാക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി 2014 ഒക്ടോബർ 30-ാം തീയതി ആരോഗ്യ -ദേവസ്വം വകുപ്പ് മന്ത്രി വി.എസ്. ശിവകുമാർ ആരോഗ്യമേഖലയിലെ 3 പദ്ധതികൾ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

**ഹോമിയോ ഡിസ്പെൻസറി**

ഓമല്ലൂരിൽ ഒരു ഹോമിയോ ഡിസ്പെൻസറി ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ ആവശ്യപ്രകാരം സംസ്ഥാന ഗവൺമെന്റ് എൻ.ആർ.എച്ച്.എം പദ്ധതിയിൽ ആരംഭിച്ച ഹോമിയോ ഡിസ്പെൻസറി പഞ്ചായത്ത് വക കെട്ടിടത്തിൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

**പ്രാഥമിക ആരോഗ്യകേന്ദ്രം**

പന്ന്യാലി വാർഡിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന ഔഷധങ്ങൾക്ക് പുറമേ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രകാരമുള്ള ഔഷധങ്ങളും വാങ്ങുന്നു. ആയതിനാൽ ഈ കേന്ദ്രത്തിൽ നിന്നും സാധാരണക്കാർക്ക് മുടങ്ങാതെ ചികിത്സകൾ ലഭ്യമാണ്.

പൊതുജനങ്ങളുടെ സഹകരണത്തോടെ ഓമല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ലഭ്യമാക്കിയ ഇ.സി.ജിയും ഗ്രാമപഞ്ചായത്തിന്റെ 2013-14 പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച ക്ലീനിക്കൽ ലാബും പ്രവർത്തനക്ഷമമാക്കിയതിനാൽ ആരോഗ്യപരിപാലന രംഗത്തെ ഗുണനിലവാരവും സേവനവ്യാപ്തിയും വർദ്ധിക്കുകയുണ്ടായി. എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് 1 കെ.വി വൈദ്യുതി ഉത്പാദിപ്പിക്കുന്ന സൗരോർജ്ജ പ്ലാന്റ് (പി.എച്ച്.സി തലത്തിൽ കേരളത്തിൽ ആദ്യമായി നടപ്പിലാക്കിയ പദ്ധതി) പ്രവർത്തനക്ഷമമാക്കിയത് വഴി കുട്ടികളുടെ



രോഗപ്രതിരോധ മരുന്നുകൾ കേടു കൂടാതെ സൂക്ഷിക്കുന്നതിന് പുറമെ ലാബിനും കമ്പ്യൂട്ടറുകൾക്കും ഇത് പ്രയോജനപ്പെടുന്നു.

## ആയുർവേദാശുപത്രിയുടെ പുതിയ കെട്ടിടം

ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പൈവള്ളി വാർഡിൽ ഗ്രാമപഞ്ചായത്തിന്റെ പൂർണ്ണസഹകരണത്തോടെ പ്രവർത്തിച്ചു വരുന്ന ആയുർവേദാശുപത്രി സാധാരണ ജനങ്ങളുടെ പ്രത്യേകിച്ചും വൃദ്ധജനങ്ങളുടെ ആശ്രയകേന്ദ്രമാണ്. സ്ഥലപരിമിതിയായിരുന്നു നിലവിലുണ്ടായിരുന്ന പ്രധാന പ്രശ്നം. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ആയുഷ്'ന്റെ സഹായത്തോടെ 36 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകുന്നു. സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന ഔഷധങ്ങൾക്ക് പുറമെ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ ഔഷധങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുക വഴി ഈ കേന്ദ്രത്തിന്റെ പ്രവർത്തനം മാതൃകാപരമായി നടന്നു വരുന്നു. ◆







# ദേശീയ ഗെയിംസ് നടക്കുന്ന പ്രധാന വേദികൾ

**കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ കായികമാമാങ്കമായി മാറുന്ന 35–ാം ദേശീയഗെയിംസ് ജനുവരി 31 മുതൽ ഫെബ്രുവരി 14 വരെ കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ വിവിധ വേദികളിലായി നടത്തപ്പെടുകയാണ്. മേളയ്ക്ക് ആവേശമേകാൻ സംഘടിപ്പിച്ചിരിക്കുന്ന റൺ കേരള റണ്ണിൽ നമുക്കും പങ്കാളികളാകാം.**

## തിരുവനന്തപുരം

| | വേദി | മത്സര ഇനം |
|---|---|---|
| 1. | കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം | ഉദ്ഘാടനവും സമാപനവും |
| 2. | യൂണിവേഴ്സിറ്റി സ്റ്റേഡിയം | അത്‌ലറ്റിക്സ് |
| 3. | കാര്യവട്ടം എൽ.എൻ.സി.പി.ഇ. വെലോഡ്രോം | സൈക്ലിംഗ് |
| 4. | കാര്യവട്ടം ഇൻഡോർഹാൾ | വുഷു |
| 5. | ജിമ്മിജോർജ് ഇൻഡോർ സ്റ്റേഡിയം | ജിംനാസ്റ്റിക്സ്, ഹാൻഡ് ബോൾ |
| 6. | പിരപ്പൻകോട് അക്വാട്ടിക് കോംപ്ലക്സ് | നീന്തൽ |
| 7. | വെള്ളായണി അഗ്രികൾച്ചറൽ കോളേജ് ഇൻഡോർ സ്റ്റേഡിയം | നെറ്റ്ബോൾ |
| 8. | എൻ. എച്ച്. ബൈപാസ് കോവളം | ട്രയാത്‌ലൺ |
| 9. | ടെന്നീസ് കോംപ്ലക്സ് | ടെന്നീസ് |
| 10. | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം | സ്ക്വാഷ് |
| 11. | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | ഖൊ ഖോയും കബഡിയും |
| 12. | വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച് | ഷൂട്ടിംഗ് |
| 13. | ശംഖുംമുഖം ബീച്ച് | ബീച്ച് ഹാൻഡ് ബോൾ |





| ആലപ്പുഴ | | |
|---|---|---|
| | **വേദി** | **മത്സര ഇനം** |
| 1. | വേമ്പനാട്ട് കായൽ | തുഴച്ചിൽ |
| **കൊല്ലം** | | |
| 1. | ആശ്രാമം-ഹോക്കി സ്റ്റേഡിയം | ഹോക്കി |
| 2. | ലാൽബഹദൂർ ശാസ്ത്രി സ്റ്റേഡിയം | റഗ്ബി |
| **എറണാകുളം** | | |
| 1. | മുനമ്പംബീച്ച്-കൊച്ചി | യോട്ടിംഗ് |
| 2. | സിയാൽ ഗോൽഫ് കോർട്ട്, നെടുമ്പാശ്ശേരി | ലോൺബോൾ |
| 3. | സിയാൽ ട്രേഡ് ഫെയർ സെന്റർ | ഫെൻസിംഗ് |
| 4. | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം | ടേബിൾ ടെന്നീസ് & ബാഡ്മിന്റൺ |
| 5. | ജവഹർലാൽ നെഹ്റു സ്റ്റേഡിയം | ആർച്ചറി |
| **തൃശ്ശൂർ** | | |
| 1. | തൃശ്ശൂർ കോർപ്പറേഷൻ സ്റ്റേഡിയം | വനിതാ ഫുട്ബോൾ |
| 2. | വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം | ഭാരോദ്വഹനം & ജ്യൂഡോ |
| 3. | തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം | ബോക്സിംഗ് |
| 4. | തൃശ്ശൂർ പോലീസ് അക്കാദമി സ്റ്റേഡിയം | ട്രാപ് ആന്റ് സ്കീറ്റ് ഷൂട്ടിംഗ് |
| **കോഴിക്കോട്** | | |
| 1. | കോർപ്പറേഷൻ സ്റ്റേഡിയം | പുരുഷ ഫുട്ബോൾ |
| 2. | കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റേഡിയം | പുരുഷ ഫുട്ബോൾ, പ്രാഥമിക റൗണ്ട് |
| 3. | വി. കെ. കൃഷ്ണമേനോൻ ഇൻഡോർ സ്റ്റേഡിയം | വോളിബാൾ |
| 4. | കോഴിക്കോട് ബീച്ച് | ബീച്ച് വോളിബോൾ |
| **കണ്ണൂർ** | | |
| 1. | മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം | ബാസ്ക്കറ്റ് ബോൾ, ഗുസ്തി |





വടക്കൻ ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി അവലോകനമീറ്റിംഗ് 8/01/2015 വ്യാഴാഴ്ച കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടന്നു. 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി വിനിയോഗത്തിൽ സംസ്ഥാന ശരാശരിയിൽ വിവിധ കാരണങ്ങളാൽ എത്താൻ സാധിക്കാത്ത ഗ്രാമപഞ്ചായത്തുകളെയാണ് അവലോകനത്തിന് വിധേയമാക്കിയത്. കാസർകോട്, വയനാട് ജില്ലകളിൽ നിന്നും പത്തുഗ്രാമപഞ്ചായത്ത് വീതവും കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നിന്നുള്ള ഇരുപത് വീതം ഗ്രാമപഞ്ചായത്തുകളും അവലോകനയോഗത്തിൽ പങ്കെടുത്തു. 60 ഗ്രാമപഞ്ചായത്തുകളിൽ നിന്നും സെക്രട്ടറിമാരും ജനപ്രതിനിധികളും പങ്കെടുത്ത യോഗത്തിൽ ഘടകസ്ഥാപനങ്ങളുടെ ജില്ലാതല ഉദ്യോഗസ്ഥൻ, പഞ്ചായത്ത് ഡയറക്ടറുടെ ചുമതല വഹിയ്ക്കുന്ന ജോയിന്റ് ഡയറക്ടർ എ.സെയിദ്, പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി എസ്.എം. ഷെരീഫ്, പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി, സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ എസ്. ദിവാകരൻപിള്ള ഡി.ഡി.പി.മാർ തുടങ്ങിയവർ പങ്കെടുത്ത യോഗം പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ ഉദ്ഘാടനം ചെയ്തു. ആദ്യാവസാനം വരെ യോഗത്തിൽ പങ്കെടുത്ത മന്ത്രി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടേയും പ്രശ്നങ്ങൾ ശ്രദ്ധാപൂർവ്വം കേട്ട ശേഷം ഗവൺമെന്റ് പരിഹരിക്കേണ്ട വിഷയങ്ങൾ ഉടൻ തന്നെ പരിഹരിക്കാൻ നടപടിയുണ്ടാകുമെന്ന് പ്രഖ്യാപിച്ചു. ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും ഇൻജിനീയറിംഗ് വിഭാഗത്തിന്റെ കീഴിൽ ചെയ്തുതീർക്കേണ്ട മരാമത്തു പ്രവർത്തികളാണ് കൂടുതലും പൂർത്തീകരിക്കാൻ ബാക്കിയുള്ളത് എന്ന് അഭിപ്രായപ്പെട്ടു. ഈ വർഷം മുതൽ ഏർപ്പെടുത്തിയ ഇ-ടെന്ററിംഗിനോട് (ETendering) കോൺട്രാക്ടർമാർ സഹകരിക്കാത്തതിനാൽ പല പ്രവർത്തികളും ബെനിഫിഷ്യറി കമ്മിറ്റി കൂടി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന കാലതാമസമാണ് ഇക്കാര്യത്തിലുണ്ടായ തടസ്സം എന്ന് ജനപ്രതിനിധികൾ അഭിപ്രായപ്പെട്ടു. ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം, തസ്തിക ഒഴിഞ്ഞു കിടക്കുന്നത്, വി.ഇ.ഒ. മാരെ മറ്റ് ജോലികൾക്ക് നിയോഗിക്കൽ എന്നീ വിഷയങ്ങളും ചർച്ചചെയ്യപ്പെട്ടു. പരിഹരിക്കാൻ കഴിയുന്നവ സമയബന്ധിതമായി പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ മന്ത്രി ഉദ്യോഗസ്ഥ മേധാവികൾക്ക് നൽകുകയും പ്രത്യേക ഉത്തരവുകൾ വേണ്ടത് ഉടൻതന്നെ നല്കുമെന്നും മന്ത്രി ഉറപ്പ് നൽകി. പദ്ധതിവിനിയോഗത്തിൽ ഉത്തരമേഖലാ ജില്ലകൾ കഴിഞ്ഞ വർഷങ്ങളിൽ കാണിച്ച മികവ് ഈ വർഷവും നിലനിർത്തണമെന്നും 2015-16 സാമ്പത്തിക വർഷത്തെ പദ്ധതികൾ നേരത്തെ അംഗീകാരം വാങ്ങി ഈ ഭരണ സമിതിയുടെ കാലഘട്ടത്തിൽ തന്നെ പൂർത്തീകരിക്കാൻ ശ്രമം ഉണ്ടാകുമെന്നും യോഗം പ്രതീക്ഷ പ്രകടിപ്പിച്ചു. ◆

(]:\yq:kÀ-Æo-kv)

# പദ്ധതി അവലോകന യോഗം





# പദ്ധതി വിനിയോഗം 100 ശതമാനമാക്കാൻ എല്ലാ ഗ്രാമപഞ്ചായത്തും ശ്രമിക്കണം

## ഡോ. എം.കെ. മുനീർ, പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി



**2014**-15ലെ പദ്ധതിവിനിയോഗം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും 100 ശതമാനമാക്കാൻ ശ്രമിക്കണമെന്ന് മന്ത്രി ഡോ. എം.കെ. മുനീർ പറഞ്ഞു. വടക്കൻ ജില്ലകളായ കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ പഞ്ചായത്തു സെക്രട്ടറിമാരും പ്രസിഡന്റുമാരും പങ്കെടുത്ത കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് 08/01/2015ൽ നടന്ന പദ്ധതി അവലോകനമീറ്റിംഗിൽ സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാന ശരാശരിയേക്കാൾ പദ്ധതിവിനിയോഗത്തിൽ കുറവ് വന്ന ഗ്രാമപഞ്ചായ്ത്തുകളെയാണ് അവലോകന മീറ്റിംഗിലേയ്ക്ക് ക്ഷണിച്ചിരുന്നത്. വിനിയോഗം കുറഞ്ഞാൽ പദ്ധതിപണം ഗ്രാമപഞ്ചായത്തുകൾക്ക് നഷ്ടം സംഭവിക്കാൻ സാധ്യതയുണ്ടെന്നും മുൻവർഷങ്ങളിലെപ്പോലെ ക്യാരിഓവർ ചെയ്യാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും മന്ത്രി പറഞ്ഞു. പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരെ 2015 മാർച്ച് 31 വരെ സ്ഥലം മാറ്റം അനുവദിക്കില്ലെന്ന് മന്ത്രി ഡോ. എം. കെ. മുനീർ കൂട്ടിച്ചേർത്തു. ജീവനക്കാരുടെ സ്ഥലംമാറ്റം കാരണം പദ്ധതി പ്രവർ



ത്തനങ്ങൾക്ക് തടസ്സം നേരിടുന്നതായി ഗ്രാമപഞ്ചായത്തു പ്രതിനിധികൾ അഭിപ്രായപ്പെട്ടപ്പോഴായിരുന്നു മന്ത്രി ഇങ്ങനെ പ്രഖ്യാപിച്ചത്. വിവിധ ഗ്രാമപഞ്ചായത്തുകൾ പദ്ധതി പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ വിവരിച്ചു. പനത്തടി ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കോളനിയായി പ്രഖ്യാപിച്ച സ്ഥലത്ത് റോഡ് നിർമ്മാണത്തിന് സോഷ്യൽ മാപ്പ് വേണമെന്ന് നിഷ്കർഷിക്കുന്നതായി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഒരാഴ്ചയ്ക്കകം അതിന് പരിഹാരം ഉണ്ടാക്കിനല്കുമെന്ന് മന്ത്രി ഉറപ്പ് നൽകി. പൊതുമാരമത്ത് പ്രവർത്തികളാണ് ഏറ്റവും കൂടുതൽ ചെയ്തുതീർക്കാനുള്ളതെന്നും എൻജിനീയർമാരുടെ കുറവുകൊണ്ടാണ് ഇതു സംഭവിക്കുന്നതെന്നും ചില ജനപ്രതിനിധികൾ അഭിപ്രായപ്പെട്ടപ്പോൾ ദീർഘകാലമായി പലഗ്രാമപഞ്ചായത്തുകൾക്കായി ഒരു അസി. എൻജിനീയർ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് 500 ഗ്രാമപഞ്ചായത്തുകൾക്ക് ഓരോ അസി. എൻജിനീയറും ബാക്കി സ്ഥലങ്ങളിൽ 2 ഗ്രാമപഞ്ചായത്തിന് ഒരു അസി. എൻജിനീയറും എന്ന രീതിയിൽ പുതിയ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയ കാര്യം മന്ത്രി ഓർമ്മിപ്പിച്ചു. വീണ്ടും വീണ്ടും തസ്തികകൾ സൃഷ്ടിക്കാൻ കഴിയില്ല. നിലവിലുള്ള തസ്തികയിൽ എ.ഇ. ഇല്ലെങ്കിൽ അതാതു ഗ്രാമപഞ്ചായത്തുകൾക്കു തന്നെ എ.ഇ.മാരെ എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന നിയമിക്കാമെന്നും മന്ത്രി പറഞ്ഞു. ഭാവിയിൽ ഇത്തരം പരാതികൾ ഒഴിവാക്കുക. പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ കോ-ഓർഡിനേഷൻ കമ്മിറ്റി കാര്യക്ഷമമായി പ്രവർത്തിക്കണം. എൻജിനീയറിംഗ് വിംഗും ഗ്രാമപഞ്ചായത്തും ഇപ്പോഴും രണ്ട് കംപാർട്ട്മെന്റായി നില്ക്കുകയാണ്. ഇതു പാടില്ല. ഒരുമിച്ച് പോകണം. തുടർച്ചയായ നിരീക്ഷണം ഉണ്ടാകണം. സോഷ്യൽ സെക്യൂരിറ്റി മിഷനുവേണ്ടി ഫണ്ട് ചെലവഴിയ്ക്കാൻ വേണ്ടത്ര ശ്രദ്ധകാണിക്കാറില്ല. അതു മാറ്റപ്പെടേണ്ടതാണ്. ജീവനക്കാരുടെ സ്ഥലംമാറ്റം മാർച്ചുമാസം വരെ നിർത്തിവെച്ചതിനാൽ ദയവുചെയ്തു പഞ്ചായത്തുപ്രസിഡന്റുമാർ ഇത്തരം ആവശ്യവുമായി ബന്ധപ്പെടുന്ന സാഹചര്യം ഒഴിവാക്കി ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി 100% പദ്ധതി പൂർത്തീകരണം നടത്തണമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. പഞ്ചായത്ത് ഡയറക്ടർ (ഇൻചാർജ്) എ. സെയിദ്, സ്റ്റേറ്റ്പെർഫോമൻസ് ആഡിറ്റ് ആഫീസർ എസ്. ദിവാകരൻ പിള്ള, പഞ്ചായത്തുപ്രസിഡന്റ് അസോസിയേഷൻ ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി തുടങ്ങിയവർ അവലോകനയോഗത്തിൽ സംബന്ധിച്ചു. ◆

# വാർത്തകളും വിശേഷങ്ങളും

## ഭർത്താക്കന്മാർ ഉപേക്ഷിച്ചവരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം

വിധവാ പെൻഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഭർത്താക്കന്മാർ ഉപേക്ഷിച്ചവരുടെ പെൺമക്കൾക്കും ഭർത്താവിനെ കാണാതായി 7 വർഷം കഴിഞ്ഞവർക്കും ഗ്രാമപഞ്ചായത്തുകൾ മുഖേന വിവാഹധനസഹായം അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു.

സർക്കുലർ നമ്പർ. 66583/ഡിഎ2/14/തസ്വഭവ തീയതി: 17.11.14

## വിവാഹ ബന്ധം വേർപെടുത്തിയവരുടെ കുട്ടിയുടെ ജനന രജിസ്റ്ററിലെ പേര് തിരുത്തൽ

വിവാഹ ബന്ധം വേർപെടുത്തിയ കേസുകളിലും മാതാവ്/പിതാവ് ഉപേക്ഷിച്ചു പോയിട്ടുള്ള കേസുകളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ/പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകാവുന്നതാണ്. എന്നാൽ ഇത്തരം സന്ദർഭത്തിൽ മാതാവ്/പിതാവ് കുട്ടിയും തിരിച്ചറിയൽ രേഖയും സഹിതം രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതുമാണ്. തിരുത്തലിനുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകാവുന്നതാണ്.

സർക്കുലർ നമ്പർ. 55767/ആർ.ഡി.3/14/ത.സ്വ.ഭ.വ തീയതി: 18.12.14

## ഗുണഭോക്തൃ ലിസ്റ്റിന് വിധേയമായി വ്യക്തിഗത ആനുകൂല്യം, ഉത്തരവാദിത്വം – സ്പഷ്ടീകരണം

പഞ്ചായത്ത് രാജ്/നഗരപാലികാ നിയമത്തിലെ ചട്ടങ്ങൾ പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമ/വാർഡ് സഭയ്ക്കാണ്. സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിയ്ക്കുകയും ചെയ്യുകയാണെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്രട്ടറിയ്ക്കും ഭരണസമിതി അംഗങ്ങൾക്കുമായിരിയ്ക്കും. ഭരണസമിതി അംഗങ്ങൾ കൈമാറുന്ന ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നൽകുന്നുവെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിയ്ക്കും.

സർക്കുലർ നമ്പർ. 4212/എ.ബി.1/14/ത.സ്വ.ഭ.വ. തീയതി: 08.12.14

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്യൽ ഉത്തരവ് പരിഷ്കരിച്ചു

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ 6 ജില്ലകളിൽ എൽ.ഇ.ഡി. ലാമ്പുകൾ വിതരണം നടത്തുന്നതിനുള്ള ചുമതല കെൽട്രോണിനെ ഏൽപ്പിക്കുന്നു. ഇതേ ജില്ലകളിലെ എൽ.ഇ.ഡി. ഒഴികെയുള്ള തെരുവുവിളക്കുപകരണങ്ങളുടെ വിതരണം, ഇൻസ്റ്റലേഷൻ & മെയിന്റനൻസ്, ഗ്യാരണ്ടി നൽകൽ എന്നീ ചുമതലകൾ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിനെ ഏൽപ്പിക്കുന്നതോടൊപ്പം തൃശ്ശൂർ ജില്ലയിലെ എൽ.ഇ.ഡി. വിതരണവും അതു സംബന്ധിച്ച് മുഴുവൻ പ്രവർത്തികളും എറണാകുളം ജില്ലയിലെ തെരുവുവിളക്കു പരിപാലനം സംബന്ധിച്ച മുഴുവൻ പ്രവൃത്തികളും കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിന് പരീക്ഷണാർത്ഥം 3 മാസത്തേയ്ക്ക് നൽകുന്നു. അതോടൊപ്പം മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ 6 ജില്ലകളിലെ തെരുവുവിളക്കു പരിപാലനം സംബന്ധിച്ച മുഴുവൻ പ്രവർത്തികളും ക്രൂസ് മുഖേന തുടരുവാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ. (സാധാ) നം. 2/2015/ത.സ്വ.ഭ.വ. തീയതി: 01.01.2015

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കടലാസ് രഹിത ഓഫീസ് യാഥാർത്ഥ്യമാക്കൽ

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുകയും ഫയൽ ചംക്രമണത്തിനായി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച 'സൂചിക' സോഫ്റ്റ് വെയർ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 'സൂചിക' സോഫ്റ്റ് വെയറിലൂടെ ഫയൽ ചംക്രമണം നടത്തുന്നില്ലായെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കടലാസ് രഹിത ഓഫീസ് യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫയൽ ചംക്രമണം മുഴുവനായും ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ മുഖേന നിർവ്വഹിക്കേണ്ടതാണ്.
* 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ ഇനിയും വിന്യസിച്ചിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആയത് അടിയന്തിരമായി വിന്യസിക്കുന്നതിനും ടി സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനുള്ള നടപടി ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.

# വാർത്തകളും വിശേഷങ്ങളും

* 'സൂചിക' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം ഇനിയും ലഭിച്ചിട്ടില്ലാത്ത ജീവനക്കാർക്ക് 'കില' മുഖേന പരിശീലനം നൽകുന്നതിനാവശ്യമായ നടപടികൾ ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.

* തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇലക്ട്രോണിക് ഫയൽ ചംക്രമണം സംബന്ധിച്ച പുരോഗതി പതിവായി വിലയിരുത്തേണ്ടതും, ബന്ധപ്പെട്ട വകുപ്പ് മേധാവികളും ഇൻഫർമേഷൻ കേരള മിഷൻ ക്സിക്യൂട്ടീവ് ഡയറക്ടറും പ്രതിമാസ പുരോഗതി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്. LSGD IB1/132/2014-LSGD തീയതി: 12.12.14

## കയർ ഉത്പന്നങ്ങൾ പ്രചരിപ്പിക്കൽ സംബന്ധിച്ച്

കയർ ഉത്പന്നങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി കയർ ബോർഡ് പുറത്തിറക്കുന്ന പുതിയ ഉത്പന്നമാണ് കയർ ഭൂവസ്ത്രം അഥവാ കയർ ജിയോടെക്റ്റയിൽസ്. ഇത് ഗ്രാമീണ റോഡുകൾ ശക്തിപ്പെടുത്തുന്നതിനും ഗ്രാമങ്ങളിലെ കുളം, തോട്, മല, നദി എന്നിവിടങ്ങളിൽ മണ്ണിടിച്ചിലും മണ്ണൊലിപ്പും തടയുന്നതിനും ഫലപ്രദമാണ്. കയർമേഖലയെ സംരക്ഷിക്കുന്നതിന് സംസ്ഥാനത്തിലെ എല്ലാ നഗരസഭകൾ, ഗ്രാമ, ബ്ലോക്ക്, ജില്ലാ, പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ കയർ ഭൂ വസ്ത്രം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും ആവശ്യമായ മുൻ തൂക്കം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചു.

പരിപത്രം നമ്പർ. 18283/ഡി.ബി.3/13/ത.സ്വ.ഭ.വ. തീയതി: 02.12.14

## പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളുടെ ത്രൈമാസ ഓഡിറ്റ് - ഭൗതിക പരിശോധന കൂടി ഉൾപ്പെടുത്തി

സംസ്ഥാന തലത്തിൽ വിവിധ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളുടെ റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെയും കൊല്ലം ജില്ലയിലെ ഇട്ടിവാ ഗ്രാമ പഞ്ചായത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം നേരിട്ട് നടത്തിയ പരിശോധനാ റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ വിവിധ പ്രോജക്ടുകളുടെ ഫയൽ പരിശോധനയും ധനകാര്യ വിശകലനവും മാത്രമാണ് ചില പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾ നിർവ്വഹിക്കുന്നതെന്നും പ്രസ്തുത പ്രോജക്ടുകളുടെ ഭൗതിക പുരോഗതിയോ, പൂർത്തീകരണ റിപ്പോർട്ടുകളോ റിപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് (പരിശോധനയും ആഡിറ്റ് സംവിധാനവും) ചട്ടം 6-ാം ഖണ്ഡികയിലെ 16-ാം ക്രമ നമ്പരിലെ ചുമതലകളുടെ കൂട്ടത്തിൽ പ്രോജക്ട് ഫോറങ്ങളുടെ പരിശോധനയും ധനകാര്യ വിശകലനങ്ങളും നടത്തുന്നതിനോടൊപ്പം ഒരു ഭൗതിക പരിശോധന കൂടി പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകൾ നേരിൽ കണ്ട് നിർവ്വഹിക്കേണ്ടതും പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിലുള്ള ഭൗതിക നേട്ടം വിലയിരുത്തേണ്ടതും ഓരോ ത്രൈമാസ റിപ്പോർട്ടിനോടുമൊപ്പം ശതമാനക്കണക്കിലും സ്റ്റേജ് അടിസ്ഥാനത്തിലും ഉൾപ്പെടുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു.

സർക്കുലർ നമ്പർ. 10054/എഎ3/14/ത.സ്വ.ഭ.വ. തീയതി: 03.12.2014

## 2013-14 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് കമ്മിറ്റിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചു

2015 ഫെബ്രുവരി 19-ലെ പഞ്ചായത്ത് ദിനാഘോഷം പാലക്കാട് വച്ച് നടത്തുവാനും 2013-14 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്നവർ എക്സ് ഒഫീഷ്യോ അംഗങ്ങളായി കമ്മിറ്റി രൂപീകരിച്ചും ഉത്തരവായി.

| | | |
|---|---|---|
| 1. | പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | ചെയർമാൻ |
| 2. | സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | മെമ്പർ |
| 3. | നഗരകാര്യ ഡയറക്ടർ | മെമ്പർ |
| 4. | ഗ്രാമവികസന കമ്മീഷണർ | മെമ്പർ |
| 5. | മെമ്പർ (ഡീ സെൻട്രലൈസ്ഡ് പ്ലാനിംഗ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്) | മെമ്പർ |
| 6. | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ | മെമ്പർ |
| 7. | എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ | മെമ്പർ |
| 8. | സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ | മെമ്പർ |
| 9. | പഞ്ചായത്ത് ഡയറക്ടർ | കൺവീനർ |

സ.ഉ. (സാധാ) നം. 82/2015/തസ്വഭവ, തീയതി: 09-01-2015

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by A. Sayeed, Director of Panchayats (i/c), Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram




# നിലവിലുള്ള സ്കൂൾ ടോയ്‌ലറ്റുകളെ ചുരുങ്ങിയ ചിലവിൽ ഗേൾ ഫ്രണ്ട്‌ലി ടോയ്‌ലറ്റാക്കാം




Poshvend

## പോഷ് വെന്റ്

പെൺകുട്ടികൾ ഇന്ന് സാധാരണയായി ഒമ്പത് വയസ്സാകുമ്പോഴേക്കും ഋതുമതിയാവുകയാണ്, ആർത്തവമുണ്ടാകുന്ന സമയത്ത് ഉപയോഗിക്കേണ്ട നാപ്കിൻ പാഡ് എവിടെന്ന് ലഭിക്കുമെന്ന് അറിയില്ലെന്ന് മാത്രമല്ല മുതിർന്നവരോട് പറയാനുള്ള അപകർഷതാബോധവും.

പെൺകുട്ടികളിൽ നല്ലൊരു ശതമാനവും ഒറ്റ നാപ്കിനാണ് പഠനം കഴിഞ്ഞ് തിരിച്ച് വീട്ടിൽ എത്തുന്നത് വരെ ഉപയോഗിക്കുന്നത്, ഇത് ഗുരുതരമായ രോഗങ്ങൾക്ക് കാരണമാകുന്നു, ഈ സമയത്താണ്, സ്ത്രീകൾ പ്രാഥമിക കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ പോഷ് വെന്റ് സ്ഥാപിച്ചാൽ ആവശ്യമുള്ളവർക്ക് മെഷീനിലേക്ക് കോയിൻ നിക്ഷേപിച്ചാൽ നാപ്കിൻ ലഭിക്കാനുള്ള സംവിധാനമാണ് പോഷ് വെന്റ് ഒരുക്കുന്നത്.

## പോഷ് ബേൺ

ആർത്തവസമയത്ത് സ്ത്രീകൾ ഉപയോഗിക്കുന്ന നാപ്കിൻ പലപ്പോഴും സ്ത്രീകൾ ഇടപഴകുന്ന സ്ഥലങ്ങളിലെ ടോയ്‌ലറ്റുകളിൽ അശ്രദ്ധമായി വലിച്ചെറിയുന്നതിലൂടെ ടോയ്‌ലറ്റുകളിലെ പൈപ്പുകൾ അടയുന്നത് കാരണം സ്ഥാപന മേധാവികൾക്കും ശുചീകരണത്തിൽ ഏർപ്പെടുന്ന തൊഴിലാളികൾക്കും എന്നും ഈ വസ്തുത തലവേദനയാണ്. ഇതിന് പരിഹാരമായി സ്ത്രീകൾ ഉപയോഗിക്കുന്ന ടോയ്‌ലറ്റുകളിൽ പോഷ് ബേൺ സ്ഥാപിച്ചാൽ ഉപയോഗിച്ച നാപ്കിൻ പോഷ് ബേണിൽ നിക്ഷേപിക്കുന്നതോട് കൂടി നിമിഷനേരം കൊണ്ട് നാപ്കിൻ നശിപ്പി ക്കപ്പെടും.




Poshburn micro




Poshburn macro

**No. 1 napkin pad vending & destroyer machine in India**

MARIA hygiene solution

*Address:*
Punna Residency, Near Calicut International Airport
Kerala. Pin – 673647
**Email : info@mariasolution.com**
+91 9539473004, 9072053004

avas: 9947351474

**PANCHAYATRAJ** (Monthly) **January 2015**
Annual Subscription ₹120/-, Published on 20th **January 2015**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**

www.ammini.com

ammini
partnering with tomorrow

# ഹൈമാസ്റ്റ്ലൈറ്റുകൾ സൗരോർജ്ജത്തിൽ..

## AMMINI SOLAR Introduces..

# GreenMast

## *SOLAR LED MAST LIGHTS*



**Different Models**
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

### Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

MSME National Award for Quality Products

STQC Certification
ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

## അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

*For more details:1800 300 00 600 (TOLL FREE)*

Printed & Published by A. Sayeed, Director (i/c), Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: A. Sayeed